## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025 –ലെ യോഗത്തിന്റെ നടപടി വിവരം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1. | പദ്ധതി പുരോഗതി അവലോകനം | 4 |
| 2 | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023, 13.08.2024, 16.10.2024, 05.12.2024, 30.01.2025, 27.03.2025, 24.04.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 7 |
| 2.1 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 –ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 7 |
| 3.2 | ആംബുലൻസ് | 7 |
| 2.2 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 –ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 13 |
| 3.2 | അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം | 13 |
| 3.5 | ജലസ്രോതസ്സുകളുടെ പരിപാലനം | 17 |
| 2.3 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 19 |
| 3.2 | സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് | 19 |
| 4.2 | പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് | 19 |
| 2.4 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 20 |
| 3.5 | ഏകാംഗ കുടുംബത്തിന് വീട് നിർമ്മാണം | 20 |
| 4.15 | ഉള്ളിയേരി ഗ്രാമപഞ്ചായത്ത് | 21 |
| 4.16 | കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ – മലപ്പുറം ജില്ലാ കമ്മിറ്റി | 22 |
| 4.23 | പുറമേരി ഗ്രാമപഞ്ചായത്ത് | 23 |
| 2.5 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 23 |
| **3.1** | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം | 23 |
| 4.10 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 24 |
| 4.38 | കൊണ്ടോട്ടി നഗരസഭ | 25 |
| 2.6 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025 യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 25 |
| **3.2** | കേന്ദ്രാവിഷ്കൃത പദ്ധതി | 25 |
| 4.24 | കൊടകര ബ്ലോക്ക് പഞ്ചായത്ത് | 26 |
| 4.42 | കോതമംഗലം ബ്ലോക്ക്പഞ്ചായത്ത് | 26 |
| 4.43 | അരക്കുഴ ഗ്രാമപഞ്ചായത്ത് | 27 |
| 2.7 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025 യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 28 |
| 4.3 | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 28 |
| 4.7 | കണ്ണൂർ ജില്ലാപഞ്ചായത്ത് | 29 |
| 4.9 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 29 |
| 4.22 | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി – കെയർഫണ്ട് | 32 |
| 4.31 | കുത്തുപറമ്പ് നഗരസഭ | 33 |
| 4.40 | എറണാകുളം ജില്ലാ പഞ്ചായത്ത് | 35 |
| 4.47 | മണിയൂർ ഗ്രാമപഞ്ചായത്ത് | 36 |
| 3 | പൊതുവിഷയം | 36 |
| 3.1 | സംയുക്ത പ്രോജക്ടുകൾ | 36 |
| 3.2 | ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ | 37 |
| 3.3 | ക്ഷീരകർഷകർക്ക് വൈക്കോലിനും തീറ്റപ്പുല്ലിനും ധനസഹായം | 37 |
| 3.4 | വാർഷിക പദ്ധതി ഭേദഗതി | 38 |

| | | |
|---|---|---|
| 3.5 | കൃഷി ഫാമുകൾ | 38 |
| 3.6 | മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് | 38 |
| 4. | പ്രത്യേക വിഷയം | 38 |
| 4.1 | Kerala Development And Innovation Strategic Council ( K-Disc) | 38 |
| 4.2 | Kerala Development And Innovation Strategic Council ( K-Disc) | 39 |
| 4.3 | Kerala Development And Innovation Strategic Council ( K-Disc) | 42 |
| 4.4 | പൊന്മള ഗ്രാമപഞ്ചായത്ത് | 45 |
| 4.5 | ഉളിക്കൽ ഗ്രാമപഞ്ചായത്ത് | 46 |
| 4.6 | വെള്ളനാട് ഗ്രാമപഞ്ചായത്ത് | 46 |
| 4.7 | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 47 |
| 4.8 | എറണാകുളം ജില്ലാ പഞ്ചായത്ത് | 47 |
| 4.9 | മൂന്നിലവ് ഗ്രാമപഞ്ചായത്ത് | 47 |
| 4.10 | അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | 48 |
| 4.11 | അമ്പലവയൽ ഗ്രാമപഞ്ചായത്ത് | 49 |
| 4.12 | മങ്കട ബ്ലോക്ക് പഞ്ചായത്ത് | 49 |
| 4.13 | കേരള ഖാദി വ്യവസായ ബോർഡ് | 50 |
| 4.14 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | 50 |
| 4.15 | ടെക്നോളജി ആന്റ് ഗവേണൻസ് സപ്പോർട്ട് ഫോറം | 51 |
| 4.16 | പിറവന്തൂർ ഗ്രാമപഞ്ചായത്ത് | 51 |
| 4.17 | വയലാർ ഗ്രാമപഞ്ചായത്ത് | 52 |
| 4.18 | താനാളൂർ ഗ്രാമപഞ്ചായത്ത് | 52 |
| 4.19 | കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് | 53 |
| 4.20 | കടപ്പുറം ഗ്രാമപഞ്ചായത്ത് | 53 |
| 4.21 | മണക്കാട് ഗ്രാമപഞ്ചായത്ത് | 54 |
| 4.22 | പന്തളം ബ്ലോക്ക് പഞ്ചായത്ത് | 54 |
| 4.23 | ചങ്ങനാശ്ശേരി നഗരസഭ | 55 |
| 4.24 | ചങ്ങനാശ്ശേരി നഗരസഭ | 55 |
| 4.25 | JOB CAFE | 56 |
| 4.26 | ഏഴോം ഗ്രാമപഞ്ചായത്ത് | 56 |
| 4.27 | എറണാകുളം ജില്ലാ പഞ്ചായത്ത് | 57 |
| 4.28 | കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി | 57 |
| 4.29 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 58 |
| 4.30 | വെളിയം ഗ്രാമപഞ്ചായത്ത് | 59 |
| 4.31 | കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | 59 |
| 4.32 | മങ്കട ബ്ലോക്ക് പഞ്ചായത്ത് | 60 |
| 4.33 | മങ്കട ബ്ലോക്ക് പഞ്ചായത്ത് | 60 |
| 4.34 | അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | 61 |
| 4.35 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 61 |
| 4.36 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 61 |
| 4.37 | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | 62 |
| 4.38 | എറണാകുളം ജില്ലാ പഞ്ചായത്ത് | 62 |
| 4.39 | എറണാകുളം ജില്ലാ പഞ്ചായത്ത് | 63 |
| 4.40 | വോർക്കാടി ഗ്രാമപഞ്ചായത്ത് | 63 |
| 4.41 | ചവറ ബ്ലോക്ക് പഞ്ചായത്ത് | 64 |
| 4.42 | നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | 64 |
| 4.43 | തിരുവനന്തപുരം കോർപ്പറേഷൻ | 65 |
| 4.44 | പൂതക്കുളം ഗ്രാമപഞ്ചായത്ത് | 65 |
| 4.45 | ഏറാമല ഗ്രാമപഞ്ചായത്ത് | 66 |
| 4.46 | കടലുണ്ടി ഗ്രാമപഞ്ചായത്ത് | 66 |

| | | |
|---|---|---|
| 4.47 | മൃഗസംരക്ഷണ വകുപ്പ് | 67 |
| 4.48 | പനങ്ങാട് ഗ്രാമപഞ്ചായത്ത് | 67 |
| 4.49 | വണ്ടൂർ ബ്ലോക്ക്പഞ്ചായത്ത് | 68 |
| 4.50 | മൂന്നാർ ഗ്രാമപഞ്ചായത്ത് | 68 |
| 4.51 | ദേവികുളം ഗ്രാമപഞ്ചായത്ത് | 69 |
| 4.52 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 69 |
| 4.53 | കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 70 |
| 4.54 | തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | 71 |
| 4.55 | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | 71 |
| 4.56 | കൈപ്പറമ്പ ഗ്രാമപഞ്ചായത്ത് | 71 |
| 4.57 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് –മഹാദേവിക്കാട് പ്രിയദർശിനി മെമ്മോറിയൽ സംയോജിത കയർ വ്യവസായ സഹകരണസംഘം | 72 |
| 4.58 | കൈനകരി ഗ്രാമപഞ്ചായത്ത് | 73 |
| 4.59 | കൊല്ലം കോർപ്പറേഷൻ | 73 |
| 4.60 | കൊല്ലം കോർപ്പറേഷൻ | 74 |
| 4.61 | ആലക്കോട് ഗ്രാമപഞ്ചായത്ത് | 74 |
| 4.62 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 75 |
| 4.63 | അഴുത ബ്ലോക്ക് പഞ്ചായത്ത് | 75 |
| 4.64 | തിരുവനന്തപുരം ജില്ലാപഞ്ചായത്ത് | 76 |
| 4.65 | ആറളം ഗ്രാമപഞ്ചായത്ത് | 76 |
| 4.66 | നെല്ലായ ഗ്രാമപഞ്ചായത്ത് | 77 |
| 4.67 | ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 78 |

No./90/2025/SRG/LSGD/CC(2)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06. 2025ന നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സെക്രട്ടേറിയറ്റ് അനക്സ് II വിലെ 'ലയം' ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. പദ്ധതി പുരോഗതി അവലോകനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വർഷത്തെ ആകെ പദ്ധതി ചെലവ് 87.66 ശതമാനമാണ്. ട്രഷറിയിൽ സമർപ്പിക്കപ്പെട്ട പെന്റിംഗ് ബിൽ കൂടി ചേർത്താൽ 88.01 ശതമാനമാണ് പദ്ധതി ചെലവ്. 27.71 കോടി രൂപയുടെ 242 ബില്ലുകളാണ് പെന്റിംഗ് ആയി ഉണ്ടായിരുന്നത്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ 39.87 കോടി രൂപയുടെ 305 ബില്ലുകൾ പെന്റിംഗ് ആയി ഉണ്ട്.

**പട്ടിക 1**

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വർഷത്തെ പദ്ധതി പുരോഗതി (31.03.2025 വരെ)**

**(ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | General | SCP | TSP | CFC | | ആകെ |
|---|---|---|---|---|---|---|---|
| | | | | | അൺടൈഡ് | ടൈഡ് | |
| 1 | ഗ്രാമ പഞ്ചായത്ത് | 95.77 | 90.46 | 89.24 | 91.98 | 78.94 | 91.92 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 93.73 | 86.82 | 85.19 | 92.07 | 84.21 | 90.38 |
| 3 | ജില്ലാ പഞ്ചായത്ത് | 81.59 | 73.55 | 79.00 | 96.95 | 80.16 | 80.70 |
| 4 | മുനിസിപ്പാലിറ്റി | 88.55 | 84.04 | 89.39 | 89.47 | 83.57 | 86.73 |
| 5 | കോർപ്പറേഷൻ | 84.67 | 70.54 | 13.87 | 00 | 56.21 | 74.93 |
| 6 | ആകെ | 91.65 | 85.09 | 85.14 | 92.00 | 75.97 | 87.66 |

**പട്ടിക 2**

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | | | | |
|---|---|---|---|---|---|
| 1 | മലപ്പുറം | 94.76 | 8 | എറണാകുളം | 87.51 |
| 2 | ആലപ്പുഴ | 93.57 | 9 | കോഴിക്കോട് | 87.35 |
| 3 | കാസർഗോഡ് | 90.29 | 10 | കൊല്ലം | 84.78 |
| 4 | കോട്ടയം | 90.00 | 11 | വയനാട് | 83.97 |
| 5 | തൃശ്ശൂർ | 89.48 | 12 | തിരുവനന്തപുരം | 83.01 |
| 6 | പാലക്കാട് | 88.25 | 13 | പത്തനംതിട്ട | 82.41 |
| 7 | കണ്ണൂർ | 88.12 | 14 | ഇടുക്കി | 77.87 |

**പട്ടിക 3**

**ഫണ്ടിന്റെ വിഭാഗം തിരിച്ചുള്ള ചെലവ് (ശതമാനം)**

| ജനറൽ | എസ്.സി.പി | റ്റി.എസ്.പി | സി.എഫ്.സി | | Total |
|---|---|---|---|---|---|
| | | | Tied | Untied | |
| 91.65 | 85.09 | 85.14 | 75.97 | 92.00 | 87.66 |

**പട്ടിക 4**

**പുതിയ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളും തിരിച്ചുള്ള ചെലവ് (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനം | പുതിയ പ്രോജക്ടുകൾ | സ്പിൽഓവർ പ്രോജക്ടുകൾ | ആകെ |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 68.02 | 23.89 | 91.92 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 64.09 | 26.29 | 90.38 |
| 3 | ജില്ലാ പഞ്ചായത്ത് | 46.99 | 33.72 | 80.7 |
| 4 | മുനിസിപ്പാലിറ്റി | 53.9 | 31.44 | 85.34 |
| 5 | കോർപ്പറേഷൻ | 40.31 | 42.09 | 82.4 |
| 6 | നഗരസഞ്ചയം | 24.9 | 39.85 | 64.75 |
| | **ആകെ** | **60.73** | **26.93** | **87.66** |

**പട്ടിക 5**

**മുൻ വർഷങ്ങളിൽ മാർച്ച് 31 വരെയുള്ള ചെലവ് (ശതമാനം)**

| വർഷം | മാർച്ച് 31 വരെ |
|---|---|
| 2014-15 | 68.21 |
| 2015-16 | 73.61 |
| 2016-17 | 67.08 |
| 2017-18 | 85.44 |
| 2018-19 | 84.74 |
| 2019-20 | 55.87 |
| 2020-21 | 95.21 |
| 2021-22 | 88.12 |
| 2022-23 | 85.28 |
| 2023-24 | 71.52 |
| 2024-25 | 87.66 |

**പട്ടിക 6**

**വകുപ്പുതലം/നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവിന്റെ വിവരം**

**(ക്യാരി ഓവർ തുക ഉൾപ്പെടെ) - രൂപ ലക്ഷം**

| വകുപ്പ്/ നിർവ്വഹണ ഉദ്യോഗസ്ഥൻ | | വികസനണ്ട് | ആകെ പ്രോജക്റ്റ് അടങ്കൽ | വികസനഫണ്ട് ചെലവ് | ആകെ ചെലവ് | വികസനഫണ്ട് ചെലവ് ശതമാനം | ആകെ ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | ക്ഷീര വികസനം | 11640.37 | 23301.86 | 10545.51 | 15457.91 | 90.59 | 66.34 |
| 2 | കൃഷി വകുപ്പ് | 44591.69 | 73835.41 | 38731.12 | 50061.65 | 86.86 | 67.80 |
| 3 | ആയുർവേദം | 2608.48 | 16426.19 | 2255.33 | 15395.80 | 86.46 | 93.73 |
| 4 | സിദ്ധ | 14.42 | 77.67 | 12.45 | 74.20 | 86.34 | 95.53 |
| 5 | ഹോമിയോ | 429.52 | 4734.58 | 367.99 | 4347.67 | 85.67 | 91.83 |
| 6 | ആരോഗ്യം | 29491.27 | 76939.92 | 24575.17 | 63071.50 | 83.33 | 81.98 |
| 7 | സാമൂഹ്യക്ഷേമ/ വനിതാ ശിശുവികസന വകുപ്പ് | 66027.42 | 112296.60 | 53101.02 | 81350.83 | 80.42 | 72.44 |
| 8 | മൃഗസംരക്ഷണം | 22206.93 | 43409.71 | 17453.50 | 28928.81 | 78.59 | 66.64 |
| 9 | വിദ്യാഭ്യാസം | 19023.02 | 34490.73 | 14910.41 | 25338.42 | 78.38 | 73.46 |
| 10 | തദ്ദേശഭരണ വകുപ്പ് | 428540.14 | 1469008.13 | 315428.41 | 494092.6 | 73.60 | 33.63 |
| 11 | പട്ടികജാതി വികസന വകുപ്പ് | 20533.64 | 20978.81 | 14996.68 | 15210.86 | 73.03 | 72.51 |
| 12 | ഫിഷറീസ് | 3766.10 | 5209.35 | 2627.63 | 2875.83 | 69.77 | 55.21 |
| 13 | ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് | 155.89 | 162.89 | 106.67 | 112.78 | 68.43 | 69.24 |
| 14 | പട്ടിക വർഗ്ഗ വികസന വകുപ്പ് | 1567.92 | 1631.75 | 882.35 | 911.43 | 56.28 | 55.86 |

| 15 | ഇൻഡസ്ട്രീസ് & കോമേഴ്സ് | 6420.33 | 10461.30 | 3299.95 | 3445.00 | 51.40 | 32.93 |
|---|---|---|---|---|---|---|---|
| 16 | തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗം | 368730.00 | 1073847.00 | 178886.00 | 501102.40 | 48.51 | 46.66 |
| 17 | സോയിൽ കൺസർവേഷൻ | 2186.14 | 2391.28 | 955.46 | 1009.65 | 43.71 | 42.22 |

**പട്ടിക 7**

**വികസനഫണ്ടിൽ ഓരോ വിഭാഗത്തിന്റേയും ജില്ല തിരിച്ചുള്ള ചെലവ് – CFC ഒഴികെ (ശതമാനം)**
**ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്**

| ക്രമ നം | ജില്ലയുടെ പേര് | ജില്ലാ പഞ്ചായത്ത് | | | ബ്ലോക്ക് പഞ്ചായത്ത് | | | ഗ്രാമപഞ്ചായത്ത് | | |
|---|---|---|---|---|---|---|---|---|---|---|
| | | ജനറൽ | എസ്.സി.പി | റ്റി.എസ് .പി | ജനറൽ | എസ്.സി.പി | റ്റി.എസ്.പി | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
| 1 | തിരുവനന്തപുരം | 79.41 | 58.92 | 76.56 | 96.41 | 91.81 | 86.00 | 96.83 | 90.56 | 96.73 |
| 2 | കൊല്ലം | 90.61 | 57.67 | 88.91 | 95.44 | 88.77 | 83.73 | 95.36 | 91.32 | 90.21 |
| 3 | പത്തനംതിട്ട | 68.67 | 64.56 | 63.39 | 91.64 | 83.59 | 78.02 | 94.48 | 83.63 | 86.18 |
| 4 | ആലപ്പുഴ | 82.45 | 66.08 | 100.00 | 99.04 | 85.44 | 67.73 | 98.62 | 93.85 | 88.34 |
| 5 | കോട്ടയം | 75.29 | 76.20 | 100.00 | 94.69 | 85.17 | 96.55 | 97.71 | 89.67 | 93.95 |
| 6 | ഇടുക്കി | 55.45 | 69.55 | 75.17 | 72.72 | 69.53 | 74.04 | 88.35 | 82.85 | 89.09 |
| 7 | എറണാകുളം | 91.40 | 90.45 | 85.56 | 98.53 | 85.94 | 90.95 | 94.93 | 84.05 | 83.54 |
| 8 | തൃശ്ശൂർ | 74.11 | 73.38 | 98.66 | 96.77 | 85.77 | 96.22 | 96.64 | 94.49 | 82.15 |
| 9 | പാലക്കാട് | 69.52 | 82.71 | 43.54 | 90.77 | 91.95 | 83.88 | 92.48 | 89.38 | 78.90 |
| 10 | മലപ്പുറം | 96.33 | 94.19 | 104.81 | 95.24 | 88.34 | 95.79 | 96.72 | 96.65 | 84.04 |
| 11 | കോഴിക്കോട് | 87.14 | 69.44 | 60.17 | 96.52 | 95.00 | 91.96 | 97.78 | 92.19 | 84.65 |
| 12 | വയനാട് | 69.42 | 48.69 | 79.02 | 82.53 | 67.57 | 81.57 | 94.06 | 90.58 | 91.60 |
| 13 | കണ്ണൂർ | 93.41 | 73.48 | 99.96 | 97.57 | 78.08 | 82.40 | 98.16 | 95.60 | 92.03 |
| 14 | കാസർഗോഡ് | 92.19 | 85.76 | 99.85 | 92.09 | 88.64 | 99.57 | 96.54 | 86.77 | 94.01 |

**പട്ടിക 7 (തുടർച്ച)**

**മുനിസിപ്പാലിറ്റി**

| ക്രമ നമ്പർ | ജില്ലയുടെ പേര് | മുനിസിപ്പാലിറ്റി | | |
|---|---|---|---|---|
| | | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
| 1 | തിരുവനന്തപുരം | 93.91 | 80.77 | 18.18 |
| 2 | കൊല്ലം | 80.32 | 69.27 | 36.26 |
| 3 | പത്തനംതിട്ട | 81.89 | 77.36 | 26.40 |
| 4 | ആലപ്പുഴ | 87.70 | 84.55 | 66.79 |
| 5 | കോട്ടയം | 71.87 | 88.04 | 96.11 |
| 6 | ഇടുക്കി | 82.98 | 93.12 | 81.42 |
| 7 | എറണാകുളം | 85.13 | 86.88 | 78.26 |
| 8 | തൃശ്ശൂർ | 95.59 | 88.88 | 0.00 |
| 9 | പാലക്കാട് | 93.87 | 89.96 | 92.48 |
| 10 | മലപ്പുറം | 92.29 | 84.28 | 40.13 |
| 11 | കോഴിക്കോട് | 90.44 | 84.08 | 32.94 |
| 12 | വയനാട് | 90.30 | 84.92 | 96.15 |
| 13 | കണ്ണൂർ | 91.23 | 79.97 | 82.58 |
| 14 | കാസർഗോഡ് | 85.20 | 66.87 | 77.34 |

പട്ടിക 7 (തുടർച്ച)

**കോർപ്പറേഷൻ**

| ക്രമ നമ്പർ | കോർപ്പറേഷന്റെ പേര് | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 78.27 | 63.23 | 0.00 |
| 2 | കൊല്ലം | 90.19 | 67.87 | 2.32 |
| 3 | എറണാകുളം | 96.80 | 86.78 | 26.24 |
| 4 | തൃശ്ശൂർ | 96.99 | 86.56 | 0.00 |
| 5 | കോഴിക്കോട് | 80.42 | 71.23 | 0.00 |
| 6 | കണ്ണൂർ | 74.02 | 78.75 | 3.36 |

തീരുമാനം:-പദ്ധതി പുരോഗതി അവലോകനം ചെയ്യവേ താഴെപ്പറയുന്നവ പ്രത്യേകം പരിശോധിക്കാനും ഇതിന്മേൽ വിശദമായ റിപ്പോർട്ട് നൽകാനും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

(i) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രത്യേക ഘടക പദ്ധതി ( SCP) പട്ടികവർഗ്ഗ ഉപപദ്ധതി (TSP) ചെലവ് ശതമാനം പൊതുവിഭാഗം ചെലവിനേക്കാൾ കുറവാണ്. ഇത് പ്രത്യേകമായി പരിശോധിച്ച് കാരണം കണ്ടെത്തണം. ഒപ്പം SCP, TSP ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വിശദമായി പരിശോധിക്കണം.

(ii) തിരുവനന്തപുരം കോർപ്പറേഷൻ കഴിഞ്ഞ വർഷം TSP വിഹിതമായി ലഭിച്ച തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. അതുപോലെ മറ്റ് കോർപ്പറേഷനുകളിലും TSP വിഹിതത്തിന്റെ ചെലവ് വളരെ കുറവാണ്. ഇത് പ്രത്യേകം പരിശോധിക്കണം.

(iii) തിരുവനന്തപുരം കോർപ്പറേഷനിൽ TSP വിഹിതം ചെലവഴിക്കുന്നതിനും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ബുദ്ധിമുട്ടുണ്ട് എന്ന് മുൻപ് കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തിയിരുന്നു. ഇതിന് പരിഹാരമെന്നോണം TSP ഫണ്ടുപയോഗിച്ച് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പൊതു ആവശ്യത്തിന് ഉപയോഗിക്കാവുന്ന ഹോസ്റ്റൽ പോലുള്ള സൗകര്യമൊരുക്കുന്നതിന്റെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നതാണ്. ഇതിന്മേൽ കോർപ്പറേഷൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ സംബന്ധിച്ച് പരിശോധിക്കണം. മറ്റ് നഗരസഭാ സ്ഥാപനങ്ങളിലും TSP വിഹിതത്തിന്റെ ചെലവ് കുറവായതിനാൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രയോജനപ്പെടുന്ന പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ സാധ്യത പരിശോധിക്കണം. ഇവ പ്രത്യേകം പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുൻപ് റിപ്പോർട്ട് നൽകണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2. <u>വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023, 13.08.2024, 16.10.2024, 05.12.2024, 30.01.2025, 27.03.2025, 24.04.2025 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ന് കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.1 ഖണ്ഡിക 3.2</u>**

**<u>ആംബുലൻസ്</u>**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം (ഖണ്ഡിക 3.10) പ്രകാരം കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആംബുലൻസിന്റെ വിവരം പുതുക്കിയ പ്രൊഫോർമയിൽ എടുക്കാൻ യോഗം തീരുമാനിച്ചു.

ആംബുലൻസുകളുടെ എണ്ണമടക്കമുള്ള വിവരങ്ങൾ ശേഖരിച്ച് നിലവിലെ ആംബുലൻസുകളുടെ പരിപാലനം, പുതിയത് ആവശ്യമുള്ള പ്രദേശത്ത് എങ്ങനെ വാങ്ങാം/ലഭ്യമാക്കാം എന്നതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ താഴെപ്പറയും പ്രകാരം കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| ആരോഗ്യ വകുപ്പ് ഡയറക്ടർ | കൺവീനർ |
| ശ്രീമതി. ജോൽസന മോൾ<br>(ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്) | കോ കൺവീനർ |
| ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| ട്രാൻസ്പോർട്ട് കമ്മീഷണർ | അംഗം |
| കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ<br>മാനേജിംഗ് ഡയറക്ടർ | അംഗം |
| എസ്.ആർ.ജി കൺവീനർ | അംഗം |

മുകളിൽ പറഞ്ഞ കമ്മിറ്റി കൂടി റിപ്പോർട്ട് നൽകിയിട്ടില്ല എങ്കിലും 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

പ്രിൻസിപ്പൽ ഡയറക്ടർ 04.01.2024-ന് നൽകിയ റിപ്പോർട്ട്

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസുകൾ സംബന്ധിച്ച വിവരം

| **ക്രമ നം** | **ജില്ല** | **തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് (എണ്ണം)** | | | | | **PHC/FHCയുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം)** | **CHC യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം)** | **താലൂക്ക്, ജനറൽ ജില്ലാ ആശുപത്രി യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം)** |
|---|---|---|---|---|---|---|---|---|---|
| | | GP | BP | DP | Mty | Cor | | | |
| 1 | തിരുവനന്തപുരം | 24 | 1 | | 4 | 12 | 39 | 27 | 12 |
| 2 | കൊല്ലം | 14 | | | 3 | 2 | 13 | 12 | 17 |
| 3 | പത്തനംതിട്ട | 6 | | | 1 | | 18 | 11 | 15 |
| 4 | ആലപ്പുഴ | 5 | 1 | | 4 | | 5 | 12 | 25 |
| 5 | കോട്ടയം | 36 | | | 5 | | 10 | 3 | 8 |
| 6 | ഇടുക്കി | 10 | 5 | | 1 | | 17 | 12 | 7 |
| 7 | എറണാകുളം | 43 | 1 | | 12 | | 16 | 3 | 9 |
| 8 | തൃശ്ശൂർ | 27 | 3 | | 4 | | 12 | 7 | 15 |
| 9 | പാലക്കാട് | 23 | 2 | | | | 8 | 10 | 7 |
| 10 | മലപ്പുറം | 4 | 2 | | 1 | | 12 | 6 | 15 |
| 11 | കോഴിക്കോട് | 16 | | | 1 | 2 | 26 | 2 | 12 |
| 12 | വയനാട് | 5 | 1 | | 2 | | 6 | 8 | 10 |
| 13 | കണ്ണൂർ | 7 | 1 | | 2 | | 4 | 9 | 20 |
| 14 | കാസർഗോഡ് | 9 | 2 | | | | 3 | 5 | 6 |
| **ആകെ** | | **229** | **19** | | **40** | **16** | **189** | **127** | **178** |

ആകെ ആംബുലൻസുകളുടെ എണ്ണം 798

ആംബുലൻസ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകിയ വിവരങ്ങളുടെ സംക്ഷിപ്ത രൂപം താഴെപറയും പ്രകാരമാണ്.

| Sl No | Name of District | Number of Institutions without Ambulances | District-wise Percentage in Total number of Institutions without ambulances |
|---|---|---|---|
| 1 | Thiruvananthapuram | 21 | 3.41 |
| 2 | Kollam | 31 | 5.04 |
| 3 | Pathanamthitta | 20 | 3.25 |
| 4 | Alappuzha | 70 | 11.38 |
| 5 | Kottayam | 27 | 4.39 |
| 6 | Idukki | 21 | 3.41 |
| 7 | Ernakulam | 79 | 12.84 |
| 8 | Thrissur | 78 | 12.68 |
| 9 | Palakkad | 78 | 12.68 |
| 10 | Malappuram | 40 | 6.50 |
| 11 | Kozhikkod | 42 | 6.82 |
| 12 | Wayanad | 23 | 3.73 |
| 13 | Kannur | 42 | 6.82 |
| 14 | Kasargod | 43 | 6.99 |
| | **Total** | **615** | **100** |

മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ യോഗം 08.01.2024-ന കൂടാൻ തീരുമാനിച്ചിട്ടുണ്ടെന്നും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് ഉടനെ നൽകുമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

<u>04.01.2024 ലെ തീരുമാനം:-</u> ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ആംബുലൻസിന്റെ വിവരങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. സ്വകാര്യ മേഖല/സന്നദ്ധ സംഘടനകൾ/മറ്റു സ്ഥാപനങ്ങൾ എന്നിവരുടെ നിയന്ത്രണത്തിലുള്ള ആംബുലൻസുകളും പൊതുജനങ്ങളുടെ സേവനത്തിന് ലഭ്യമാകും എന്ന് യോഗം വിലയിരുത്തി. ഇതടക്കം എത്ര ആംബുലൻസുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ലഭ്യമാകും എന്ന വിവരം കൂടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ കൂടി അഭിപ്രായം തേടി വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകണം. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇത്തരം സാഹചര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

<u>13.08.2024-ൽ നൽകിയ റിപ്പോർട്ട്:</u> ട്രാൻസ്പോർട്ട് കമ്മീഷണറോട് റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

അതിനാൽ സ്വകാര്യ മേഖല/NGO/സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വിവരങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്ന് ശേഖരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഇതനുസരിച്ച് ട്രാൻസ്സ്പോർട്ട് കമ്മീഷണർ തയ്യാറാക്കിയ റിപ്പോർട്ട് 16.10.2024-ലെ യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നൽകി.

<u>16.10.2024-ൽ നൽകിയ റിപ്പോർട്ട്:-</u> കേരളത്തിൽ ആകെ 9883 ആംബുലൻസാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. ഇതിൽ വാഹൻ പോർട്ടൽ റിപ്പോർട്ട് പ്രകാരം 6507 വാഹനങ്ങൾക്കു മാത്രമേ Certificate of Fitness ഉള്ളൂ. ഈ വാഹനങ്ങൾക്കു മാത്രമേ നിരത്തിൽ ഇറങ്ങാൻ കഴിയൂ.

<u>16.10.2024-ലെ തീരുമാനം:-</u> ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയ ലിസ്റ്റും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ആരോഗ്യവകുപ്പ് ഡയറക്ടർ 04.01.2024 ന് നൽകിയ ലിസ്റ്റും മുകളിൽ പറഞ്ഞ ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറായ കമ്മിറ്റി പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുൻപ് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

30.01.2025 ന് നൽകിയ റിപ്പോർട്ട് :- ആംബുലൻസ് സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ വകുപ്പും മോട്ടോർ വെഹിക്കിൾ വകുപ്പും റിപ്പോർട്ട് നൽകിയെങ്കിലും ഇവയിൽ സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ നിയന്ത്രണമുള്ളത് (പബ്ലിക്) എത്രയാണ്, സ്വകാര്യ ഉടമസ്ഥതയിൽ എത്രയാണ് എന്ന് തരംതിരിക്കാൻ കഴിയില്ല. വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ വിവരങ്ങൾ ആണ് ലഭിച്ചത്. ദേശീയ മാനദണ്ഡമനുസരിച്ച് ഓരോ ലക്ഷം ജനസംഖ്യയ്ക്കും ഒരു BLS ആംബുലൻസും ഓരോ 5.00 ലക്ഷം ജനസംഖ്യയ്ക്കും ഒരു ALS ആംബുലൻസും വേണം.

## Number of Ambulance Registered under RTO

### Table I

| District | No of LSGIs (GP, Municipality, Corporation) | No. of Ambulances Registered under RTO | Avg. No of Ambulances Per LSGIs (considering that the registered vehicles are available in the district) | 2023 Projected population of the district (During 2023) | Population lakhs | No of ambulances per lakh population ( column 3/6) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| TVM | 78 | 1771 | 23 | 34,29,192 | 34 | 52 |
| KLM | 73 | 688 | 9 | 27,37,364 | 27 | 25 |
| PTA | 57 | 407 | 7 | 12,43,752 | 12 | 33 |
| ALP | 78 | 477 | 6 | 22,10,134 | 22 | 22 |
| KTM | 77 | 595 | 8 | 20,50,966 | 21 | 29 |
| IDK | 54 | 327 | 6 | 11,57,891 | 12 | 28 |
| EKM | 96 | 1189 | 12 | 34,09,416 | 34 | 35 |
| TSR | 94 | 824 | 9 | 32,41,990 | 32 | 25 |
| PKD | 95 | 550 | 6 | 29,18,678 | 29 | 19 |
| MPM | 106 | 738 | 7 | 42,72,090 | 43 | 17 |
| KKD | 78 | 835 | 11 | 32,05,733 | 32 | 26 |
| WND | 26 | 220 | 8 | 8,49,054 | 8 | 26 |
| KNR | 81 | 507 | 6 | 26,20,643 | 26 | 19 |
| KSD | 41 | 207 | 5 | 13,57,970 | 14 | 15 |
| **TOTAL** | **1034** | **9335** | **9** | **3,46,98,873** | **346** | **27** |

Table II

Total Ambulance Owned by DHS, DME, 108 and LSGIs

| Total Ambulances | | | | | LSGIs | Total |
|---|---|---|---|---|---|---|
| Dist | Population lakhs | DHS | DME | 108 | | |
| TVM | 34 | 58 | 7 | 28 | 41 | 134 |
| KLM | 27 | 42 | 2 | 21 | 19 | 84 |
| PTA | 12 | 47 | 1 | 15 | 7 | 70 |
| ALP | 22 | 28 | 4 | 18 | 10 | 60 |
| KTM | 21 | 20 | 8 | 17 | 41 | 86 |
| IDK | 12 | 31 | 3 | 15 | 16 | 65 |
| EKM | 34 | 47 | 4 | 32 | 56 | 139 |
| TSR | 32 | 21 | 6 | 32 | 34 | 93 |
| PKD | 29 | 30 | 0 | 28 | 25 | 83 |
| MPM | 43 | 19 | 3 | 32 | 7 | 61 |
| KKD | 32 | 18 | 2 | 31 | 19 | 70 |

| | | | | | | |
|---|---|---|---|---|---|---|
| WND | 8 | 25 | 0 | 11 | 8 | 44 |
| KNR | 26 | 28 | 4 | 21 | 10 | 63 |
| KSD | 14 | 14 | 0 | 14 | 11 | 39 |
| **TOTAL** | **347** | **428** | **44** | **315** | **304** | **1091** |

## Table III

Number of Ambulance owned by DHS, DME,108 (Type wise)

| ALS | | | | | | BLS | | | | | | PTV | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Dist | DHS | DME | 108 | Total | No of ALS ambulance needed as per norms- (One ALS for 5 lakh) | Population lakhs | DHS | DME | 108 | Total | No of BLS ambulance needed as per norms- (One BLS for 1 lakh) | DHS | DME | 108 | Total |
| TVM | 4 | | 0 | 4 | 6.8 | 34 | 14 | | 28 | 42 | 34 | 44 | | 0 | 44 |
| KLM | 4 | | 0 | 4 | 5.4 | 27 | 35 | | 21 | 56 | 27 | 3 | | 0 | 3 |
| PTA | 2 | | 0 | 2 | 2.4 | 12 | 43 | | 15 | 58 | 12 | 2 | | 0 | 2 |
| ALP | 3 | | 0 | 3 | 4.4 | 22 | 7 | | 18 | 25 | 22 | 18 | | 0 | 18 |
| KTM | 0 | | 0 | 0 | 4.2 | 21 | 2 | | 17 | 19 | 21 | 18 | | 0 | 18 |
| IDK | 3 | | 0 | 3 | 2.4 | 12 | 7 | | 15 | 22 | 12 | 21 | | 0 | 21 |
| EKM | 3 | | 0 | 3 | 6.8 | 34 | 11 | | 32 | 43 | 34 | 33 | | 0 | 33 |
| TSR | 1 | | 0 | 1 | 6.4 | 32 | 3 | | 32 | 35 | 32 | 17 | | 0 | 17 |
| PKD | 2 | | 0 | 2 | 5.8 | 29 | 28 | | 28 | 56 | 29 | 0 | | 0 | 0 |
| MPM | 1 | | 0 | 1 | 8.6 | 43 | 6 | | 32 | 38 | 43 | 12 | | 0 | 12 |
| KKD | 1 | | 0 | 1 | 6.4 | 32 | 2 | | 31 | 33 | 32 | 15 | | 0 | 15 |
| WND | 4 | | 0 | 4 | 1.6 | 8 | 11 | | 11 | 22 | 8 | 10 | | 0 | 10 |
| KNR | 2 | | 0 | 2 | 5.2 | 26 | 2 | | 21 | 23 | 26 | 24 | | 0 | 24 |
| KSD | 0 | | 0 | 0 | 2.8 | 14 | 4 | | 14 | 18 | 14 | 10 | | 0 | 10 |
| **TOTAL** | **30** | | **0** | **30** | **69.4** | **347** | **175** | | **315** | **490** | **347** | **227** | | **0** | **227** |

## Table IV

| HEALTH SERVICES VEHICLE PURCHASED WITH VARIOUS GOVERNMENT FUNDS | | | | | | | | |
|---|---|---|---|---|---|---|---|---|
| Sl. No | District | Govt.Fund | MP Fund | MLA Fund | LSGIs Fund | Donation/CSR | Other Fund | Total |
| 1 | Trivandrum | 50 | 35 | 26 | 65 | 3 | 0 | 179 |
| 2 | Kollam | 16 | 28 | 16 | 2 | 2 | 0 | 64 |
| 3 | Pathanamthitta | 13 | 29 | 12 | 12 | 2 | 0 | 68 |
| 4 | Alappuzha | 17 | 16 | 8 | 2 | 2 | 0 | 45 |
| 5 | Kottayam | 15 | 15 | 6 | 2 | 5 | 0 | 43 |
| 6 | Idukki | 12 | 13 | 17 | 3 | 3 | 0 | 48 |
| 7 | Eranakulam | 21 | 25 | 21 | 24 | 40 | 0 | 131 |
| 8 | Thrissur | 25 | 8 | 6 | 3 | 11 | 0 | 53 |
| 9 | Palakkad | 23 | 13 | 11 | 0 | 11 | 0 | 58 |
| 10 | Malappuram | 28 | 12 | 1 | 0 | 2 | 0 | 43 |
| 11 | Kozhikode | 17 | 22 | 27 | 1 | 6 | 1 | 74 |
| 12 | Wayanad | 19 | 15 | 12 | 6 | 13 | 0 | 65 |
| 13 | Kannur | 28 | 10 | 9 | 2 | 12 | 0 | 61 |
| 14 | Kasaragod | 21 | 3 | 4 | 3 | 1 | 0 | 32 |
| | **Total** | **305** | **244** | **176** | **125** | **113** | **1** | **964** |

30.01.2025 ലെതീരുമാനം:-

ദേശീയ മാനദണ്ഡമനുസരിച്ച് ഒരു ലക്ഷം ജനസംഖ്യയ്ക്ക് ഒരു BLS ആംബുലൻസും അഞ്ചു ലക്ഷം ജനസംഖ്യയ്ക്ക് ഒരു ALS ആംബുലൻസും ആണ് വേണ്ടത്. രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ എണ്ണമനുസരിച്ച് സ്വകാര്യ മേഖലയും കൂടി ചേർത്ത് എല്ലാ ജില്ലകളിലും BLS ആംബുലൻസ് ആവശ്യത്തിലധികമുണ്ട് എന്ന് യോഗം വിലയിരുത്തി.

1) DHS, DME, 108, LSGIs എന്നീ ഏജൻസികളുടെ കൈവശം ആകെ 1091 ആംബുലൻസുകളുണ്ട്. ദേശീയ മാനദണ്ഡമനുസരിച്ച് 347 BLS ആംബുലൻസാണ് വേണ്ടത്. DHS, DME, 108 എന്നീ ഏജൻസികളുടെ ഉടമസ്ഥതയിൽ മാത്രമായി (LSGIs ഒഴികെ) 490 BLS ആംബുലൻസുകളുമുണ്ട്. ദേശീയ മാനദണ്ഡമനുസരിച്ച് 69 ALS ആംബുലൻസ് വേണം. എന്നാൽ ലഭ്യമായ കണക്കനുസരിച്ച് DHS ന്റെ കൈവശമായി 30 ആംബുലൻസുകൾ മാത്രമാണ് ഉള്ളത്. അടിയന്തിര ജീവൻ രക്ഷയ്ക്ക് ALS അംബുലൻസ് വളരെ സഹായകരം ആയതിനാൽ ALS ആംബുലൻസ് വാങ്ങുന്നതിന് ജില്ലാ തലത്തിൽ സംയുക്ത പ്രോജക്റ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതാണ്. ജില്ലാ ആശുപത്രിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെടുത്തി മാത്രം വാങ്ങുന്നതാണ് അഭികാമ്യം.

2) DHS, DME, 108, LSGIയുടെ ഉടമസ്ഥതയിലുള്ള ആകെ അംബുലൻസുകൾ 1091 ആണ്. ആകെ രജിസ്റ്റർ ചെയ്തതിൽ ബാക്കിയുള്ള 8244 (9335 – 1091) എണ്ണം സ്വകാര്യ മേഖലയിലാണെന്നത് യോഗം വിലയിരുത്തി. എന്നാൽ ഇവയിൽ നല്ലൊരു ശതമാനം കാലപ്പഴക്കത്താൽ ഇപ്പോൾ സർവ്വീസിലുള്ളതാകാൻ വഴിയില്ല. അതിനാൽ കഴിഞ്ഞ 15 വർഷത്തിനകം രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ എണ്ണമെടുത്താലേ ശരിയായ വിവരം ലഭിക്കൂ. ഈ സാഹചര്യത്തിൽ കഴിഞ്ഞ 15 വർഷം രജിസ്റ്റർ ചെയ്ത ആംബുലൻസുകളുടെ വിവരം ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്നും ശേഖരിക്കാൻ തീരുമാനിച്ചു. ഇതിനായി തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. ഇവ കൂടി ശേഖരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകണം. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി റിപ്പോർട്ട് നൽകി.

<u>**24.06.2025 ന നൽകിയ റിപ്പോർട്ട് :-**</u> ആംബുലൻസിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ആരോഗ്യ വകുപ്പിന് 2024 ആഗസ്റ്റ് മാസത്തിൽ കൈമാറിയിട്ടുണ്ട്. ഇനിയും ഓരോ ആംബുലൻസിന്റേയും കൂടുതൽ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിൽ ലഭ്യമല്ലായെന്ന് വകുപ്പ് അറിയിച്ചിട്ടുണ്ട്

<u>**24.06.2025-ലെ തീരുമാനം:-**</u>ഈ സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ 30.01.2025-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ ക്രമനമ്പർ 3 പ്രകാരമുള്ള തീരുമാനം പാലിച്ചാൽ മതിയെന്ന് നിർദ്ദേശിക്കുന്നു.

3) മുകളിൽ പറഞ്ഞ കണക്ക് രജിസ്റ്റർ ചെയ്ത ആംബുലൻസിന്റെ എണ്ണമനുസരിച്ചാണ്. എങ്കിലും BLS ആംബുലൻസിന്റെ കുറവില്ല എന്ന് യോഗം വിലയിരുത്തി. MPLAD, MLASDF, CSR എന്നീ മാർഗ്ഗത്തിലൂടെ ആംബുലൻസ് ലഭിക്കാൻ സാധ്യതയുള്ളതിനാൽ ഇനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആംബുലൻസ് വാങ്ങേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പാലിയേറ്റീവ് ആവശ്യത്തിന് വാഹനം വാങ്ങാവുന്നതാണ്. ഏതെങ്കിലും ഗ്രാമപഞ്ചായത്തിലോ നഗരസഭയിലോ അടിയന്തിരമായി ആംബുലൻസ് സേവനം

ആവശ്യമായി വന്നാൽ അർഹതയുള്ള നിർദ്ധന വിഭാഗക്കാർക്ക് (അതിദരിദ്രർ, മുൻഗണനാ റേഷൻ കാർഡുള്ള SC/ST വിഭാഗക്കാർക്ക്) ആംബുലൻസിന്റെ വാടക തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |

**2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 –ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 ഖണ്ഡിക 3.2**

**അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം**

അതിദരിദ്ര കുടുംബങ്ങൾക്ക് ഇവരുടെ ക്ലേശഘടകം/ആവശ്യം അനുസരിച്ച് മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ചില അതിദരിദ്ര കുടുംബങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വീട് നിർമ്മാണമടക്കമുള്ള വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്തതിന്റെ ഭാഗമായി ജപ്തി നടപടി നേരിടുന്നുണ്ട്. ഇവരിൽ ചിലർക്കെങ്കിലും വായ്പ തുക തിരികെ അടച്ച് ജപ്തി നടപടിയിൽ നിന്ന് വിമുക്തരാകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഉദാ: ഇന്നത്തെ (13.08.2024–ലെ) യോഗ മിനിട്സിന്റെ ഖണ്ഡിക 4.6 ൽ പരാമർശിക്കുന്ന ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ കുടുംബം. ഈ പ്രശ്നം സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ യോഗം തീരുമാനിച്ചു. അതിദരിദ്ര ലിസ്റ്റിലുള്ള 300 കുടുംബങ്ങളെ റാൻഡമായി തെരഞ്ഞെടുത്ത് പഠനം നടത്തി റിപ്പോർട്ട് നൽകാൻ സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിനെ യോഗം ചുമതലപ്പെടുത്തി. ഇതനുസരിച്ച് താൽക്കാലിക റിപ്പോർട്ട് 24.04.2025 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകിയിരുന്നു. വിശദമായ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ സർവ്വേ നടത്താനും വിവരങ്ങൾ ശേഖരിക്കാനും റിപ്പോർട്ട് നൽകാനും ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ചീഫ് അറിയിച്ചിരുന്നു. സർവ്വേയിലൂടെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് നൽകിയിട്ടുണ്ട്.

**24.06.2025 ന നൽകിയ റിപ്പോർട്ട്:** അതിദരിദ്ര ലിസ്റ്റിലെ കടബാധ്യതയുള്ള 12,326 കുടുംബങ്ങളിൽ നിന്ന് 300 കുടുംബങ്ങളെ റാൻഡമായി തിരഞ്ഞെടുത്ത് അവരുടെ കടബാധ്യതയെ സംബന്ധിച്ചും എന്തെങ്കിലും ജപ്തി നടപടി നേരിടുന്നുണ്ടോ എന്നതു സംബന്ധിച്ചുമാണ് സർവ്വേ നടത്തിയത്. ഇതിന്റെ ഭാഗമായി ഇ.പി.ഇ.പി സെല്ലിന്റെ സഹായത്തോടെ അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിലുള്ള കടബാധ്യതയുള്ള 300 ഓളം കുടുംബങ്ങളെ കണ്ടെത്തി ചോദ്യാവലിയുടെ സഹായത്തോടെ അവരുടെ കടബാധ്യത സംബന്ധിച്ചും, ഭക്ഷണം, ആരോഗ്യം, പാർപ്പിടം, ഉപജീവനം എന്നീ വിഷയങ്ങൾ സംബന്ധിച്ചും ജില്ലാപ്ലാനിംഗ് ഓഫീസർമാർ മുഖേന സർവ്വേ നടത്തി. പ്രസ്തുത സർവ്വേ റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു.

പട്ടിക-1

കടബാധ്യതയുള്ള കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക്

| ക്രമനമ്പർ | ജില്ല | EPEP സെല്ലിന്റെ കണക്കനുസരിച്ചിട്ടുള്ള കടബാധ്യതയുള്ള അതിദരിദ്ര കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1963 |
| 2 | കൊല്ലം | 1112 |
| 3 | പത്തനംതിട്ട | 378 |
| 4 | ആലപ്പുഴ | 740 |
| 5 | കോട്ടയം | 154 |
| 6 | ഇടുക്കി | 788 |
| 7 | എറണാകുളം | 1223 |
| 8 | തൃശ്ശൂർ | 1055 |
| 9 | പാലക്കാട് | 1039 |
| 10 | മലപ്പുറം | 1274 |
| 11 | കോഴിക്കോട് | 989 |
| 12 | വയനാട് | 519 |
| 13 | കണ്ണൂർ | 704 |
| 14 | കാസർകോഡ് | 388 |
| ആകെ | | 12326 |

മുകളിൽ പറഞ്ഞ 12326 കുടുംബങ്ങളിൽനിന്നും stratified random sampling methodology ഉപയോഗിച്ച് ജില്ല തിരിച്ചുള്ള സാമ്പിൾ സൈസ് കണ്ടെത്തുകയുണ്ടായി. അതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക-2

പഠനത്തിനായി തെരെഞ്ഞെടുത്ത ജില്ലതിരിച്ചുള്ള കുടുംബങ്ങൾ.

| ക്രമ.നം | ജില്ല | സാമ്പിൾ (കുടുംബങ്ങൾ) | ശതമാനം |
|---|---|---|---|
| 1 | തിരുവനന്തപുരം | 48 | 16 |
| 2 | കൊല്ലം | 27 | 9 |
| 3 | പത്തനംതിട്ട | 9 | 3 |
| 4 | ആലപ്പുഴ | 18 | 6 |
| 5 | കോട്ടയം | 4 | 1.33 |
| 6 | ഇടുക്കി | 19 | 6.33 |
| 7 | എറണാകുളം | 30 | 10 |
| 8 | തൃശ്ശൂർ | 26 | 8.67 |
| 9 | പാലക്കാട് | 25 | 8.33 |
| 10 | മലപ്പുറം | 31 | 10.33 |
| 11 | കോഴിക്കോട് | 24 | 8 |
| 12 | വയനാട് | 13 | 4.33 |
| 13 | കണ്ണൂർ | 17 | 5.67 |
| 14 | കാസർകോഡ് | 9 | 3 |
| ആകെ | | 300 | 100 |

മുകളിൽ പറഞ്ഞ കുടുംബങ്ങളുടെ വിവരങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസർ ശേഖരിച്ചു. ഇങ്ങനെ ശേഖരിച്ച വിവരങ്ങൾ സംക്ഷിപ്തമായി താഴെ ചേർക്കുന്നു.

സർവേ നടത്തിയ കുടുംബങ്ങളുടെ വിശദാംശങ്ങൾ

സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള 300 കുടുംബങ്ങളിൽ 123 പേർ പുരുഷന്മാരും 177 പേർ സ്ത്രീകളുമാണ്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ആരും തന്നെ സർവ്വേയിൽ ഉൾപ്പെട്ടിട്ടില്ല.

പട്ടിക-3
സർവ്വേ നടത്തിയ കുടുംബങ്ങളുടെ വിശദാംശങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ.

| ക്രമ.നം | ലിംഗം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | പുരുഷൻ | 123 | 41 |
| 2 | സ്ത്രീ | 177 | 59 |
| ആകെ | | 300 | 100 |

തദ്ദേശഭരണസ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്തിൽ നിന്നും 214 കുടുംബങ്ങളെയും (71.3 ശതമാനം), മുൻസിപ്പാലിറ്റിയിൽ നിന്നും 61 കുടുംബങ്ങളെയും (20.3 ശതമാനം) കോർപ്പറേഷനിൽ നിന്നും 25 കുടുംബങ്ങളെയും (8.3 ശതമാനം) ഉൾപ്പെടുത്തിയാണ് സർവ്വേ നടത്തിയത്.

സാമൂഹ്യ വിഭാഗം തിരിച്ചുള്ള വിവരങ്ങൾ

സർവ്വേ നടത്തിയ കുടുംബങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 66 പേരും (22 ശതമാനം) പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 20 പേരും (6.67 ശതമാനം) മറ്റു വിഭാഗങ്ങളിൽ നിന്നും 214 പേരും (71.33 ശതമാനം) ഉണ്ടായിരുന്നു.

പ്രധാന കണ്ടെത്തലുകൾ - കടബാധ്യതയുടെ വിശദാംശങ്ങൾ

തിരഞ്ഞെടുത്ത 300 കുടുംബങ്ങൾ EPEP ഡേറ്റാ പ്രകാരം കടബാധ്യതയുള്ളവരായിരുന്നുവെങ്കിലും വിശദമായ പരിശോധന നടത്തിയപ്പോൾ ഇവരിൽ 102 കുടുംബങ്ങൾ മാത്രമാണ് (34 ശതമാനം) നിലവിൽ ഏതെങ്കിലും തരത്തിലുള്ള വായ്പയെടുത്ത് കടബാധ്യതയുള്ളതായി കണ്ടെത്തിയിട്ടുള്ളത്.

വായ്പ എടുത്തിട്ടുള്ള അതിദരിദ്ര കുടുംബങ്ങളുടെ വിശദാംശങ്ങൾ

പെട്ടെന്നുണ്ടാകുന്ന ആവശ്യങ്ങൾക്കുവേണ്ടിയും ചികിത്സാചെലവുകൾക്കുവേണ്ടിയും സ്വകാര്യ വ്യക്തികൾ, സ്വകാര്യപണമിടപാടുസ്ഥാപനങ്ങൾ, ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുത്താണ് ഈ കുടുംബങ്ങളിൽ പലർക്കും കടബാധ്യത ഉണ്ടായത്. വായ്പ എടുത്തിട്ടുള്ള 102 പേർ ഏത് സ്ഥാപനങ്ങളിൽ നിന്നാണ് വായ്പയെടുത്തത് എന്ന വിവരം താഴെ ചേർക്കുന്നു.

പട്ടിക-4
ഏതു സ്ഥാപനങ്ങളിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളതെന്ന വിവരം

| ക്രമ.നം. | വായ്പ എടുത്തിട്ടുള്ള സ്ഥാപനങ്ങൾ | വായ്പ എടുത്തവരുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1 | സഹകരണ ബാങ്കുകൾ | 33 | 32.3 |
| 2 | മൈക്രോ ഫിനാൻസ് (കുടുംബശ്രീ, സ്വയംസഹായ സംഘം) | 26 | 25.4 |
| 3 | സ്വകാര്യപണമിടപാടു നടത്തുന്ന വ്യക്തികൾ | 12 | 11.7 |
| 4 | വാണിജ്യ ബാങ്കുകൾ | 13 | 12.7 |
| 5 | ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ | 3 | 2.9 |
| 6 | സ്വകാര്യവ്യക്തികൾ | 2 | 2 |
| 7 | വ്യക്തികളിൽ നിന്നുള്ള വായ്പ | 1 | 1 |
| 8 | SC കോപ്പറേറ്റീവ് സോസൈറ്റി | 1 | 1 |
| 9 | ഇസാഫ്/ലിൻകേജ് ലോൺ | 1 | 1 |
| 10 | മറ്റുള്ളവ | 1 | 1 |
| 11 | ഒന്നിൽ കൂടുതൽ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവർ | 9 | 8.9 |
| ആകെ | | 102 | 100 |

പട്ടിക – 5

വായ്പാതുകയും കുടുംബങ്ങളുടെ എണ്ണവും

| ക്രമ.നം | വായ്പ തുക | വായ്പ എടുത്തവരുടെ എണ്ണം | വായ്പ എടുത്തവരുടെ ശതമാനം |
|---|---|---|---|
| 1 | <10000 | 6 | 5.9 |
| 2 | 10000–50000 | 37 | 36.2 |
| 3 | 50000–200000 | 39 | 38.2 |
| 4 | 200000–500000 | 14 | 13.7 |
| 5 | >500000 | 4 | 4 |
| 6 | 10000 – 50000 & 50000 – 2 ലക്ഷം (രണ്ടു ഗ്രൂപ്പിലും ലോൺ എടുത്തവർ) | 2 | 2 |
| ആകെ | | 102 | 100 |

പട്ടിക – 6

വായ്പാ തിരിച്ചടവിന്റെ വിശദാംശങ്ങൾ

| ക്രമ.നം | തിരിച്ചടച്ച വായ്പ തുക (ശതമാനത്തിൽ) | എണ്ണം | ശതമാനം |
|---|---|---|---|
| 1 | 0 ശതമാനം ( തുകയൊന്നും തിരിച്ചടയ്ക്കാത്തവർ) | 20 | 19.6 |
| 2 | 25 ശതമാനത്തിൽ താഴെ വായ്പ തിരിച്ചടച്ചവർ | 41 | 40.2 |
| 3 | 50 ശതമാനത്തിൽ താഴെ വായ്പ തിരിച്ചടച്ചവർ | 19 | 18.6 |
| 4 | 100 ശതമാനത്തിൽ താഴെ വായ്പ തിരിച്ചടച്ചവർ | 11 | 10.8 |
| 5 | പൂർണ്ണമായി തിരിച്ചടച്ചവർ | 8 | 7.8 |
| 6 | 0 ശതമാനം & 25 ശതമാനത്തിൽ താഴെ * | 1 | 1 |
| 7 | മുകളിൽ പറഞ്ഞതിൽപ്പെടാത്തത് | 2 | 2 |
| ആകെ | | 102 | 100 |

ഒരു വ്യക്തിക്ക് രണ്ട് വായ്പയുണ്ട്. ഒരു വായ്പയിൽ ഒന്നും തിരികെ അടച്ചില്ല. ഒരു വായ്പയിൽ 25 ശതമാനത്തിൽ താഴെ അടച്ചു.

വായ്പ എടുക്കാനുണ്ടായ സാഹചര്യം

കടബാധ്യതയുള്ള 102 പേരുടെ വായ്പ എടുക്കാനുണ്ടായ സാഹചര്യം താഴെ ചേർക്കുന്നു.

പട്ടിക – 7

വായ്പ എടുക്കാനുണ്ടായ സാഹചര്യങ്ങൾ

| ക്രമ. നം | വായ്പ എടുക്കാനുണ്ടായ സാഹചര്യം | വായ്പ എടുത്തവരുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1 | വീടുപണി/പുനരുദ്ധാരണം | 26 | 25.4 |
| 2 | കുട്ടികളുടെ കല്യാണം | 7 | 6.8 |
| 3 | കുട്ടികളുടെ വിദ്യാഭ്യാസം | 4 | 4 |
| 4 | ആശുപത്രി ചെലവുകൾ | 24 | 23.5 |
| 5 | മറ്റു ആവശ്യങ്ങൾ | 25 | 24.5 |
| 6 | ഒന്നിൽ കൂടുതൽ ആവശ്യങ്ങൾക്കായി വായ്പ എടുത്തിട്ടുള്ളവർ | 14 | 13.7 |
| 7 | മുകളിൽപ്പറഞ്ഞവയല്ലാത്തത് | 2 | 2 |
| ആകെ | | 102 | 100 |

ജപ്തി നടപടി സംബന്ധിക്കുന്ന വിവരങ്ങൾ

അതിദരിദ്രരുടെ കടബാധ്യത, ജപ്തി നടപടിയുടെ വിശദാംശങ്ങൾ എന്നിവ കണ്ടെത്തി റിപ്പോർട്ട് നൽകാനാണ് കോർഡിനേഷൻ കമ്മിറ്റി ആവശ്യപ്പെട്ടിട്ടുള്ളത്. സർവ്വേ പ്രകാരം കടബാധ്യതയുള്ള 102 പേരിൽ 6 പേരാണ് (5.9 ശതമാനം) ഏതെങ്കിലും തരത്തിലുള്ള ജപ്തി നടപടികൾ നേരിടുന്നത്.

സർവേയുടെ അടിസ്ഥാനത്തിൽ സമഗ്രമായ ശ്രദ്ധയും നടപടി ആവശ്യമുള്ളതുമായ വ്യക്തിഗത കേസുകളുടെ വിശദാംശങ്ങൾ സർവ്വേ റിപ്പോർട്ടിൽ പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ടിന്റെ പകർപ്പ് വകുപ്പിന് പ്രത്യേകമായി നൽകിയിട്ടുണ്ട്.

**24.06.2025-ലെ തീരുമാനം -** (1) EPEP- സെല്ലിൽ ലഭ്യമായ വിവരമനുസരിച്ച് അതിദരിദ്ര കുടുംബങ്ങളിൽ 12326 പേരാണ് കടബാധ്യതയുള്ളവരായിട്ടുള്ളത്. കടബാധ്യതയുള്ള ഈ കുടുംബങ്ങളിൽ നിന്ന് റാൻഡമായി തെരഞ്ഞെടുത്ത 300 കുടംബങ്ങളുടെ വിവരങ്ങൾ വിശദമായി ശേഖരിച്ചപ്പോൾ 102 കുടുംബങ്ങൾക്ക് മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള വായ്പകൾ എടുത്ത് കടബാധ്യതയുള്ളതെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് ചീഫ് നൽകിയ റിപ്പോർട്ടിൽ ഉള്ളത്. ഇവരിൽ 6 പേരാണ് (5.9 ശതമാനം) ഏതെങ്കിലും തരത്തിലുള്ള ജപ്തി നടപടികൾ നേരിടുന്നത്. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ കടബാധ്യതയുണ്ടെന്ന് അദ്യം കണ്ടെത്തിയ 12326 പേരിൽ എത്രപേർ ജപ്തി നടപടികൾ നേരിടുന്നുണ്ടെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി
(2) സംസ്ഥാന ആസൂത്രണ ബോർഡ് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)ചീഫ്, ഡി.പി. ഡിവിഷൻ, SPB<br>3)തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**2.2 ഖണ്ഡിക 3.5**

**ജലസ്രോതസ്സുകളുടെ പരിപാലനം**

കേരളത്തിലെ ജലസ്രോതസ്സുകൾ മലിനമാകുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കുവാൻ ആരോഗ്യവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റു ബന്ധപ്പെട്ട വകുപ്പുകളും ജാഗ്രതയും ഇടപെടലും നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയും പ്രോട്ടോക്കോളും തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് തയ്യാറാക്കി നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

30.01.2025 ന നൽകിയ റിപ്പോർട്ട്:- കുടിവെള്ളത്തിലൂടെയും മലിനജലത്തിലൂടെയും ഭക്ഷ്യ ശൃംഖലയിലൂടെയും ആരോഗ്യ പ്രശനങ്ങൾക്ക് കാരണമാകുന്ന രോഗാണുക്കളും മറ്റു വിഷാംശങ്ങളും മനുഷ്യ ശരീരത്തിൽ പ്രവേശിച്ച് ദൂഷ്യഫലങ്ങൾക്ക് കാരണമാകുന്നു. ജല മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള താഴെപ്പറയുന്ന വിവിധ നിയമങ്ങളും ചട്ടങ്ങളും അവയുടെ ഭേദഗതികളും പരിഗണിക്കേണ്ടതുണ്ട്.

1.Water (Prevention and Control of Pollution) Act, 1974
2. Water (Prevention and Control of Pollution) Cess Act, 1977
3. Environment (Protection) Act, 1986
4. Food Safety and Standards Act, 2006
5. Kerala Public Health Act,2023
6. Kerala Panchayat Raj Act, 1994
7. Kerala Municipality Act, 1994

കേരള പൊതുജനാരോഗ്യ നിയമം 2023 പ്രകാരം ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ഖണ്ഡികകൾ ബാധകമാക്കാവുന്നതാണ്.

| | |
|---|---|
| Kerala Public Health Act 2023 | a) Sections 15, 16 & 17 മനുഷ്യ ഉപയോഗത്തിനുള്ള ജലത്തിന്റെ സുരക്ഷ ഉറപ്പാക്കൽ<br>b) Sections 18(5), 18(6), 18(7), 19, 20 – ശുചിത്വ സൗകര്യങ്ങൾ<br>c) Section 21 to 26 വരെ. 'Nuisance' (ശല്യം ഒഴിവാക്കൽ)<br>d) Section 39 & 49 – പ്രതിരോധ നടപടികൾ ഏറ്റെടുക്കുന്നതിനും പരിശോധന നടത്തുന്നതിനും പ്രവേശനത്തിനുമുള്ള അധികാരം<br>e) Section 58 സാമൂഹിക ഒത്തു കൂടൽ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റ് ക്രമീകരണങ്ങളും<br>f) Section 59 – ജല വിതരണത്തിനുള്ള സ്വകാര്യ ഉറവിടങ്ങളിന്മേലുള്ള നിയന്ത്രണം. |

ഈ നിയമങ്ങളും അവയുടെ ഭേദഗതികളും ചട്ടങ്ങളും പ്രകാരമുള്ള വ്യവസ്ഥകളും നടപ്പിലാക്കുന്നതിന് താഴെ പറയുന്ന വകുപ്പുകളുമായി ചർച്ച ചെയ്യേണ്ടതുണ്ട്.

1. തദ്ദേശസ്വയംഭരണ വകുപ്പ്
2. പരിസ്ഥിതി വകുപ്പ്
3. മലിനീകരണ നിയന്ത്രണബോർഡ്
4. കേരള ജല അതോറിറ്റി
5. ഭൂജല വകുപ്പ്
6. ജലനിധി
7. ജലസേചന വകുപ്പ്
8. ഭക്ഷ്യസുരക്ഷാ വകുപ്പ്
9. വ്യവസായ വകുപ്പ്
10. കൃഷി വകുപ്പ്
11. ജല വിഭവ വികസന വിനിയോഗ കേന്ദ്രം ( CWRDM)
12. കേന്ദ്ര ഭൂജല ബോർഡ്, കേരള റീജിയണൽ ഡയറക്ടറേറ്റ്
13. ആരോഗ്യ വകുപ്പ്
14. നിയമവകുപ്പ്

ജലസ്രോതസ്സുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ നിയമ വ്യവസ്ഥകളും ഉൾപ്പെടുത്തി സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി മേൽ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഒരു സംയുക്ത ശില്പശാല സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ചിട്ടുണ്ട്.

<u>30.01.2025 ലെ തീരുമാനം :-</u> ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചതുപോലെ മുകളിൽ പറഞ്ഞ വകുപ്പുളെ ഉൾപ്പെടുത്തി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കും പ്രകാരം ശില്പശാല നടത്താൻ തീരുമാനിച്ചു. ഇതിനായി തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും ആരോഗ്യവകുപ്പ് ഡയറക്ടറും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നൽകിയിട്ടുണ്ട്.

**<u>24.06.2025 നു നൽകിയ റിപ്പോർട്ട് :-</u>** ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം ഈ വിഷയത്തിൽ മാർഗ്ഗരേഖയും പ്രോട്ടോക്കോളും തയ്യാറാക്കുന്നതിന് മുന്നോടിയായി 14.03.2025-ന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായും ചർച്ച നടത്തുകയും ഏപ്രിൽ 3-ന് ശില്പശാല സംഘടിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ആരോഗ്യ വകുപ്പിന് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഫണ്ട് ലഭ്യമല്ല എന്ന കാരണത്താൽ ശില്പശാല മാറ്റി വയ്ക്കേണ്ടി വന്നു. ശില്പശാലയിൽ എന്തൊക്കെ ചർച്ച ചെയ്യണമെന്നും ആരെയൊക്കെ പങ്കെടുപ്പിക്കണമെന്നും തീരുമാനം എടുത്ത സ്ഥിതിക്ക് മേയ് 15-ന് മുമ്പായി ശില്പശാല നടത്താൻ ആരോഗ്യവകുപ്പ് ഡയറക്ടർക്കും ആവശ്യമായ സഹായം നൽകാൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷനും നിർദ്ദേശം നല്കാവുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

ഇതനുസരിച്ച് 28.05.2025-ൽ ശില്പശാല നടന്നു എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**24.06.2025-ലെ തീരുമാനം** - ശില്പശാലയിൽ വിവിധ വകുപ്പുകൾ നൽകിയ നിർദ്ദേശങ്ങളും നിലവിലുള്ള നിയമങ്ങളും ചേർത്ത് ക്രോഡീകരിച്ച റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് മുമ്പ് നൽകേണ്ടതാണ്. ഒപ്പം മുൻപ് കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശിച്ചതുപോലെ സംസ്ഥാനത്തെ ജലസ്രോതസ്സ് മലിനമാകുന്നത് നിയന്ത്രിക്കുന്നതിനും ജലജന്യരോഗങ്ങൾ ഉണ്ടാകാതിരിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങളും സ്വീകരിക്കേണ്ട നടപടികളും സംബന്ധിച്ച മാർഗ്ഗരേഖയും പ്രോട്ടോക്കോളും ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

## 2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.3 ഖണ്ഡിക 3.2

### സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.2016-ലെ യോഗ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണവകുപ്പിൽ നിന്ന് ഒരു ജൂനിയർ സൂപ്രണ്ടിനേയും ഒരു സീനിയർ ക്ലാർക്കിനെയും എസ്.ആർ.ജി. ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിരുന്നു. 20.10.2021ൽ എസ്.ആർ.ജി. പുനഃസംഘടിപ്പിച്ചപ്പോൾ ഇവരെ രണ്ടുപേരെയും എസ്.ആർ.ജി.യിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുവാൻ സർക്കാർ ഉത്തരവായിരുന്നു.

ഇപ്പോൾ രണ്ടു പോസ്റ്റും ഒഴിഞ്ഞു കിടക്കുകയാണ്. ഈ സാഹചര്യത്തിൽ 28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെയും തുടർന്നുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ജനകീയാസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും പരിചയവും വൈദഗ്ദ്ധ്യവുമുള്ള ഒരു ജൂനിയർ സൂപ്രണ്ടിനെയും കോഓർഡിനേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് സഹായിക്കുന്നതിനായി ഒരു ക്ലർക്കിനെയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും എസ്.ആർ.ജി. ഓഫീസിൽ അടിയന്തിരമായി നിയമിക്കാൻ തീരുമാനിച്ചു. ഈ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ് |

### 2.3 ഖണ്ഡിക 4.2

### പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2024-ലെ SC - 1/995/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/789/24) (തദ്ദേശ അദാലത്ത്)

വിഷയം:- ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച്

ലൈഫ് 2020 പദ്ധതിയിൽ 112 കുടുംബങ്ങളും ലൈഫ് ഫേസ് III ൽ 30 കുടുംബങ്ങളും ഉൾപ്പെടെ 142 പേർ ഭൂരഹിത ഭവന ലിസ്റ്റിൽ ഉണ്ട്. ഈ ലിസ്റ്റിൽ നിന്ന് 42 കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ലൈഫ് മിഷന് വിട്ടു നൽകിയിരുന്നു. എന്നാൽ റോഡിന് മതിയായ വീതി ഇല്ലാത്തതിനാൽ അഗ്നിരക്ഷാസേനയുടെ NOC ലഭിച്ചില്ല. റോഡിന് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ കഴിയില്ല. അതിനാൽ ഭവനസമുച്ചയത്തിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ ആവശ്യപ്പെട്ട പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14 സെന്റ് സ്ഥലം കൂടി ലൈഫ് മിഷന് നൽകാൻ ഗ്രാമപഞ്ചായത്ത് 21.01.2024 ൽ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ വിവരം 02.02.2024-ൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അറിയിച്ചിട്ടുണ്ട്. ഇതു

സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമൊന്നുമായില്ല. അതിനാൽ കാലതാമസമൊഴിവാക്കി ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച്

16.10.2024-ലെ തീരുമാനം:-ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുമ്പോൾ ഉള്ള യൂണിറ്റ് ചെലവ് എത്രയാണ്, എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മിക്കുന്നത്, എത്ര സ്ഥലം ആവശ്യമായി വരും, ഇതിനായി CSR/സംഭാവന ലഭിക്കാൻ സാധ്യതയുണ്ടോ തുടങ്ങിയ വിവരങ്ങൾ നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>05.12.2024-ന് നൽകിയ റിപ്പോർട്ട്:-</u> മൂന്ന് നിലകളിലായി 12 യൂണിറ്റുകൾ അടങ്ങിയ 3 കെട്ടിടവും 2 നിലകളിലായി 8 യൂണിറ്റ് അടങ്ങിയ ഒരു കെട്ടിടവും ഉൾപ്പെടെ ആകെ 44 കുടുംബങ്ങൾക്കാണ് ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പ്രവൃത്തിയുടെ കെട്ടിട നിർമ്മാണത്തിന് ആകെ 6.86 കോടി രൂപ ചെലവ് വരും. ഇതുപ്രകാരം ക്ലസ്റ്റർ ഹോം നിർമ്മിക്കുമ്പോൾ ഒരു യൂണിറ്റിന് വേണ്ടിവരുന്ന ചെലവ് 15.58 ലക്ഷം രൂപയാണ്. ഈ പദ്ധതിയ്ക്ക് അനുബന്ധമായി വേണ്ടിവരുന്ന നിർമ്മാണ പ്രവൃത്തികളായ റോഡ്, മറ്റ് External Service Works, STP Land Development ജോലികൾ എന്നിവയ്ക്ക് വേണ്ടത് 88 ലക്ഷം രൂപയാണ്. ഇതു കൂടി ഉൾപ്പെടുത്തുമ്പോൾ ആകെ ഒരു യൂണിറ്റിന് 17.58 ലക്ഷം രൂപ ചെലവ് വരും. സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം ഒരു യൂണിറ്റിന്റെ വിസ്തീർണ്ണം 47.62 ചതുരശ്ര മീറ്റർ ആണ് (512.10 സ്ക്വയർ ഫീറ്റ്). പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 64 സെന്റ് സ്ഥലം ലഭ്യമാണ്.

പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ പ്രീ-ഫാബ് മാതൃകയിൽ ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 616 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഈ തുകയും അടിസ്ഥാന സൗകര്യത്തിനാവശ്യമായ 88.00 ലക്ഷം രൂപയും 2024-25 വർഷം 4515 - 00-102 - 41 എന്ന റൂറൽ ഹൗസിംഗ് ശീർഷകത്തിൽ നിന്നും അനുവദിക്കാൻ കഴിയുമെന്ന് 11.11.2024-ൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത ഭവനസമുച്ചയ നിർമ്മാണത്തിനായി സി.എസ്.ആർ/സംഭാവന ലഭിക്കുവാനുള്ള സാദ്ധ്യത വളരെക്കുറവാണ്.

<u>05.12.2024-ലെ തീരുമാനം:-</u> ഒരു വീടിന്റെ നിർമ്മാണ ചെലവ് വളരെ കൂടുതലാണെന്ന് യോഗം വിലയിരുത്തി. ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനേക്കാൾ വളരെ കൂടുതലാണ് ചെലവ് എന്നതിനാൽ ലഭ്യമായ 64 സെന്റ് സ്ഥലം ഓരോ കുടുംബത്തിനും 3 സെന്റ് വീതം നൽകി വീടിന് ധനസഹായം നൽകുന്നത് പരിഗണിക്കാവുന്നതാണ്. ശേഷിക്കുന്നവർക്ക് സ്ഥലം വാങ്ങി നൽകി വീട് വയ്ക്കുന്നതിന്റെ സാധ്യതയും പരിഗണിക്കാവുന്നതാണ്. ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>24.06.2025 ന നൽകിയ റിപ്പോർട്ട്:-</u>** കോഓർഡിനേഷൻ കമ്മിറ്റി യോഗം നിരീക്ഷിച്ചതുപോലെ ലഭ്യമായ 64 സെന്റ് സ്ഥലം ഓരോ കുടുംബത്തിനും 3 സെന്റ് വീതം നൽകി വീടിന് ധനസഹായം നൽകുന്ന രീതി പരിഗണിക്കാവുന്നതാണ്. പ്ലോട്ട് സബ്ഡിവിഷന്റെ മാതൃക നൽകിയിട്ടുണ്ട്. 13 പ്ലോട്ട് + Recreational Open Space. ശേഷിക്കുന്നവർക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ അനുയോജ്യമായ സ്ഥലം വാങ്ങി നൽകാവുന്നതാണ്.

**<u>24.06.2025-ലെ തീരുമാനം :-</u>** തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശ അനുസരിച്ച് തുടർനടപടി സ്വീകരിക്കാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോടും പള്ളിപ്പാട് ഗ്രാമപഞ്ചായത്തിനോടും നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**<u>2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12 .2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

2.4 **<u>ഖണ്ഡിക 3.5</u>**

**<u>ഏകാംഗ കുടുംബത്തിന് വീട് നിർമ്മാണം</u>**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ചില ഗുണഭോക്താക്കളും ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട അതിദരിദ്ര കുടുംബങ്ങളിലെ ലിസ്റ്റിലുള്ള ചില ഗുണഭോക്താക്കളും ഏകാംഗ കുടുംബമായിട്ടുള്ളവരാണ്. ഇവർക്ക് ഭവന നിർമ്മാണത്തിനു ധനസഹായം നൽകുമ്പോൾ പിന്തുടർച്ചാവകാശികൾ ഇല്ലാത്ത സാഹചര്യം വരുന്നുണ്ട്. ഇത്തരം ഏകാംഗ കുടുംബങ്ങളുടെ കാലശേഷം

സ്ഥലത്തിന്റെയും വീടിന്റെയും ഉടമസ്ഥതയ്ക്ക് പിന്തുടർച്ചാവകാശികൾ ഇല്ലായെങ്കിൽ ഇത് തദ്ദേശഭരണ സ്ഥാപനം ഏറ്റെടുത്തുകൊണ്ട് വീടിന് അർഹതയുള്ള മറ്റുള്ളവർക്ക് നൽകുന്നത് സമൂഹത്തിന് ഗുണം ചെയ്യും. ഇതടക്കമുള്ള സാധ്യതയും നിയമവശങ്ങളും പരിശോധിച്ച് ഇതിന്മേൽ വിശദമായ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയേയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>24.06.2025 നു നൽകിയ റിപ്പോർട്ട്:-</u>** ഇത് സംബന്ധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തദ്ദേശസ്വയംഭരണ വകുപ്പ് ലോ ഓഫീസർ എന്നിവരുമായി രണ്ടു തവണ ചർച്ച് ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് താഴെപ്പറയുന്ന റിപ്പോർട്ട് നൽകുന്നത്.

1. ലൈഫ് ഗുണഭോക്താവ് ഏകാംഗ കുടുംബമാണെങ്കിലും ഗുണഭോക്താവിന്റെ കാലശേഷം ഏകാംഗ ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള സ്വത്തുകളുടെ അവകാശം Indian Succession Act ന്റെ 50 മുതൽ 60 വരെയുള്ള സെക്ഷനുകളിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ളവർക്ക് അവകാശപ്പെട്ടതാണ്. അതിനാൽ ഒരു ഏകാംഗ ഗുണഭോക്താവിന്റെ അനന്തരാവകാശിയില്ല എന്നതിനാൽ ഇവരുടെ സ്വത്ത് തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള സാധ്യത വളരെ കുറവാണ്.

2. ഈ സാഹചര്യത്തിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമിയോ/ മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിന്റെ ഭാഗമായി ലഭിക്കുന്ന ഭൂമിയോ ഒരു ലൈഫ് ഭൂരഹിത ഭവനരഹിത ഏകാംഗ ഗുണഭോക്താവിന് നൽകുമ്പോൾ ഭൂമിയുടെ ഉടമസ്ഥത തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിലനിർത്തികൊണ്ട് കൈവശാവകാശം മാത്രം ഗുണഭോക്താവിന് നൽകി ഭവനനിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്ന രീതി പരിഗണിക്കാവുന്നതാണ്. കൂടാതെ സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ ലൈഫ് ലിസ്റ്റിലുള്ള ഏകാംഗ ഗുണഭോക്താവിന് ഭൂമി ലഭ്യമാക്കുമ്പോൾ ഭൂമിയുടെ രജിസ്ട്രേഷനിൽ ഗുണഭോക്താവിന്റെ കാലശേഷം ഈ ഭൂമിയുടെ ഉടമസ്ഥത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും എന്ന വ്യവസ്ഥ ഉൾപ്പെടുത്താവുന്നതാണ്. ഇതിലൂടെ ഗുണഭോക്താവിന്റെ കാലശേഷം പ്രസ്തുത ഭൂമിയും ഭൂമിയിലെ നിർമ്മിതിയുടേയും അവകാശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭിക്കുകയും അത് മറ്റൊരു ഗുണഭോക്താവിന് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനപ്രകാരം നൽകുവാനും സാധിക്കും

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിത ഏകാംഗ കുടുംബത്തിന് ഭവനനിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നത് ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലായതിനാൽ ഗുണഭോക്താവിന്റെ ഇഷ്ട പ്രകാരം പരപ്രേരണ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് രജിസ്റ്റർ ചെയ്ത് വിൽപത്രത്തിലൂടെ ഭൂമിയുടേയും വീടിന്റേയും അവകാശം നൽകുന്ന കാര്യം മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളു. ഇക്കാര്യം സർക്കാർ നിർദ്ദേശത്തിലൂടെയോ ഉത്തരവിലൂടെയോ നൽകുന്നത് നിയമപരമായി ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുണ്ട്.

**<u>24.06.2025-ലെ തീരുമാനം:-</u>** ഇതനുസരിച്ച് തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |

**2.4 ഖണ്ഡിക 4.15**

**<u>ഉള്ളിയേരി ഗ്രാമപഞ്ചായത്ത്</u>**

_ബഹു.വനവും വന്യജീവി സംരക്ഷണവും വകുപ്പ് മന്ത്രിയുടെ 24.09.2024-ലെ കത്തും ശ്രീ.ഭാസ്കരൻ കിടാവ്, പാലോട്ട് ഹൗസ്. മുടക്കല്ലൂർ. പി.ഒ, അത്തോളിയുടെ കത്തും ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രവും കത്തും (SRG/932/24)

വിഷയം:- കുന്നത്തറ സാംസ്കാരിക നിലയത്തിന് MLASDF - പദ്ധതിയിൽ ചെയ്ത പ്രവൃത്തിയുടെ തുക നൽകുന്നതു സംബന്ധിച്ച്

ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ കുന്നത്തറ സാംസ്കാരിക നിലയത്തിന് MLASDFൽ നിന്ന് 5.00 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചിരുന്നു. ശ്രീ. ഭാസ്കരൻ കിടാവ് എന്ന വ്യക്തി കൺവീനറായി പ്രവൃത്തി ആരംഭിക്കുകയും വയൽ പ്രദേശത്ത് മണ്ണിടുകയും തെങ്ങ് തടികൊണ്ടുള്ള പൈലിംഗ് നടത്തുകയും ചെയ്തു. ഫണ്ടിന്റെ കുറവു മൂലം വയൽ പ്രദേശത്തെ പൈലിംഗ് പ്രവൃത്തി നിർത്തി വച്ചു. കോക്കനട്ട് പൈലിംഗ് എസ്റ്റിമേറ്റിൽ ഇല്ലാത്തതിനാൽ ബിൽ

തയ്യാറാക്കിയില്ല. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ. കുന്നത്തറ സാംസ്കാരിക നിലയത്തിന് ജില്ലാ പഞ്ചായത്ത് 55.00 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. MLASDF പ്രകാരം ചെയ്ത പ്രവൃത്തിയുടെ എഗ്രിമെന്റ് ഫയൽ ഇപ്പോൾ ലഭ്യമല്ല. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി തുടങ്ങിയാൽ വയൽ പ്രദേശത്ത് മണ്ണടിച്ചതടക്കമുള്ള പ്രവൃത്തികളുടെ അളവെടുക്കാൻ കഴിയില്ല. അതിനാൽ മുൻപ് ചെയ്ത പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത് അർഹമായ തുക ലഭ്യമാക്കണമെന്നതു സംബന്ധിച്ച്. സർക്കാർ അനുമതി നൽകിയാൽ വാല്യുവേഷൻ പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

<u>05.12.2024-ലെ തീരുമാനം:-</u>MLASDF ൽ ചെയ്ത പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായും ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

**<u>24.06.2025 ന നൽകിയ റിപ്പോർട്ട്:-</u>** ഇതു സംബന്ധിച്ച് ഈ പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും പ്രവൃത്തിചെയ്ത കൺവീനറടക്കമുള്ളവരുടെയും യോഗം 14.01.2025, 29.05.2025 എന്നീ തീയതികളിലായി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിളിച്ചിരുന്നു.

പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് രേഖകളൊന്നും ലഭ്യമല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഈ സ്ഥലത്ത് കോക്കനട്ട് പൈലിംഗ് നടത്തി മണ്ണ് ഫില്ല് ചെയ്തിട്ടുണ്ടെന്ന് കൺവീനർ യോഗത്തിൽ അറിയിച്ചു. ഇവിടെ പുതിയ കെട്ടിടത്തിനായി പൈലിംഗ് നടത്തിയപ്പോൾ കോക്കനട്ട് പൈലിംഗ് നടത്തിയതിന്റെ തെളിവുകൾ കാണാൻ കഴിഞ്ഞിട്ടില്ല. 2010 -ൽ നടത്തിയ കോക്കനട്ട് പൈലിംഗിന്റെ മെഷർമെന്റ് എടുക്കുക പ്രായോഗികമല്ല. ഈ സാഹചര്യത്തിൽ മണ്ണ് ഫില്ല് ചെയ്തതിന്റെ മൂല്യനിർണ്ണയം നടത്തി തുക നൽകണോ എന്നതിന്മേൽ ഉചിത തീരുമാനം കോഓർഡിനേഷൻ കമ്മിറ്റിയിൽ എടുക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**<u>24.06.2025 ലെ തീരുമാനം</u>** - ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 20.09.2024-ന നൽകിയ സാക്ഷ്യപത്ര പ്രകാരം മണ്ണ് ഫില്ല് ചെയ്തതിന്റെ മൂല്യ നിർണ്ണയം ബന്ധപ്പെട്ട എഞ്ചിനീയർ നടത്തി നൽകുന്ന മുറയ്ക്ക് അർഹമായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.4 ഖണ്ഡിക 4.16**

**<u>കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ - മലപ്പുറം ജില്ലാ കമ്മിറ്റി</u>**

ബഹു. വേങ്ങര എം.എൽ.എ.യുടെ 19.07.2024 ലെ 114/MLA/Vengara/2024 -ാം നമ്പർ കത്തും കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ - മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറിയുടെ 21.06.2024-ലെ കത്തും അനുബന്ധരേഖകളും (SRG/626/2024)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഡോക്ടറെ നിയമിക്കുന്നത് സംബന്ധിച്ച്

ആരോഗ്യവകുപ്പ് നിയമിച്ചിരിക്കുന്ന ഡോക്ടർമാർക്ക് പുറമെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും (FHC&PHC), സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമെങ്കിൽ താലൂക്കാശുപത്രികളിലും നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഡോക്ടറെ നിയമിക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഇപ്രകാരം നിയമിക്കപ്പെടേണ്ട ഡോക്ടർമാരെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കേണ്ടത് ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മിറ്റി ആയിരിക്കണമെന്നും സർക്കാർ ഉത്തരവുണ്ട്. ഇപ്രകാരം ഡോക്ടറെ നിയമിക്കുമ്പോൾ ഡോക്ടറെ ലഭ്യമാകാൻ കാലതാമസം ഉണ്ടാകുമെന്നും പ്രാദേശികമായി ഡോക്ടറെ ലഭ്യമാകാതിരിക്കുകയും ചെയ്യുമെന്ന് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറി അറിയിച്ചിരിക്കുന്നു. അതിനാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി നിശ്ചയിക്കുന്ന സബ്കമ്മിറ്റിയും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും

ഉൾക്കൊള്ളുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി നിയമനം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച് .

<u>05.12.2024-ലെ തീരുമാനം</u>:-മലപ്പുറം, കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഡോക്ടർമാരെ കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുന്ന എന്നതും സുതാര്യമായ രീതിയിൽ ജില്ലാ തലത്തിൽ ഡോക്ടർമാരുടെ ഒരു പൂൾ തയ്യാറാക്കാനുമാണ് ഇപ്രകാരമൊരു രീതി കോർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം എടുത്തത് എന്ന് യോഗം വിലയിരുത്തി. എങ്കിലും മുകളിൽ പറഞ്ഞ ആവശ്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>24.06.2025 ന നൽകിയ റിപ്പോർട്ട്</u>:-** തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി നിശ്ചയിക്കുന്ന സബ്കമ്മിറ്റിയും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും ഉൾക്കൊള്ളുന്ന കമ്മിറ്റിക്ക് ഇന്റർവ്യൂ നടത്തി ഡോക്ടറെ കരാറടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണെന്നറിയിച്ചിട്ടുണ്ട്.

**<u>24.06.2025-ലെ തീരുമാനം</u> :-** കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി/ പ്രസിഡന്റ് ഇതിന്മേൽ അഭിപ്രായമറിയിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.4 ഖണ്ഡിക 4.23**

**<u>പുറമേരി ഗ്രാമപഞ്ചായത്ത്</u>**

**പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 630/24 - CC/469/24)**

**വിഷയം:-** മാലിന്യം നീക്കം ചെയ്തതിന്റെ ബിൽ തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുന്നത് സംബന്ധിച്ച്

പുറമേരി ഗ്രാമപഞ്ചായത്തിൽ 2020 - 21 കാലഘട്ടിൽ ഹരിതകർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ റോഡരികിലാണ് സൂക്ഷിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ MCF ഇല്ലായിരുന്നു. ഈ മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടി കൂടാതെ മുൻവർഷം മാലിന്യം നീക്കം ചെയ്ത **'കോണാറിസ്'** എന്ന സ്ഥാപനത്തെയാണ് ഏല്പിച്ചത്. ഒരു ലോഡിന് 13,000 രൂപ ക്രമത്തിൽ ആകെ 65.50 ലോഡ് മാലിന്യം നീക്കം ചെയ്തു. മാലിന്യം പ്രത്യേകമായി തരംതിരിച്ചിരുന്നില്ല. കമ്പനി നൽകിയ ബിൽ തുക 8,51,500 രൂപയാണ്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

<u>05.12.2024- ലെ തീരുമാനം</u> **:-**ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**2.5 <u>കോർഡിനേഷൻ കമ്മിറ്റിയുടെ 30.01. 2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**2.5 ഖണ്ഡിക 3.1**

**<u>സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം</u>**

വിവിധ തലത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് സംയുക്ത പ്രോജക്ടുകൾ ജില്ലയിൽ നടപ്പാക്കുന്നുണ്ട്. ഉദാ:- ABC പ്രോഗ്രാം, വൃക്ക രോഗികൾക്ക് ഡയാലിസിസ്, ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ് തുടങ്ങിയവ. ധനവകുപ്പിന്റെ 03.07.2018-ലെ 100/2018/ധന നമ്പർ ഉത്തരവും 26.05.2022-41/2022/ധന നമ്പർ സർക്കുലറും അനുസരിച്ച് സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ നിർവ്വഹണ സ്ഥാപനത്തിനു അവരവരുടെ വിഹിതം കൈമാറേണ്ടത് അലോട്ട്മെന്റ് രീതി വഴിയായിരിക്കണം എന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മുഖ്യ നിർവ്വഹണ തദ്ദേശഭരണസ്ഥാപനം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിന് റിക്വിസിഷൻ നൽകി ഓരോ ആവശ്യത്തിനും അതത് തദ്ദേശഭരണ സ്ഥാപനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക നൽകുന്നു. ഇത് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നു മാത്രമല്ല തുക ലഭിക്കേണ്ട ഗുണഭോക്താവിന് കൃത്യമായി സഹായം/ബിൽ തുക ലഭിക്കാത്ത സാഹചര്യവും ഉണ്ട്. ഈ

രീതി ഇത്തരം സംയുക്ത പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഈ ബുദ്ധിമുട്ട് ചൂണ്ടികാണിച്ച് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാൻ വൈമുഖ്യം കാണിക്കുന്നു. ഈ സാഹചര്യത്തിൽ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ തദ്ദേശഭരണ സ്ഥാപനത്തിന് വിഹിതം കൈമാറുന്ന രീതി ലളിതമാക്കേണ്ടതുണ്ട് എന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023, 22.01.2024 എന്നീ തീയതികളിലെ യോഗത്തിൽ വിലയിരുത്തുകയും ഈ വിഷയം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിരുന്നു.

മുഖ്യനിർവ്വഹണ തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെയോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റേയോ പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങി പദ്ധതിയിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സൗകര്യമൊരുക്കി നൽകണ മെന്നാണ് മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലെ തീരുമാനപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളോടാവശ്യപ്പെട്ടിരുന്നത്. 2021-2022 വരെ ഈ രീതിയാണ് തുടർന്നിരുന്നത്. ഇങ്ങനെ തുടങ്ങുന്ന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ ഓരോ വർഷവും മാർച്ച് 31-ന് ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് മാറ്റണമെന്ന രീതി അവലംബിച്ചുകൊണ്ടാണെങ്കിൽ പോലും സംയുക്ത പ്രോജക്ടുകൾക്ക് സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണമെന്ന് ധന വകുപ്പിനോട് വീണ്ടും ആവശ്യപ്പെടാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പിന്റെ റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ധനവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**2.5 ഖണ്ഡിക 4.10**

**<u>മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്</u>**

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.11.2024-ലെ കത്തും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.11.2024-ലെ 3-ാം നമ്പർ തീരുമാനവും 07.08.2024-ലെ 1-ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്, ആനിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ തീരുമാനവും അനുബന്ധരേഖകളും (SRG/1107/24)

വിഷയം:- ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനു വാങ്ങിയ ഭൂമി ലൈഫ് ലിസ്റ്റിലെ ഭൂരഹിത ഭവന രഹിതർക്ക് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളും ചേർന്ന് 2021-22-ൽ ലൈഫ് ഭവന പദ്ധതിയിൽ ഫ്ലാറ്റ് സമുച്ചയത്തിനായി 1.25 ഏക്കർ സ്ഥലം മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാങ്ങിയിരുന്നു. ഫ്ലാറ്റ് നിർമ്മാണത്തിന് ഭാരിച്ച തുക വരും എന്നതിനാൽ ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽപറഞ്ഞ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽപ്പെട്ട ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. ആനിക്കാട് ഗ്രാമപഞ്ചായത്തിൽ 53, കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ 59, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ 42 വീതം ഗുണഭോക്താക്കൾ (ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ) ഉണ്ട്. ഭൂമി വാങ്ങിയപ്പോൾ ആധാരത്തിൽ 'ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള ഭൂമി' എന്നാണ് ചേർത്തിരിക്കുന്നത്. ഇത് 'ഭൂരഹിതർക്ക് നൽകുന്നതിനുള്ള ഭൂമി' എന്ന് ആധാരത്തിൽ തിരുത്തൽ വരുത്താനും ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മുകളിൽ പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ലിസ്റ്റിലുള്ള ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തുകളുടെയും ഭരണസമിതികൾ തീരുമാനമെടുത്തിട്ടുണ്ട്.

<u>30.01.2025 ലെ തീരുമാനം:-</u> ഫ്ലാറ്റ് സമുച്ചയമാണോ വ്യക്തിഗത ഭവനമാണോ ഇവിടെ അനുയോജ്യമെന്നും ഫ്ലാറ്റ് സമുച്ചയമാണെങ്കിൽ സംഭാവന യിലൂടെ അധിക വിഹിതം കണ്ടെത്താൻ കഴിയുമോ എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പ്രിൻസിപ്പൽ ഡയറക്ടറെയും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച് റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>3) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**2.5 ഖണ്ഡിക 4.38**
**കൊണ്ടോട്ടി നഗരസഭ**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2024-ലെ കത്തും കൊണ്ടോട്ടി നഗരസഭാ സെക്രട്ടറിയുടെ 14.11.2024-ലെ G4(E2) - 5934/22-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 879/24 - CC/411/24)

വിഷയം:- വീടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച്

കൊണ്ടോട്ടി നഗരസഭയിൽ 7-ാം വാർഡിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.അമാരൻ സുബ്രഹ്മണ്യൻ താമസിക്കുന്ന ഈത്തുംകുഴി ഭാഗം ചെങ്കുത്തായ അപകടാവസ്ഥയിലുള്ള പ്രദേശമാണ്. ഈ ഗുണഭോക്താവ് വീടിന്റെ തറ നിർമ്മാണം പൂർത്തിയാക്കി. വീടിന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷന് പരാതി നൽകിയിരുന്നു. എത്രയും പെട്ടെന്ന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 25.03.2022-ൽ ഉത്തരവായിട്ടുണ്ട്. രണ്ടു സൈഡുകളിലായുള്ള സംരക്ഷണഭിത്തി പൊളിച്ച് 40 മീറ്റർ ഭിത്തി പുനർ നിർമ്മിക്കുന്നതിന് ആകെ 12.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. ഈ വ്യക്തിക്ക് 15.5 സെന്റ് സ്ഥലമുണ്ട്. നഗരസഭയുടെ എസ്.സി.പി ഫണ്ടുപയോഗിച്ച് ഈ പ്രവൃത്തി ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്

<u>30.01.2025 ലെ തീരുമാനം :-</u> ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് റിപ്പോർട്ട് നൽകി.

**<u>24.06.2025 ന നൽകിയ റിപ്പോർട്ട്:-</u>** ഇവിടെ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടത് അനിവാര്യമാണെന്ന് റിപ്പോർട്ട് നൽകിയിരിക്കുന്നു. മുകളിൽ പറയുന്ന ശ്രീ.അമാരൻ സുബ്രഹ്മണ്യൻ ഉൾപ്പെടെ അപകട ഭീഷണി നിലനിൽക്കുന്ന മറ്റു കുടുംബങ്ങൾക്കും പ്രയോജനം ലഭ്യമാകത്തക്ക രീതിയിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഇവിടെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എസ്.സി.പി. വിഹിതം ഉപയോഗിക്കാൻ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട പ്രകാരം 28.05.2024-ന് പട്ടികജാതി വികസന ഓഫീസർ ഫീസിബിലിറ്റി നൽകിയിട്ടുണ്ട്. ഇവിടെയുള്ള 32 കുടുംബങ്ങളിൽ 50 ശതമാനത്തിലധികം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഇതിൽ 7 കുടുംബങ്ങളുടെ വീട് അപകടഭീഷണി നേരിടുന്നുണ്ട്. ഇതിന് എസ്റ്റിമേറ്റ് പ്രകാരം വലിയ തുക ആവശ്യമായി വരുമെന്നറിയിച്ചിട്ടുണ്ട്.

**<u>24.06.2025 ലെ തീരുമാനം:-</u>** കത്തിൽ പരാമർശിച്ചിരിക്കുന്ന വ്യക്തിക്ക് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകാൻ അനുമതി നൽകുന്നു. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് കൂടി പരിഗണിച്ച് അപകടാവസ്ഥയിലുള്ള മറ്റു കുടുംബങ്ങളുടെ വീടിനും സംരക്ഷണഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം നഗരസഭ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**<u>2.6 കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**2.6 ഖണ്ഡിക 3.2**
**കേന്ദ്രാവിഷ്കൃത പദ്ധതി**

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണവും ചെലവും പ്രത്യേകമായി അവലോകനം ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും നടപടി സ്വീകരിക്കണം. ഇതു സംബന്ധിച്ച നടപടി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്<br>3)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**2.6 ഖണ്ഡിക 4.24**

**കൊടകര ബ്ലോക്ക് പഞ്ചായത്ത്**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2024-ലെ കത്തും കൊടകര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 03.10.2024-ലെ 4(1) -ാം നമ്പർ തീരുമാനവും (SRG/1120/24 - CC659/2024)

തീരുമാനം:- ബ്ലോക്ക് പഞ്ചായത്തിന്റെ ഷീ വർക്ക് സ്പേസിന്റെ നിർമ്മാണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 83/22 | അടങ്കൽ | 1,77,04,325 രൂപ |
| | വികസന ഫണ്ട് ജനറൽ | 31,34,335 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 31,20,000 രൂപ |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 1,14,50,000 രൂപ |
| *പേര്:-* | കൊടകര ബ്ലോക്ക് പഞ്ചായത്ത് 2021-22 ഷീവർക്ക് സ്പേസ് | |

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഷീവർക്ക് സ്പേസ് പദ്ധതിയുടെ നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഏല്പിച്ചത്. കരാർ പ്രകാരം 17.03.2024-ലാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടത്. ഈ ദിവസത്തിനകം നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ 1 ശതമാനം പിഴയോടെ 6 മാസത്തേയ്ക്ക് കൂടി (17.09.2024 വരെ) കാലാവധി നീട്ടാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തെങ്കിലും ULCCS യുമായി സപ്ലിമെന്ററി കരാർ വച്ചിരുന്നില്ല. പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകണമെന്ന് വീണ്ടും ULCCS ആവശ്യപ്പെട്ടിട്ടുണ്ട്. 17.09.2024 ന് പൂർത്തീകരിക്കാത്തതിനാൽ 2 ശതമാനം പിഴ ഈടാക്കി 6 മാസത്തേക്ക് കൂടി കരാർ പുതുക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ULCCS ന്റേതല്ലാത്ത കാരണം കൊണ്ടാണ് കാലപരിധിക്കകം നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തത് എന്നറിയിച്ചിട്ടുണ്ട്. ഷീ വർക്ക് സ്പേസിന്റെ മറ്റ് ഫേസ് കൂടി ചേർത്ത് ആകെ 5.78 കോടി രൂപയുടെ പാർട്ട് ബില്ലുകൾ ULCCS നൽകിയെങ്കിലും അഡ്വാൻസ് തുകയായ 1.67 കോടി രൂപ കൂടാതെ ആകെ 80.00 ലക്ഷം രൂപ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് നൽകിയത്. ഈ സാഹചര്യത്തിൽ പിഴയിൽ ഇളവ് നൽകി പൂർത്തീകരണ തീയതി ദീർഘിപ്പിച്ചുകൊണ്ട് കരാറിൽ ഏർപ്പെടാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

<u>27.03.2025-ലെ തീരുമാനം</u> :- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ബി/ഡി.ഇ) വകുപ്പ് |

**2.6 ഖണ്ഡിക 4.42**

**കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്**

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 2-ാം വാർഡ് മെമ്പറുടെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ 4.1-ാം നമ്പർ യോഗ തീരുമാനവും (SRG/245/25)

വിഷയം:- ജലവിഭവ വകുപ്പിന്റെ സ്ഥലത്ത് വനിതാ വിപണനകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച്

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലത്ത് വനിതാ വിപണനകേന്ദ്രം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിച്ചിരുന്നു. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് നിബന്ധനകളോടെ വിപണനകേന്ദ്രം നിർമ്മിക്കാൻ ജലസേചന വകുപ്പ് അനുമതി നൽകിയിരുന്നു. വിപണകേന്ദ്രം നിർമ്മിക്കണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023, 22.01.2024 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിച്ചിരുന്നു. ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകിയിരുന്നു. 9,29,405 രൂപ വകയിരുത്തി കോൺക്രീറ്റ്

കെട്ടിടമാണ് വനിതാ വിപണകേന്ദ്രത്തിന് നിർമ്മിക്കാനുദ്ദേശിച്ചിരിക്കുന്നതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു. എല്ലാ നിർമ്മാണവും താൽക്കാലികമായി മാത്രമേ പരിഗണിക്കൂ എന്ന് ജലസേചന വകുപ്പ് അറിയിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ സ്ഥലം പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകിയാൽ മാത്രമേ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയൂ എന്നും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗം അനുമതി നിരസിച്ചിരുന്നു. എന്നാൽ ഇത് പുനപരിശോധിച്ച് അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് വീണ്ടും ആവശ്യപ്പെട്ടു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.1.2024-ലെ യോഗം പരിഗണിച്ചു. വിപണനകേന്ദ്രത്തിന് സ്ഥിരമായ കെട്ടിടം നിർമ്മിക്കാൻ ജലസേചന വകുപ്പ് അനുമതി നൽകണമെന്ന നിബന്ധനയോടെ മാത്രം കെട്ടിടം നിർമ്മിക്കാനാണ് അനുമതി നൽകിയത്. ഒപ്പം ബ്ലോക്ക് പഞ്ചായത്തിൽ RRF ഇല്ലായെങ്കിൽ ബാക്കി ലഭ്യമായ സ്ഥലത്ത് RRF നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് നടപടിയെടുക്കണമെന്നും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഇതിനു മുമ്പും ജലസേചന വകുപ്പിന്റെ സ്ഥലത്ത് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ടെന്ന് ഡിവിഷൻ മെമ്പർ കത്തിലൂടെ അറിയിച്ചിരിക്കുന്നു. പഞ്ചായത്ത് സെക്രട്ടറി കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നടപ്പാക്കാനുള്ള നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ വിപണനകേന്ദ്രം നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

<u>27.03.2025-ലെ തീരുമാനം</u> :-

1) കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ യോഗ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഒപ്പം 22.01.2024 -ലെ കോഓർഡിനഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചതുപോലെ ബ്ലോക്ക് പഞ്ചായത്തിൽ RRF ഇല്ലായെങ്കിൽ ബാക്കി ലഭ്യമായ സ്ഥലത്ത് RRF നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കണം.
2) കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ചോദിക്കാൻ തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച നടപടി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ ( ഡി.എ) വകുപ്പ് |

**<u>2.6 ഖണ്ഡിക 4.43</u>**
**<u>ആരക്കുഴ ഗ്രാമപഞ്ചായത്ത്</u>**

MGNREGS മിഷൻ ഡയറക്ടറുടെ 13.01.2025-ലെ NREGA/303/2023/A4 നമ്പർ കത്തും ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.12.2024-ലെ SC1-421/24-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/261/25 , LSGD/DD2/14/2025/LSGD)

വിഷയം:- എറണാകുളം ജില്ലയിൽ ആരക്കുഴ ഗ്രാമപഞ്ചായത്തിൽ MGNREGS പദ്ധതിയിൽ ഏറ്റെടുത്ത റോഡ് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

ആരക്കുഴ ഗ്രാമപഞ്ചായത്തിൽ കടുക്കാസിറ്റി തൂക്കാരക്കുന്നേൽ റോഡ് കോൺക്രീറ്റിംഗ്, മാറ്റാപ്പിള്ളി മലമാളിയകത്തടം തൊണ്ട് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ 2020-21 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികൾ ശ്രീ. പി.കെ. ശിവൻ, പുന്നക്കുഴിയിൽ വീട്, ശ്രീ. എ.കെ. വാസുദേവൻ, ആരാശ്ശേരിൽ എന്നിവരാണ് നൽകിയത്. ഈ പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ മസ്റ്റർ റോൾ എടുക്കാത്തതിനാൽ കരാറുകാരന് മെറ്റീരിയൽ സപ്ലൈ ചെയ്തതിന്റെ തുക നൽകാൻ കഴിഞ്ഞില്ല. തുടർന്ന് കരാറുകാരൻ ബഹു. MGNREGS ഓംബുഡ്സ് മാന് പരാതി നൽകി. ശ്രീ.എം.കെ. വാസുദേവന് 2,95,950 രൂപയും ശ്രീ ശിവന് 4,20,473 രൂപയുമാണ് കരാർ പ്രകാരം ലഭിക്കേണ്ടത്. ഈ തുക 31.03.2023-നകം MGNREGS ഫണ്ടിൽ നിന്നോ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ യുക്തമായ മറ്റ് സ്രോതസ്സിൽ നിന്നോ നൽകാൻ ബഹു.ഓംബുഡ്സ്മാൻ 13.03.2023-ൽ ഉത്തരവായി. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കാനും ഉത്തരവായിട്ടുണ്ട്. തുക കിട്ടാൻ കാലതാമസമുണ്ടായതിനാൽ

മുകളിൽ പറഞ്ഞ കാരാറുകാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഒപ്പം ഗ്രാമപഞ്ചായത്ത് അപ്പീലും നൽകി. ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവ് പ്രകാരമുള്ള തുക പരാതിക്കാർക്ക് 3 മാസത്തിനകം നൽകാൻ ബഹു. ഹൈക്കോടതി 13.11.2024-ന് WP(C)Nos.13280, 13331,26029 of 2024 പ്രകാരം ഉത്തരവായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടില്ലാത്തതിനാൽ MGNREGS ൽ നിന്ന് ഈ തുക നൽകണമെന്ന് ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി MGNREGS മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. MGNREGS ന്റെ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രവൃത്തികൾ ചെയ്തതെന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് തുക നൽകാൻ കഴിയില്ലെന്നും ഈ തുക ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകണമെന്നും മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. ഈ വിഹിതം ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നു നൽകണമെന്ന മിഷൻ ഡയറക്ടറുടെ ആവശ്യം സംബന്ധിച്ച്

27.03.2025-ലെ തീരുമാനം :-

1) ഗ്രാമപഞ്ചായത്തിന്റെ 01.03.2025 ലെ തനത് ഫണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 55,37,392 രൂപ ഗ്രാമപഞ്ചായത്തിന് 2024-25 വർഷം മിച്ചമുണ്ട്. അതിനാൽ ഈ തുക തനത് ഫണ്ടിൽ നിന്ന് നൽകാൻ നിർദ്ദേശം നൽകുന്നു.
2) തനത് ഫണ്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11.12.2024 -ൽ തെറ്റായി അറിയിച്ചത് വീഴ്ചയാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആരായാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഈ പ്രവൃത്തിയുടെ നിർവഹണ ഘട്ടത്തിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച നടപടി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ് |

**2.7 കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.7 ഖണ്ഡിക 4.3**

**പഴയന്നൂർ ബ്ലോക്ക് ഗ്രാമപഞ്ചായത്ത്**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2024-ലെ കത്തും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.01.2024-ലെ 5-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/5/25 - CC/106/24)

വിഷയം:- വനിതാ SHG കൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ഷെഡ് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 135/24 | *അടങ്കൽ* | *6,65,246 രൂപ (എസ്.സി.പി)* |
| *പേര്* | വനിതാ SHG കൾക്ക് തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം - അംബേദ്കർ മെമ്മോറിയൽ - പഴയന്നൂർ | |

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷം SHG കൾക്ക് തൊഴിൽ പരിശീലന കേന്ദ്രത്തിനുള്ള ഷെഡ് നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിന്റെ ഭാഗമായി ഡോ.അംബേദ്കർ മെമ്മോറിയൽ പട്ടികജാതി കലാ സഹകരണസംഘത്തിന് ഷെഡ് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ നിർമ്മാണം ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലാണ്. മാർഗ്ഗരേഖ പ്രകാരം നിർമ്മാണ ചെലവിന്റെ 50 ശതമാനമാണ് ധനസഹായം നൽകാവുന്നത്. നിലവിൽ 277 അംഗങ്ങളുള്ള സംഘത്തിൽ മുഴുവൻ പട്ടികജാതി വിഭാഗക്കാരാണ്. മുൻപ് സംഘത്തിലെ കലാകാരന്മാർ കലാപരിപാടികൾ നടത്തുന്നുണ്ടായിരുന്നു. ഇപ്പോൾ കലാ പരിപാടികൾ നടത്തുന്നില്ല. വാദ്യോപകരണങ്ങൾ, പവർ ടൂൾസ് എന്നിവ വാടകയ്ക്ക് നൽകുകയാണ് സംഘത്തിന്റെ ഇപ്പോഴത്തെ പ്രധാന വരുമാന സ്രോതസ്സ്. 2022-23 -ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തന്നാണ്ടിൽ 30,248 രൂപ നഷ്ടവും ആകെ നഷ്ടം 12,35,282 രൂപയുമാണ്. ഈ സാഹചര്യത്തിൽ ഷെഡു നിർമ്മാണത്തിന് സംഘത്തിന് ധനസഹായം നല്കാൻ സാധിക്കില്ല. എങ്കിൽ കൂടി 50 ശതമാനം തുക സംഘം അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി മുഴുവൻ തുക നൽകണമെന്നതു സംബന്ധിച്ച്

24.04.2025-ലെ തീരുമാനം :-

1) ആവശ്യം പരിഗണിച്ചില്ല. പട്ടികജാതി വികസന വകുപ്പിൽ നിന്ന് സംഘത്തിന് പ്രത്യേകം ധനസഹായം നൽകാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്
2) ഈ കെട്ടിടത്തിൽ തൊഴിൽ പരിശീലനം, മറ്റു വരുമാനദായക പ്രവൃത്തികൾ എന്നിവ ആരംഭിച്ച് സംഘം ലാഭത്തിലാക്കാനുള്ള മറ്റു പ്രവർത്തനങ്ങൾക്കായി പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു. ഇതു നൽകുന്ന മുറയക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകുന്നതിന് അനുമതി പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.7 ഖണ്ഡിക 4.7**
**കണ്ണൂർ ജില്ലാ പഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG/94/25 - CC/20/25)

വിഷയം:- സ്കൂൾ കുട്ടികൾ മുഖേന വിതരണം ചെയ്യുന്ന കോഴികുഞ്ഞുങ്ങൾക്ക് 100 ശതമാനം സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 63/25 | അടങ്കൽ | 3,25,000 രൂപ<br>വികസനഫണ്ട് ജനറൽ - 1,62,500 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം 1,62,500 രൂപ |
| പേര് | സ്കൂൾ പൗൾട്രി ക്ലബ് - ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം | |

ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ 50 കുട്ടികൾക്ക് 46-50 ദിവസം പ്രായമായ 5 കോഴികളെ വീതം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട്. 50 ശതമാനം വീതം ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും വഹിക്കും. 5 കോഴികൾ അടങ്ങുന്ന ഒരു യൂണിറ്റിന് 600 രൂപയാണ് മാർഗ്ഗരേഖ പ്രകാരമുള്ള യൂണിറ്റ് ചെലവ്. തദ്ദേശഭരണ സ്ഥാപനം മുഴുവൻ തുകയും സബ്സിഡിയായി നൽകുന്നു ( Rs.120 x5 Nos.). എന്നാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഒരു കോഴിയുടെ വില 120 രൂപയിൽ നിന്ന് 130 രൂപയായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗം വർദ്ധിപ്പിച്ചു. എന്നാൽ അധികമായി വരുന്ന 10 രൂപ ഗുണഭോക്താവ് വഹിക്കണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. മൃഗസംരക്ഷണ വകുപ്പിൽ ഒരു കോഴിയുടെ വില 130 രൂപയാണ്. ഈ സാഹചര്യം പരിഗണിച്ച് സ്കൂൾ കുട്ടികൾക്ക് കോഴികുഞ്ഞുങ്ങളെ 100 ശതമാനം സബ്സിഡിയോടെ (കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള 10 രൂപ ഉൾപ്പെടെ) നൽകാൻ അനുമതി സംബന്ധിച്ച്

24.04.2025 -ലെ തീരുമാനം :-കോഴികളെ സ്കൂൾ കുട്ടികൾക്ക് നൽകുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം കൂടി തേടി പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.7 ഖണ്ഡിക 4.9**
**മലപ്പുറം ജില്ലാ പഞ്ചായത്ത്**

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.02.2025-ലെ DP(MPM)/12/2025 -ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.02.2025-ലെ 1(9)-ാം നമ്പർ തീരുമാനവും (SRG/241/25)

വിഷയം:- ജില്ലയിൽ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ്/ സോളാർ ലൈറ്റ് സ്ഥാപിച്ചതിന് സാധൂകരണം നൽകുന്നത് സംബന്ധിച്ച് .

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2023-24, 2024-25 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

2023-24 വാർഷിക പദ്ധതിയിൽ അംഗീകാരം വാങ്ങിയ പദ്ധതികൾ നിർവ്വഹണം പൂർത്തിയാക്കി തുക കൈമാറിയിട്ടുണ്ട്. 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ കരാർ വച്ച് നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തുകൾക്കായതിനാൽ നിലവിൽ നിർവ്വഹണം പൂർത്തിയാക്കിയിട്ടുള്ള 2023-24-ലെ പ്രോജക്ടുകൾക്കും നിർവ്വഹണം ആരംഭിച്ചിട്ടുള്ള 2024-25-ലെ പ്രോജക്ടുകൾക്കും സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

സോളാർ മിനിമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനത്തിനായുള്ള പദ്ധതികളിൽ 2023-24 വർഷം 11 പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തുക കൈമാറിയിട്ടുള്ളതും 2024-25 വാർഷിക പദ്ധതിയിൽ ഇതേ ആവശ്യത്തിലേയ്ക്ക് 15 പദ്ധതികൾ കരാറിൽ ഏർപ്പെട്ട് നിർവഹണം ആരംഭിച്ചിട്ടുമുണ്ട്.

**നടപ്പാക്കിയ പ്രോജക്ടുകൾ 2023-24**

| നം | പ്രോജക്ട് നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -1074/25 (386/24) | മലപ്പുറം ജില്ലയിലെ വിവിധ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 2,55,00,000 |
| 2 | പ്രോജക്ട് നമ്പർ -1338/25 (1277/24) | മലപ്പുറം ജില്ലയിലെ വിവിധ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 45,00,000 |
| 3 | പ്രോജക്ട് നമ്പർ -1380/25 (1401/24) | മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ്-- ലൈറ്റ് സ്ഥാപിക്കൽ | 41,80,180 |
| 4 | പ്രോജക്ട് നമ്പർ -1430/25 (1515/24) | എടക്കര പോത്തുകല്ല് പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സാഥാപിക്കൽ | 14,21,778 |
| 5 | പ്രോജക്ട് നമ്പർ -1437/25 (1523/24) | ചോക്കാട് ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 14,21,737 |
| 6 | നമ്പർ -1447/25 (1538/24) | പോത്തുകല്ല് എടക്കര പഞ്ചായത്തിലെ വിവിധ എസ്സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സാഥാപിക്കൽ - എടക്കര | 19,71,290 |
| **7** | പ്രോജക്ട് നമ്പർ -385/24 | മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,62,38,362 |
| **8** | പ്രോജക്ട് നമ്പർ -924/24 | ദീപം - വഴിക്കടവ്- എടക്കര ഗ്രാമ പഞ്ചായത്തുകളിലെ പട്ടിക ജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- | 20,00,000 |
| **9** | പ്രോജക്ട് നമ്പർ -1030/24 | മരംവെട്ടിച്ചാൽ കുറ്റിക്കാട് കരുളായി എന്നിവിടങ്ങളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 15,00,000 |
| **10** | പ്രോജക്ട് നമ്പർ -1005/24 | വല്ലിക്കുന്ന് ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ സോളാർ മിനി ലൈറ്റ് സ്ഥാപിക്കൽ | 20,00,000 |
| **11** | പ്രോജക്ട് നമ്പർ -1031/24 | ചോക്കാട് ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 25,00,000 |
| | | **ആകെ** | **6,32,33,347** |

## നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകൾ (2024-25)

| നം | പ്രോജക്ട് നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -394/25 | നവജ ഗ്രാമം പ്രഖ്യാപിച്ച വാർഡുകളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,49,99,999 |
| 2 | പ്രോജക്ട് നമ്പർ -396/25 | കരുവാരക്കുണ്ട് പൊൻമുണ്ടം രണ്ടത്താണി നന്നമ്പ്ര അരിക്കോട് ഡിവിഷനുകളിലെ വിവിധ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,44,98,629 |
| 3 | പ്രോജക്ട് നമ്പർ -398/25 | പൊന്മുണ്ടം എടവണ്ണ ആതവനാട് മാറഞ്ചേരി വള്ളിക്കുന്ന് പൂക്കോട്ടൂർ അങ്ങാടിപ്പുറം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,28,50,000 |
| 4 | പ്രോജക്ട് നമ്പർ -431/25 | ചോക്കാട് ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 60,00,000 |
| 5 | പ്രോജക്ട് നമ്പർ -432/25 | ചോക്കാട് ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 60,00,000 |
| 6 | പ്രോജക്ട് നമ്പർ -433/25 | ചോക്കാട് ഡിവിഷനിലെ വിവിധ എസ്.റ്റി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 28,85,000 |
| 7 | പ്രോജക്ട് നമ്പർ -1277/25 (275/24) | ചോക്കാട് ഡിവിഷനിലെ വിവിധ എസ്.റ്റി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 60,00,000 |
| 8 | പ്രോജക്ട് നമ്പർ -1503/25 | രണ്ടത്താണി ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽസോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 11,40,000 |
| 9 | പ്രോജക്ട് നമ്പർ -1536/25 | ഒഴൂർ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 14,99,999 |
| 10 | പ്രോജക്ട് നമ്പർ -1549/25 | തൃക്കലങ്ങോട് അരിക്കോട് ഡിവിഷനുകളിലെ വിവിധ പ്രദേശങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 31,35,000 |
| 11 | പ്രോജക്ട് നമ്പർ -1550/25 | തൃക്കലങ്ങോട് ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽസോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 31,35,000 |
| 12 | പ്രോജക്ട് നമ്പർ -1572/25 | മംഗലം ഡിവിഷനിലെ വിവിധ എസ്സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 19,99,999 |
| 13 | പ്രോജക്ട് നമ്പർ -1573/25 | മംഗലം ഡിവിഷനിലെ വിവിധ സ്ഥലങ്ങിൽ സോളാർ മിനി ലൈറ്റ് സ്ഥാപിക്കൽ | 10,00,000 |
| 14 | പ്രോജക്ട് നമ്പർ -1589/25 | എടപ്പാൾ ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 24,99,999 |
| 15 | പ്രോജക്ട് നമ്പർ -397/25 | എടയൂർ മക്കരപ്പറമ്പ വണ്ടൂർ വഴിക്കടവ് ചങ്ങരംകുളം - ആനക്കയം ചുങ്കത്തറ ഡിവിഷനുകളിലെ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,37,00,000 |
| | | **ആകെ** | **9,13,43,627** |

24.04.2025-ലെ തീരുമാനം :-

1) ജില്ലാ പഞ്ചായത്ത് 2023-24 വർഷം നടപ്പാക്കിയ പ്രോജക്ടുകളിന്മേൽ ഓഡിറ്റ് കുറിപ്പുണ്ടെങ്കിൽ തുടർനടപടി വകുപ്പുതലത്തിൽ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

2) ജില്ലാ പഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കാൻ പ്രോജക്ട് എടുക്കുന്ന അവസരങ്ങളിൽ വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറി നടത്തണമെന്ന് മുൻ കോഓർഡിനേഷൻ കമ്മിറ്റികളിൽ ജില്ലാ

പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നതാണ്. എന്നിട്ടും ഈ പ്രോജക്ട് ജില്ലാ പഞ്ചായത്ത് നേരിട്ടാണ് നടപ്പാക്കിയതെങ്കിൽ വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. 2024-25 വർഷം എപ്രകാരമാണ് പ്രോജക്ട് നടപ്പാക്കിയത്, നിർവഹണ ഏജൻസി ഏതാണ്, സോളാർ മിനി മാസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ പാലിച്ചിരുന്നോ തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>24.06.2025-ലെ റിപ്പോർട്ട്:-</u>** മലപ്പുറം ജില്ലാ പഞ്ചായത്ത് 2024-25 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയ മുകളിൽ പറഞ്ഞ 15 പ്രോജക്ടുകൾ നടപടിക്രമങ്ങൾ പാലിച്ച് അംഗീകൃത PMC കളെ ടെണ്ടർ നടത്തി കണ്ടെത്തി. ഇവർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടറിലൂടെ കരാറുകാരനെ തെരഞ്ഞെടുത്തത്. ക്രമനമ്പർ 1 മുതൽ 14 വരെയുള്ള പ്രവൃത്തികൾ KEL മുഖേനയും ക്രമനമ്പർ 15 SILK മുഖേനയും (രണ്ടും PMC കൾ ) ആണ് നടപ്പാക്കുന്നത്. 80 ശതമാനം പ്രവൃത്തികൾ പൂർത്തിയായി. മഴ കാരണം പോസ്റ്റുകൾ സ്ഥാപിച്ചിട്ടില്ല.

സോളാർ മിനിമാസ്റ്റ് പ്രവൃത്തികൾക്ക് വൈദ്യുതി ബില്ല് പോലുള്ള ആവർത്തന ചെലവ് ഇല്ലാത്തതിനാൽ വണ്ടൂർ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള മറ്റു ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഭരണസമിതി തീരുമാനം ലഭ്യമായിട്ടില്ല.

**<u>24.06.2025-ലെ തീരുമാനം:-</u>** ജില്ലാ പഞ്ചായത്ത് മിനി മാസ്റ്റ് സ്ഥാപിക്കുമ്പോൾ വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി വേണം നടപ്പാക്കേണ്ടതെന്ന് മുൻ കോഓർഡിനേഷൻ കമ്മിറ്റികളിലെല്ലാം ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാ പഞ്ചായത്തുകളോട് നിർദ്ദേിച്ചിരുന്നതാണ്. എന്നിട്ടും ഈ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾ നേരിട്ട് നടപ്പാക്കിയത് വീഴ്ചയാണ് എന്നത് ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. തന്നെയുമല്ല ഒരു ഗ്രാമപഞ്ചായത്തൊഴികെ മറ്റൊരു ഗ്രാമപഞ്ചായത്തും സമ്മതപത്രം നൽകിയിട്ടുമില്ല. ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശം നൽകുന്നു. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രം വാങ്ങിയതിനുശേഷമേ 2024-25 ലെ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിക്കാവൂ എന്ന് ജില്ലാ പഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.7 ഖണ്ഡിക 4.22**

**<u>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - കെയർ ഫണ്ട്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.12.2024-ലെ LSGD/PD/2646/2024 - EPEP1 നമ്പർ കത്ത് (SRG/24/2025 - LSGD /IA1/364/2024)

വിഷയം:- അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി കെയർ ഫണ്ട് സ്വരൂപിക്കുന്നതു സംബന്ധിച്ച്.

തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സർക്കാരിന്റെയും വിഹിതം അപര്യാപ്തമായതിനാൽ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വീട്, ഭൂമിയും വീടും, മറ്റു സഹായങ്ങൾ എന്നിവ നൽകുന്നതിന് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - കെയർ ഫണ്ട് സ്വരൂപിക്കാവുന്നതാണ് എന്ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.12.2024 നു നടന്ന അവലോകന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സുമനസ്സുള്ള വ്യക്തികൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവരിൽ നിന്ന് സംഭാവനകൾ/CSR ഫണ്ട് എന്നിവ സ്വരൂപിക്കാനും ഇപ്രകാരം ലഭിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്റേയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും അനുമതി സംബന്ധിച്ച്.

<u>24.04.2025-ലെ തീരുമാനം:-</u> ഫണ്ട് ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ചെലവഴിക്കുന്ന തിനുമുള്ള മാർഗ്ഗരേഖ തയ്യാറാക്കി നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഗ്രാമപഞ്ചായത്തിലും മറ്റും ഇപ്പോൾ ദുരിതാശ്വാസ നിധി രൂപീകരിക്കാൻ അനുമതിയുണ്ട്. ഇതു കൂടി പരിഗണിച്ച് ഇരട്ടിപ്പുണ്ടാകുമോ എന്നതടക്കമുള്ള സാങ്കേതിക പ്രശ്നം കൂടി മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ പരിഗണിക്കണം. ഫണ്ട് സൂക്ഷിക്കുന്നതിനും EPIP യുടെ ലക്ഷ്യം കൈവരിച്ചതിനുശേഷം ഫണ്ട് വിനിയോഗം എങ്ങനെയാണ് എന്നതും മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണം. മാർഗ്ഗരേഖ നൽകുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ തലത്തിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്കായി കെയർ ഫണ്ട് രൂപീകരിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

ഇതു സംബന്ധിച്ച് താഴെപ്പറയും പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രത്യേക റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>24.06.2025 നു നൽകിയ റിപ്പോർട്ട്</u>** :- അതിദരിദ്ര നിർമ്മാർജ്ജന പദ്ധതിയുടെ നിർവ്വഹണത്തിനായി 2025-26 സാമ്പത്തിക വർഷത്തിൽ 60 കോടി രൂപ ഗ്യാപ് ഫണ്ടായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിദരിദ്ര കുടുംബങ്ങൾ കൂടുതലുള്ളതും എന്നാൽ മതിയായ തുക കണ്ടെത്താൻ കഴിയാത്തതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം, അതിദരിദ്രരുടെ ഭവന പദ്ധതിക്കായി പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ള തുക, ഇനി ആവശ്യമുള്ള തുക തുടങ്ങിയ വിവരങ്ങൾ തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ശേഖരിച്ചു. ഇതനുസരിച്ച് 6.1 കോടി രൂപ മാത്രമാണ് ഇനിയും ആവശ്യമായുള്ളത്. ഈ സാഹചര്യത്തിൽ അതിദരിദ്ര കുടുംബങ്ങൾക്ക് സുരക്ഷിതമായ വാസസ്ഥലം അനുവദിക്കുന്നതിനായി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയ്ക്ക് സ്പെഷ്യൽ കെയർ ഫണ്ട് സ്വരൂപീക്കേണ്ട ആവശ്യം ഇല്ല എന്നറിയിച്ചിട്ടുണ്ട്.

**<u>24.06.2025-ലെ തീരുമാനം:-</u>** ഈ വർഷം (2025-26) ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 60.00 കോടി രൂപ ഏതൊക്കെ ആവശ്യത്തിനാണ് ചെലവഴിക്കേണ്ടത് എന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി. ആവശ്യമെങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന്റെ അഭിപ്രായം കൂടി തേടേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**2.7 ഖണ്ഡിക 4.31**
**<u>കൂത്തുപറമ്പ് നഗരസഭ</u>**

സർക്കാരിന്റെ 27.09.2024-ലെ DA1/358/2024/തസ്വഭവ നമ്പർ കത്തും കൂത്തുപറമ്പ് നഗരസഭാ ചെയർപേഴ്സന്റെ 04.09.2024-ലെ കത്തും (SRG/926/24)

വിഷയം:- ഡയാലിസിസ് യൂണിറ്റിലെ ജീവനക്കാർക്ക് വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

കൂത്തുപറമ്പ് നഗരസഭയിൽ 2018 മുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കൂത്തുപറമ്പ് താലൂക്കാശുപത്രിയോട് ചേർന്നാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ഇവിടെ 500 ലധികം രോഗികൾ ഡയാലിസിസിനായി അപേക്ഷിച്ചിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി നിയമിക്കുന്ന ടെക്നീഷ്യൻ അടക്കമുള്ളവർക്ക് വേതനം നഗരസഭയിൽ നിന്ന് നൽകാൻ അനുമതി സംബന്ധിച്ച്. ഇതുവരെയുള്ള വേതനം കിഡ്നി വെൽഫയർ സൊസൈറ്റിയും നഗരസഭാ വിഹിതവും ഉപയോഗിച്ചാണ് നൽകിയതെന്നറിയിച്ചിട്ടുണ്ട്.

<u>24.04.2025 -ലെ തീരുമാനം</u> :-

1) ഡയാലിസിസ് യൂണിറ്റിന് വേതനമടക്കമുള്ള ചെലവ് സ്വന്തമായി കണ്ടെത്തുന്ന രീതി സ്വീകരിക്കേണ്ടതാണ്. ഓരോ രോഗിക്കും പ്രതിമാസം 4000 രൂപ വീതം ബന്ധപ്പെട്ട നഗരസഭ/ഗ്രാമപഞ്ചായത്ത് നൽകുന്നുണ്ട്. ഈ തുക ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് നേരിട്ടാണ് നൽകുന്നത്. ഈ വിഹിതം ഉപയോഗിച്ച് വേതനമടക്കമുള്ള ചെലവ് കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

   കൂടാതെ ഉയർന്ന വരുമാനമുള്ള രോഗികളിൽ നിന്ന് കുറഞ്ഞ നിരക്കിലുള്ള ഫീസ് ഈടാക്കാവുന്നതാണ്. ഒപ്പം HMCയ്ക്ക് പലയിടത്തും സംഭാവനയും ലഭിക്കുന്നുണ്ട്. ഇങ്ങനെ ലഭിക്കുന്ന ഫണ്ടും ഉപയോഗിക്കാവുന്നതാണ്.
   എന്നാൽ കിറ്റ്, മരുന്ന്, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് നഗരസഭാ വിഹിതം ഉപയോഗിക്കാവുന്നതാണെന്നും നിർദ്ദേശിക്കുന്നു.
2) സംസ്ഥാനത്തെ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി.
   ഇതനുസരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**24.06.2025 ന ൽകിയ റിപ്പോർട്ട്:-** സംസ്ഥാനത്ത് നിലവിൽ 104 ഡയാലിസിസ് യൂണിറ്റുകളാണ് ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നത്. വിവരങ്ങൾ താഴെ ചേർക്കുന്നു. ഇതിൽ ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, ചില കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നു.എല്ലാ സെന്ററുകളിലും ആശുപത്രി വികസന സമിതിയുടെ മേൽനോട്ടത്തിലാണ് ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്. ജനറൽ വിഭാഗത്തിന് ഒരു നിരക്കും, ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവർക്ക് കുറഞ്ഞ നിരക്കിലുമാണ് എല്ലാ യൂണിറ്റുകളിലും ഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ അതിദരിദ്രരായ രോഗികൾക്ക് ആശുപത്രി സൂപ്രണ്ടിന്റേയോ, വികസന സമിതിയുടെയോ നിർദ്ദേശ പ്രകാരം സൗജന്യമായി ഡയാലിസിസ് സേവനം നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിലൂടെ അവരുടെ സേവന പരിധിയിൽ വരുന്ന രോഗികൾക്ക് ഡയാലിസിസിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. എന്നാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇപ്രകാരം ധനസഹായം നൽകുന്നില്ല. **സംസ്ഥാനത്തെ മേജർ ആശുപത്രികളിൽ 32 ഇടങ്ങളിൽ ഡയാലിസിസ് സംവിധാനം പ്രവർത്തിക്കുന്നില്ല. ഇവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.**

ആരോഗ്യ വകുപ്പിന് കീഴിലെ ഡയാലിസിസ് യൂണിറ്റുകളുടെ വിവരം

| | | | |
|---|---|---|---|
| 1 | GH TRIVANDRUM | 53 | THQH CHAVAKAD |
| 2 | GH NEYYATTINKARA | 54 | THQH KUNNAMKU AM |
| 3 | DH NEDUMANGAD | 55 | TH PUDUKKAD |
| 4 | TH ATTINGAL | 56 | DH WADAK NCH RY |
| 5 | TH FORT,TRIVANDRUM | 57 | CHC MALA |
| 6 | THQH CHIRAYENKEEZH | 58 | TH CHELAKARA |
| 7 | THQH PARASSALA | 59 | CHC THOLUR |
| 8 | DMH PEROORKADA | 60 | CHC SHORANUR |
| 9 | TH VARKKALA | 61 | THQH ALATHUR |
| 10 | THQH MALAYANKEEZH | 62 | ATTSH KOTTATHARA |
| 11 | TH VITHURA | 63 | DH PALAKKAD |
| 12 | DH KOLLAM | 64 | THQH OTTAPALAM |
| 13 | THQH PUNALUR | 65 | THQH CHITTUR |
| 14 | THQH KARUNAGAPALLY | 66 | THQH MANNARKADU |
| 15 | THQH SASTHAMKOTTA | 67 | CHC CHALISHERRY |
| 16 | TH NEENDAKARA | 68 | DH NILAMBUR |
| 17 | TH NEDUNGOLAM | 69 | DH PERINTHALMANNA |
| 18 | THQH KOTTARAKKARA | 70 | DH TIRUR |
| 19 | THQH KADAKKAL | 71 | THQH THIRURANGADI |
| 20 | DH KOZHENCHERY | 72 | THQH PONNANI |
| 21 | GH PATHANAMTHITTA | 73 | CHC CHUNKATHARA |
| 22 | GH ADOOR | 74 | CHC MARAMCHERI |
| 23 | THQH THIRUVALLA | 75 | TH PERAMBRA |
| 24 | THQH RANNY | 76 | DH VADAKARA |
| 25 | GH ALAPPUZHA | 77 | TH TAMRASHERRY |
| 26 | DH MAVELIKARA | 78 | TH FERROKE |
| 27 | THQH CHERTHALA | 79 | TH BALUSHERRY |
| 28 | THQH HARIPAD | 80 | THQH KOYILANDI |
| 29 | THQH KAYAMKULAM | 81 | TH KUTTIYADI |
| 30 | TH THURAVOOR | 82 | DH MANATHAWADY |
| 31 | GH KOTTAYAM | 83 | THQH VAITHIRI |
| 32 | GH PALA | 84 | CHC PANAMARAM |
| 33 | THQH VAIKOM | 85 | THQH S BATHERY |
| 34 | PHC ERATTUPETTA | 86 | CHC NALLOOMADU |
| 35 | KRNMSHOSPITAL, UZHAVOOR | 87 | DH KANNUR |

| | | | |
|---|---|---|---|
| 36 | DH THODUPUZHA | 88 | DH THALASHERRY |
| 37 | DH IDUKKI | 89 | URBAN DIALYSIS CENTER, MATTANUR |
| 38 | TH KATTAPPANA | 90 | TH KOOTHUPARAMBU |
| 39 | THQH ADIMALY | 91 | TH PAYANGADI |
| 40 | GH ERNAKULAM | 92 | THQH THALIPARAMBU |
| 41 | DH ALUVA | 93 | TH PERAVUR |
| 42 | THQH PERUMBAVOOR | 94 | TH IRATTY |
| 43 | THQH FORT KOCHI | 95 | URBAN DIALYSIS CENTER, IDAKADU |
| 44 | HQH N PARVUR | 96 | TH PAYYANUR |
| 45 | THQH PIRAVOM | 97 | GH KASARGODE |
| 46 | GH MUVATUPUZHA | 98 | DH KANHANGAD |
| 47 | THQH TRIPUNITURA | 99 | TH THRIKARIPOOR |
| 48 | TH ANGAMALY | 100 | TH MANGALAPADY |
| 49 | TH PALLURUTHY | 101 | CHC PERIYA |
| 50 | THQH KODUNGALUR | 102 | TH NEELESHWAR |
| 51 | GH THRISSUR | 103 | TH POODAMKALLU |
| 52 | THQH CHALAKUDY | 104 | CMC MULIYUR |

**24.06.2025 ലെ തീരുമാനം :-** ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഡയാലിസിസ് സെന്ററുകളുടെ വിവരം മാത്രമാണ് നൽകിയിട്ടുള്ളത്. എന്നാൽ ചാരിറ്റബിൾ സൊസൈറ്റി, മറ്റു സന്നദ്ധ സംഘടനകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഡയാലിസിസ് സെന്റർ നടത്തുന്നുണ്ട്. ഈ വിവരങ്ങൾ കൂടി ശേഖരിച്ചു നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി .

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.7 ഖണ്ഡിക 4.40**

**എറണാകുളം ജില്ലാ പഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.11.2024 കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.06.2024-ലെ 6(4) നമ്പർ തീരുമാനവും (SRG/ 1064/24 – CC/672/2024)

വിഷയം:- സർക്കാർ ഹൈസ്കൂളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 759/25 | അടങ്കൽ | 10,00,000 രൂപ (റ്റി.എസ്.പി) |
| *പേര്:-* | കുട്ടമ്പുഴ പഞ്ചായത്തിലെ രണ്ട് ഗവൺമെന്റ് സ്കൂളുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണ പരിപാടി | |

കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ഗവ. ഹൈസക്കൂൾ മാമലക്കണ്ടം, ഗവ. ഹൈസ്കൂൾ പിണവൂർക്കുടി എന്നീ സ്കൂളുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നുണ്ട്. ഒരു വിദ്യാർത്ഥിക്ക് 40 രൂപയാണ് ഇതിന് ചെലവഴിക്കുന്നത്. ക്വട്ടേഷൻ വിളിച്ചാണ് പ്രഭാതഭക്ഷണത്തിന് ക്രമീകരണം ചെയ്തിരിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം 7-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രഭാതഭക്ഷണം നൽകാവുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾ ആയതിനാൽ ഇവർക്ക് പ്രഭാതഭക്ഷണം നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച് .

24.04.2025-ലെ തീരുമാനം :-

1) ഒരേ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെടുന്ന കുട്ടികൾക്ക് മാത്രം ഭക്ഷണം നൽകുന്ന രീതി ഉചിതമല്ല. അതിനാൽ ആവശ്യം നിരസിച്ചു. എന്നാൽ 2024-25 വർഷം ആദ്യം മുതൽ തുടരുന്ന പ്രോജക്ടായതിനാൽ ഈ അദ്ധ്യയന വർഷം പ്രഭാതഭക്ഷണം നൽകിയതിന് സാധൂകരണം നൽകുന്നു.

2) പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം ലഭ്യമാക്കുന്നതിന്റെ സാധ്യത പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. ഇതനുസരിച്ച് റിപ്പോർട്ട് നൽകി.

**24.06.2025 ന നൽകിയ റിപ്പോർട്ട്:-** ഏതെങ്കിലും സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് (LP/UP ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി എന്ന വ്യത്യാസമില്ലാതെ) പ്രഭാതഭക്ഷണം നൽകേണ്ടതാണെന്നറിയിച്ചിട്ടുണ്ട്. ഒപ്പം ഹൈസ്കൂൾ വിദ്യാർത്ഥികളായതിന്റെ പേരിൽ പ്രഭാതഭക്ഷണം നിരസിക്കുന്നതും ഉചിതമല്ല. ആയതിനാൽ ഇത്തരത്തിലുള്ള എത്ര കുട്ടികളാണ് 2025-26 വർഷത്തിൽ പഠിക്കുന്നതെന്ന് നിർണ്ണയിച്ച് ഒരു വർഷത്തെ പ്രഭാത ഭക്ഷണത്തിനുവേണ്ടി എത്ര ചെലവ് വരുമെന്ന് കണ്ടെത്തി പ്രഭാതഭക്ഷണം നൽകണമെന്നറിയിച്ചിരിക്കുന്നു. അല്ലാത്ത പക്ഷം പ്രസ്തുത വിദ്യാർത്ഥികൾക്ക് സമ്മതമാണെങ്കിൽ ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലെ ഹോസ്റ്റൽ/MRS സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

**24.06.2025 ലെ തീരുമാനം** - കത്തിൽ പ്രതിപാദിച്ചിരിക്കുന്ന സ്കൂളുകൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന പ്രദേശത്തായതിനാലും മുൻവർഷങ്ങളിൽ നടപ്പാക്കിക്കൊണ്ടിരുന്ന പ്രോജക്ടായതിനാലും പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.7 ഖണ്ഡിക 4.47**

**മണിയൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്)**

കോഴിക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.11.2024-ലെ കത്തും മണിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.11.2024-ലെ 18(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1126/24 – CC/743/2024)

വിഷയം:- മണിയൂർ ഗവ. ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച്.

മണിയൂർ ഗ്രാമപഞ്ചായത്ത് 18-ാം വാർഡിലുള്ള ഗവ.ഐ.റ്റി.ഐ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിന്റെ 11.07.2022-ലെ 1646/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2022-23 വരെയുള്ള വാടക നൽകുന്നതിന് അനുമതി നൽകിയിരുന്നു. മുൻവർഷങ്ങളിൽ നൽകിയ പ്രതിമാസ വാടക 15,766 രൂപയാണ്. ഇതേ നിരക്കിൽ 2023-24 വർഷത്തേയും തുടർന്നുള്ള വർഷങ്ങളിലേയും വാടക നൽകാൻ അനുമതി സംബന്ധിച്ച്.

24.04.2025-ലെ തീരുമാനം :-വ്യാവസായിക പരിശീലന വകുപ്പിന്റെ അഭിപ്രായം തേടി പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (എഫ്.എം/ആർ.സി) വകുപ്പ് |

**3. പൊതുവിഷയം**

**3.1 സംയുക്ത പ്രോജക്ടുകൾ**

തദ്ദേശഭരണ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് ത്രിതല സ്ഥാപനങ്ങൾ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി വിഹിതമുപയോഗിച്ച് സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കാറുണ്ട്. ഉദാഹരണത്തിന് ജില്ലാ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും ധനസഹായത്തോടെ പല പ്രോജക്ടുകളും ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഇത്തരം പ്രോജക്ടുകൾ ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്യുന്ന ഘട്ടത്തിലും മറ്റു പ്രധാന അവസരങ്ങളിൽ നടത്തുന്ന ചടങ്ങുകളിലും വിഹിതം നൽകിയ

തദ്ദേശഭരണ സ്ഥാപനത്തിന്റെ ബന്ധപ്പെട്ട പ്രതിനിധികൾ, ഭാരവാഹികൾ എന്നിവരെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**3.2 ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025–ലെ യോഗത്തിൽ (ഖണ്ഡിക 3.3) ഇനിപ്പറയുന്ന തീരുമാനമെടുത്തിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന്/ സ്ഥാപനത്തിന് അർഹതപ്പെട്ട തുക നൽകുന്നത് ട്രഷറി വഴിയാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിലെ പിശക് അടക്കം വിവിധ കാരണങ്ങളാൽ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബിൽ തുക അപൂർവ്വ അവസരങ്ങളിൽ ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് പോകാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് പോകാറുണ്ട്. ബിൽ ട്രഷറിയിൽ നൽകിയതിനുശേഷം ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് അർഹതപ്പെട്ട തുക വരവ് വച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിൽ പിശകുണ്ടെങ്കിലോ, തുക കൈമാറാൻ മറ്റെന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിലോ 30 ദിവസത്തിനകം പരിഹരിച്ചാൽ ഗുണഭോക്താവിന്/ സ്ഥാപനത്തിന് ബിൽ തുക നൽകാൻ കഴിയും. ഇതിൽ വീഴ്ച വരുന്നതിനാലാണ് ഗുണഭോക്താവിന് ലഭിക്കേണ്ട തുക സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് വരവ് വയ്ക്കുന്നത്. സാമ്പത്തിക ക്രയവിക്രയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ / ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതീവ ജാഗ്രത പാലിക്കേണ്ടതാണ്. ഇത്തരം വീഴ്ചകൾ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകരുതെന്ന് നിർദ്ദേശം നൽകുന്നു. ബില്ല് മാറി ഗുണഭോക്താവിന് തന്നെ ലഭിക്കുന്നതിനായി എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ ബിൽ സമർപ്പിച്ച് 30 ദിവസത്തിനകം തന്നെ പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകണം.

ഗുണഭോക്താവ്/ സ്ഥാപനങ്ങൾക്ക് തുക നൽകുന്നതിനുള്ള ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുമ്പോൾ ഏതെങ്കിലും കാരണവശാൽ ഗുണഭോക്താവിന്റെ /സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വരാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് വരവ് വച്ചാൽ ഇതിനു പകരമായി ഗുണഭോക്താവിന്/ സ്ഥാപനത്തിന് അർഹതപ്പെട്ട വിഹിതം അതത് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണ്. പ്രത്യേക സാഹചര്യമില്ലെങ്കിൽ ഇവ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ല. ഇത്തരം കേസുകളിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തീരുമാനമെടുക്കുമ്പോൾ 30.01.2025–ലെ ഖണ്ഡിക 3.3 പ്രകാരമുള്ള മുകളിൽ പറഞ്ഞ നിരീക്ഷണം കൂടി പരിഗണിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**3.3 ക്ഷീരകർഷർക്ക് വൈക്കോലിനും തീറ്റപ്പുല്ലിനും ധനസഹായം**

ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഒരു കിലോഗ്രാം വൈക്കോലിന് 4.00 രൂപ നിരക്കിലും തീറ്റപ്പുല്ല്, സൈലേജ് എന്നിവ ഒരു കിലോഗ്രാമിന് 3.00 രൂപാ നിരക്കിലും ( രണ്ടിനും കൂടി പരമാവധി 5000 രൂപ ) നൽകാവുന്നതാണ്. ഇതിനുള്ള പ്രോജക്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. ധനസഹായം ക്ഷീര സംഘങ്ങൾ മുഖേനയാണ് നൽകേണ്ടത്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

3.4 **വാർഷിക പദ്ധതി ഭേദഗതി**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26-ലെ വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു. 2025 ജൂലൈ 15 നകം വാർഷിക പദ്ധതിയുടെ ഭേദഗതി പ്രക്രിയ പൂർത്തിയാക്കേണ്ടതാണ്. മാലിന്യമുക്ത നവകേരള പദ്ധതി തടസ്സമില്ലാതെ മുമ്പോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമുള്ള പ്രോജക്ടുകൾ നിർബന്ധമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ജില്ലാ ആസൂത്രണസമിതി ഉറപ്പാക്കേണ്ടതാണ്. വേസ്റ്റ് മാനേജ്മെന്റിനുള്ള പ്രേജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ പദ്ധതി ഭേദഗതിക്ക് അനുമതി നൽകേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

3.5 **കൃഷി ഫാമുകൾ**

കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കൃഷി ഫാമുകൾ ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറിയ കൃഷി ഫാമുകളുടെ വിവരങ്ങൾ ശേഖരിച്ചു നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഫാമിന്റെ സ്വഭാവമെന്താണ്, വിസ്തീർണ്ണമെത്രയുണ്ട്, ഇതിൽ നിന്നുള്ള വാർഷിക വരുമാനമെത്രയാണ്, വാർഷിക വരുമാനം എങ്ങനെ വിനിയോഗിക്കുന്നു, ഫാമിനു വേണ്ടി ജില്ലാ പഞ്ചായത്ത് ഓരോ വർഷവും ശരാശരി നീക്കി വയ്ക്കുന്ന വിഹിതം എത്രയാണ് എന്നീ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**3.6 മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവാർഡ്**

സംസ്ഥാനത്തെ മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയ സ്വരാജ് ട്രോഫി, മഹാത്മാ പുരസ്കാരം എന്നിവയുടെ അവാർഡ് തുക എത്രയും വേഗം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഇത് ഫയലായി ധനവകുപ്പിന് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ് |

**4. പ്രത്യേക വിഷയങ്ങൾ**

**4.1 Kerala Development And Innovation Strategic Council ( K-Disc)**

Kerala Development and Innovation Strategic Council (K-Disc) മെമ്പർ സെക്രട്ടറിയുടെ 07.05.2025-ലെ 1022/2025/K-DISC/K-109 -ാം നമ്പർ കത്ത് (SRG/408/25)

വിഷയം:- വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായി ജില്ലകളിൽ ഇന്റേൺസിനെ നിയമിക്കുന്നത് സംബന്ധിച്ച്

വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും ജോബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ഇതിന്റെ ഭാഗമായി ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ മിഷൻ കോഓർഡിനേറ്ററെ നിയമിക്കാനുള്ള നടപടികളും പുരോഗതിയിലാണ്. ഇങ്ങനെ നിയമിക്കുന്നവരെ വിജ്ഞാന കേരള പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി ഓരോ ജില്ലയിലും മൂന്നു വീതം ഇന്റേൺസിനെ നിയമിക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് അനുവാദം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- മലപ്പുറം ജില്ലയൊഴികെ മറ്റുള്ള ജില്ലകളിലേയ്ക്ക് ഇന്റേൺസിനെ നിയമിക്കാൻ സർക്കാർ ഉത്തരവായി എന്ന് K-DISC മെമ്പർ സെക്രട്ടറി യോഗത്തിൽ അറിയിച്ചു. ഇന്റേൺസിനെ എത്രകാലത്തേയ്ക്കാണ് നിയമിക്കേണ്ടത്, യോഗ്യത എന്താണ്, വേതനം എത്രയാണ് എന്നീ വിവരങ്ങൾ കൂടി ഉത്തരവിൽ ഉൾപ്പെടുത്തണമെന്ന് യോഗം നിർദ്ദേശിച്ചു. ഇതിനുള്ള തുടർ നടപടി K-DISC സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) മെമ്പർ സെക്രട്ടറി, K-DISC 2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

4.2 <u>Kerala Development and Innovation Strategic Council ( K-Disc)</u>

Kerala Development and Innovation Strategic Council (K-Disc) മെമ്പർ സെക്രട്ടറിയുടെ 7.05.2025-ലെ 1022/2025/K-DISC/K-110 -ാം നമ്പർ കത്ത് (SRG/410/25)

വിഷയം:- വിജ്ഞാനകേരളം പരിപാടിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ജോബ് സ്റ്റേഷനുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതു സംബന്ധിച്ച്.

തൊഴിൽ അന്വേഷകരായ അഭ്യസ്തവിദ്യരെ ആവശ്യമായ തയ്യാറെടുപ്പുകളോടെ തൊഴിൽമേളകളിൽ അണിനിരത്തി തൊഴിൽ ലഭ്യമാക്കുകയും, വിദ്യാർത്ഥികൾക്ക് പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട നൈപുണി പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടും കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ രൂപം നൽകിയ പരിപാടിയാണ് വിജ്ഞാന കേരളം.

വിജ്ഞാന കേരളം ജനകീയ ക്യാമ്പയിൻ ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 19.12.2024-ലെ 179/2024/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ജോബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇതോടൊപ്പം 19.03.2025-ലെ 727/2025/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിലും, നഗരസഭകളിലും, മുനിസിപ്പൽ കോർപ്പറേഷനുകളിലും ജോബ് സ്റ്റേഷനുകൾക്ക് നേതൃത്വം നൽകേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. വിജ്ഞാനകേരളം പരിപാടിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തപ്പോൾ വിജ്ഞാനകൗൺസിലുകളിൽ ഉയർന്നു വന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ താഴെ ചേർത്തിരിക്കുന്ന നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി 19.03.2025-ലെ മുകളിൽ പറഞ്ഞ ഉത്തരവിൽ കൂട്ടിച്ചേർത്ത് മറ്റൊരു സർക്കാർ ഉത്തരവ് കൂടി പുറപ്പെടുവിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

<u>**ഉത്തരവിൽ കൂട്ടിച്ചേർക്കണമെന്നാവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ:-**</u>

<u>**i. ജോബ് സ്റ്റേഷൻ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ**</u>

- ജോബ് സ്റ്റേഷൻ പ്രവർത്തനങ്ങൾ അതത് തലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളും/ വിജ്ഞാന കൗൺസിൽ കൺവീനറും ചേർന്ന് അതത് ആഴ്ച്ചകളിൽ വിലയിരുത്തണം.
- ഏപ്രിൽ മാസത്തിൽ ജോബ് സ്റ്റേഷൻ അംഗങ്ങളുടെ നേതൃത്വത്തിൽ നിലവിൽ Digital Workforce Management System (DWMS) ൽ രജിസ്റ്റർ ചെയ്തവരെ വിളിച്ച് ജോലിക്ക് തയ്യാറുള്ളവരുടെ (Immediate Job Seekers) പട്ടിക തയ്യാറാക്കണം. നാഷണൽ സർവീസ് സ്കീം (എൻ എസ് എസ്) പ്രവർത്തകർ, ഡി ആർ പി മാർ എന്നിവരുടെ സഹായത്തോടെ തുടർച്ചയായ കാളിംഗ് ഡേകളും ആസൂത്രണം ചെയ്യണം.
- നിലവിലുള്ള DWMS രജിസ്ട്രേഷനിൽ നിന്ന് ഉടൻ ജോലി വേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നതോടൊപ്പം ജോബ് സ്റ്റേഷൻ പ്രദേശത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രജിസ്ട്രേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ച് പുതിയ രജിസ്ട്രേഷനുകളും കണ്ടെത്തണം.
- ഓരോ ആഴ്ചയിലും നടക്കുന്ന വിർച്വൽ തൊഴിൽ മേളകളിലേക്ക് ഓരോ ജോബ്സ്റ്റേഷനിൽ നിന്നും ചുരുങ്ങിയത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം.
- വെർച്വൽ തൊഴിൽ മേളകൾ, പ്രാദേശിക തൊഴിൽ മേളകൾ എന്നിവയിൽ പങ്കെടുക്കുന്നവർക്കുള്ള ഭാഷാ പരിശീലനം, അഭിമുഖം നേരിടാനുള്ള പരിശീലനം എന്നിവ ജോബ് സ്റ്റേഷന്റെ നേതൃത്വത്തിൽ നൽകണം. ഹ്രസ്വകാല നൈപുണി പരിശീലന പരിപാടികളും ജോബ് സ്റ്റേഷൻ നേതൃത്വത്തിൽ നടത്തണം.

- കോർപ്പറേഷനുകളിൽ 20 ഡിവിഷനുകൾക്ക് ഒന്ന് എന്ന നിലയിൽ ജോബ് സ്റ്റേഷനുകൾ ആരംഭിക്കാൻ കഴിയണം. ഇതിന് അനുസൃതമായി ജോബ് സ്റ്റേഷൻ ടീമുകൾ സജ്ജമാക്കണം.
- വലിയ നഗരസഭകളിൽ 2 ജോബ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഘട്ടം ഘട്ടമായി കഴിയണം.
- ജോബ് സ്റ്റേഷനുകളിൽ, 50 ആളുകൾക്ക് വരെ ഇരിക്കാൻ സൗകര്യമുള്ള ഒരു മുറി, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവ ഒരുക്കണം. 4-5 ലാപ്ടോപ്പുകൾ, ഇന്റർനെറ്റ് കണക്ഷൻ, ആവശ്യത്തിന് ഫർണീച്ചർ എന്നിവ ഒരുക്കണം. 2 ലക്ഷം രൂപ വരെ ആദ്യഘട്ടത്തിൽ തനത് ഫണ്ടിൽ നിന്നോ, വികസനഫണ്ടിൽ നിന്നോ മാറ്റിവെക്കാൻ സംസ്ഥാന കോർഡിനേഷൻ കമ്മറ്റി അനുമതി നൽകിയിട്ടുണ്ട്. ഇന്റർവ്യൂ നടത്തുന്നതിന് വേണ്ടുന്ന ക്യാബിനുകൾ ഉൾപ്പെടെയുള്ള സൗകര്യം തുടർന്ന് ഒരുക്കാം.
- ഓരോ ജോബ് സ്റ്റേഷനുകളിലും ഒരു CUG – Sim (Closed User Group – SIM) ലഭ്യമാക്കുന്നത് നല്ലതായിരിക്കും.

**ii. ജോബ് സ്റ്റേഷൻ ചുമതലകൾ നിശ്ചയിക്കൽ**

ജോബ് സ്റ്റേഷൻ നോഡൽ ഓഫീസർമാർ, കൺവീനർമാർ, ദിവസ ചുമതലക്കാർ, ജോയിന്റ് കൺവീനർമാർ, എന്നിവരെ നിശ്ചയിച്ച്, അതത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർ ഉത്തരവ് പുറപ്പെടുവിക്കണം.

ഓരോ ഇടത്തും, നോഡൽ ഓഫീസർ, കൺവീനർ, ജോയിന്റ് കൺവീനർമാർ എന്നിവരായി താഴെ പറയുന്നവർ പ്രവർത്തിക്കണം:

**ബ്ലോക്ക് പഞ്ചായത്ത്**

| | | |
|---|---|---|
| നോഡൽ ഓഫീസർ | : | ജോയിന്റ് ബി ഡി ഒ |
| കൺവീനർ | : | DDUGKY ബ്ലോക്ക് കോർഡിനേറ്റർ |
| ജോയിന്റ് കൺവീനർമാർ | : | RGSA ബ്ലോക്ക് കോർഡിനേറ്റർ<br>തീമാറ്റിക് എക്സ്പെർട്സ് – കില<br>KRP/കില ബ്ലോക്ക് കോർഡിനേറ്റർ/കില റിസോഴ്സ് പേഴ്സൺ |

**കോർപ്പറേഷൻ**

| | | |
|---|---|---|
| നോഡൽ ഓഫീസർ | : | കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി |
| കൺവീനർ | : | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| വർക്കിങ് കൺവീനർ | : | എൻ യു എൽ എം സിറ്റി മിഷൻ മാനേജർ /ഡിസ്ട്രിക്ട് മിഷൻ മാനേജർ |
| ജോയിന്റ് കൺവീനർമാർ | : | വനിതാവികസന ഓഫീസർ<br>KRP/കില റിസോഴ്സ് പേഴ്സൺ<br>കുടുംബശ്രീ മെമ്പർ സെക്രട്ടറി |

**മുനിസിപ്പാലിറ്റി**

| | | |
|---|---|---|
| നോഡൽ ഓഫീസർ | : | പ്ലാൻ ചുമതലയുള്ള സൂപ്രണ്ടന്റ് |
| കൺവീനർ | : | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| വർക്കിങ് കൺവീനർ | : | എൻ യു എൽ എം സിറ്റി മിഷൻ മാനേജർ/ ഡിസ്ട്രിക്ട് മിഷൻ മാനേജർ |
| ജോയിന്റ് കൺവീനർമാർ | : | കുടുംബശ്രീ മെമ്പർ സെക്രട്ടറി<br>KRP, കില റിസോഴ്സ് പേഴ്സൺസ്<br>ടെക്നിക്കൽ ഓഫീസർ ഐ കെ എം |

**iii. ജോബ് സ്റ്റേഷനുകളുടെ ദിവസ ചുമതലക്കാരെ നിശ്ചയിക്കൽ**

19-3-2025ന് ഇറങ്ങിയ സർക്കാർ ഉത്തരവിൽ ജോബ്സ്റ്റേഷൻ ചുമതലക്കാരെ പരാമർശിച്ചിരുന്നു. അതോടൊപ്പം മേൽസൂചിപ്പിച്ച കൺവീനർമാർ, ജോയിന്റ് കൺവീനർമാർ എന്നിവരെ കൂടി ചുമതലപ്പെടുത്തി അതത് ബ്ലോക്ക്/കോർപ്പറേഷൻ/നഗരസഭ സെക്രട്ടറിമാർ ഉത്തരവ് പുറപ്പെടുവിക്കണം. ഇതോടൊപ്പം മേൽ നിർദേശത്തിലും, 19-12-2024ലെ സർക്കാർ

ഉത്തരവിലും പരാമർശിച്ച ജോബ് സ്റ്റേഷൻ അംഗങ്ങളിൽ നിന്നും ചുരുങ്ങിയത് 2 പേരെങ്കിലും ഒരേ സമയം ജോബ് സ്റ്റേഷനിൽ ഉണ്ടാവുന്ന തരത്തിൽ ദിവസ ചുമതലകൾ നിശ്ചയിച്ച് ഈ ഉത്തരവിൽ പരാമർശിക്കണം.

**iv. പഞ്ചായത്ത് തല ഫെസിലിറ്റേഷൻ സെന്ററുകൾ രൂപീകരിക്കൽ**

ഗ്രാമപഞ്ചായത്ത് തലങ്ങളിൽ വിജ്ഞാനകേരളം ഫെസിലിറ്റേഷൻ സെന്ററുകൾ താഴെപ്പറയും പ്രകാരം സ്ഥാപിക്കണം.

- എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഏപ്രിൽ അവസാനത്തോടെ പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്റർ ഫലപ്രദമായി പ്രവർത്തിപ്പിക്കാനാകണം. കുറഞ്ഞത് 10 പേർക്കുള്ള ഇരിപ്പിടങ്ങൾ, 1-2 ലാപ്ടോപ്പുകൾ എന്നിവ ലഭ്യമാക്കണം.

- കിലയുടെ നേതൃത്വത്തിൽ പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിപ്പിക്കുവാൻ DRP, സാക്ഷരതാ പ്രേരക്, എസ്.സി/എസ്.ടി പ്രമോട്ടർ, കമ്മ്യൂണിറ്റി അംബാസിഡർ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ, കുടുംബശ്രീ മെമ്പർ സെക്രട്ടറിമാർ എന്നിവരെ പരിശീലിപ്പിച്ചിട്ടുണ്ട് ഇവരെല്ലാവരും തന്നെ ഫെസിലിറ്റഷൻ സെന്റർ അംഗങ്ങളായിരിക്കും.

- പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്ററുകളുടെ നോഡൽ ഓഫീസറായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയേയും കൺവീനറായി കമ്മ്യൂണിറ്റി അംബാസിഡറേയും, ജോയിന്റ് കൺവീനറായി DRP/സാക്ഷരതാ പ്രേരക് എന്നിവരെയും നിയമിക്കണം. മേൽസൂചിപ്പിച്ച 6 വിഭാഗങ്ങളിൽ നിന്ന് ഒന്നോ രണ്ടോ ആളുകൾക്ക് ഓരോ ദിവസം വീതം, ഫെസിലിറ്റേഷൻ സെന്റർ നടത്തിപ്പിന് ചുമതല നൽകി അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഉത്തരവ് പുറപ്പെടുവിക്കണം.

- പഞ്ചായത്തിൽ നിന്ന് DWMSൽ രജിസ്റ്റർ ചെയ്ത മുഴുവൻ പേരേയും ഏപ്രിൽ മാസത്തിൽ വിളിച്ച് ഉടൻ ജോലി ആവശ്യമുള്ളവരുടെ പട്ടിക തയ്യാറാക്കണം. ഇതിന് എൽ.ആർ.പി. മാരുടെ സഹായവും തേടാം. കൂട്ടായി ആളുകളെ വിളിക്കാവുന്ന കോളിങ്ങ് ഡേകൾ ആസൂത്രണം ചെയ്യാം.

- എൽ.ആർ.പി. പരിശീലനം കഴിഞ്ഞാൽ അവരുടെ സഹായത്തോടെ ഗൃഹസന്ദർശനങ്ങൾ നടത്തണം. DWMSൽ രജിസ്റ്റർ ചെയ്ത ജോലിക്ക് താത്പര്യം ഉള്ളവരെ കൊണ്ട് ജോലിക്ക് അപേക്ഷിപ്പിക്കൽ, പുതുതായി ആളുകളെ രജിസ്റ്റർ ചെയ്യിപ്പിക്കൽ എന്നിവ ഗൃഹസന്ദർശനത്തിന്റെ ഭാഗമാക്കണം. തുടർന്ന് ജോലിക്ക് താൽപര്യമുള്ളവരുടെ വിഷയാധിഷ്ഠിത വാട്സ്അപ്പ് ഗ്രൂപ്പുകൾ ആരംഭിക്കണം.

- ഇതു വഴി ഓൺലൈനായും, നേരിട്ടും ജോലിക്ക് അപേക്ഷിക്കുന്നവർക്ക് ഭാഷാ പരിശീലനം, അഭിമുഖത്തിന് തയ്യാറെടുപ്പിക്കുന്നതിനുള്ള പരിശീലനം, ലഘുവായ നൈപുണി പരിശീലനങ്ങൾ എന്നിവ നൽകാം. ഇതിനായി ജോബ് സ്റ്റേഷനുകളുടെ ബന്ധപ്പെടാം.

- തൊഴിൽ മേളകളിൽ (വെർച്വലും, നേരിട്ടും) ആളുകളെ പങ്കെടുപ്പിക്കാനുള്ള സംവിധാനങ്ങളായി പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്ററുകൾ, ജോബ് സ്റ്റേഷനുകൾ എന്നിവയെ പ്രവർത്തിപ്പിക്കാം. വെർച്വൽ തൊഴിൽ മേളകളിൽ തൊഴിൽ ലഭിച്ചവരെ ആദരിക്കുന്നതിനും, സോഷ്യൻ മീഡിയ പ്രചരണത്തിനും ഉള്ള പ്രവർത്തനങ്ങൾ ജോബ് സ്റ്റേഷനുകൾക്കും, പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്ററുകൾക്കും നടത്താം

തീരുമാനം:- സർക്കാരിന്റെ 19.03.2025-ലെ 727/2025/തസ്വഭവ നമ്പർ ഉത്തരവ് തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്ന് നേരിട്ടിറക്കിയതാണ് എന്നതിനാൽ മുകളിൽ പറഞ്ഞ ആവശ്യം പരിഗണിച്ച് തുടർ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

4.3 <u>Kerala Development and Innovation Strategic Council ( K-Disc)</u>

Kerala Development and Innovation Strategic Council (K-Disc) മെമ്പർ സെക്രട്ടറിയുടെ 7.05.2025-ലെ 1022/2025/K-DISC/K-111 -ാം നമ്പർ കത്തും ഇതേ തീയതിയിൽ നൽകിയ തിരുത്തൽ കത്തും (രണ്ടെണ്ണം) (SRG/409/25, SRG/426/25)

**വിഷയം:-** വിജ്ഞാനകേരളം പരിപാടിയുമായി ഭാഗമായി രൂപീകരിച്ച കൗൺസിലുകളുടെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നത് സംബന്ധിച്ച്

വിജ്ഞാനകേരളം ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും വിജ്ഞാനകൗൺസിലുകൾ രൂപീകരിച്ചും, അതിൽ ഉൾപ്പെടുന്ന അംഗങ്ങളെ തീരുമാനിച്ചുകൊണ്ടും 12.02.2025- ലെ 445/2025/തസ്വഭവ നമ്പർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ വിജ്ഞാനകൗൺസിലുകളുടെ രൂപീകരണം വിവിധ ജില്ലകളിലായി പുരോഗമിക്കുന്നുണ്ട്.

വിജ്ഞാനകേരളം പരിപാടിയുടെ പ്രവർത്തന പുരോഗതി അവലോകന വേളയിൽ വിജ്ഞാനകൗൺസിലുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന്, ഇപ്പോൾ തീരുമാനിച്ചിട്ടുള്ള സംസ്ഥാനതലത്തിലും ജില്ലാ തലത്തിലുമുള്ള വിജ്ഞാന കൗൺസിലുകളിൽ കൂടുതൽ അംഗങ്ങളെ കൂട്ടിചേർത്തും, അതിന് പുറമേ കോർപ്പറേഷൻ/മുനിസിപ്പൽ തലത്തിലും, ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും കൂടി വിജ്ഞാനകൗൺസിലുകൾ രൂപീകരിക്കണമെന്നും നിർദേശം വന്നിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ ഇതോടൊപ്പം താഴെ ചേർത്തിരിക്കുന്ന നിർദേശങ്ങൾ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് 12.02.2025-ന് പുറപ്പെടുവിച്ച മുകളിൽ പറഞ്ഞ ഉത്തരവിനോട് താഴെപ്പറയും പ്രകാരമുള്ളവ കൂട്ടിച്ചേർത്ത് മറ്റൊരു സർക്കാർ ഉത്തരവ് കൂടി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

i സ.ഉ. (സാധാ) നം.445/2025/LSGD തീയതി 12.02.2025ന്റെ അനുബന്ധം 2 - ജില്ലാ

വിജ്ഞാന കൗൺസിൽ അംഗങ്ങളിൽ വരുത്തേണ്ട കൂട്ടിച്ചേർക്കലുകൾ

| | |
|---|---|
| ചെയർമാൻ | : ജില്ലാ ചാർജുള്ള മന്ത്രി |
| സെക്രട്ടറി | : ജില്ലാ കലക്ടർ |
| കൺവീനർ | : ജില്ലാമിഷൻ കോർഡിനേറ്റർ, വിജ്ഞാനകേരളം |
| ജോയിന്റ് കൺവീനർ | : K-Disc പ്രതിനിധി |

നിലവിലുള്ള അംഗങ്ങളെ കൂടാതെ, താഴെപ്പറയുന്നവർ കൂടി ജില്ലാ വിജ്ഞാന കൗൺസിലിൽ അംഗങ്ങളായിരിക്കണം.

1. കില ജില്ലാ ഫെസിലിറ്റേറ്റർ.
2. ആസൂത്രണ സമിതി ഉപാധ്യക്ഷൻ, ജില്ലാ പഞ്ചായത്ത്
3. ജില്ലാ പഞ്ചായത്ത് സെക്രട്ടറി.
4. ജില്ലാ പ്ലാനിംഗ് ഓഫീസർ.

ii സ.ഉ. (സാധാ) നം.445/2025/LSGD തീയതി 12.02.2025ന്റെ അനുബന്ധം 3 ആയി കൂട്ടിച്ചേർക്കേണ്ടവ.

**ബ്ലോക്ക്, മുൻസിപ്പൽ, പഞ്ചായത്ത് തല വിജ്ഞാന കൗൺസിലുകളുടെ രൂപീകരണം:**

മുകളിൽ പറയുന്ന സർക്കാർ ഉത്തരവിൽ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലുമുള്ള വിജ്ഞാനകൗൺസിലുകളുടെ രൂപീകരണത്തെ കുറിച്ച് മാത്രമാണ് പരാമർശിക്കുന്നത്. ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പൽ തലങ്ങളിൽ ഇതിന്റെ അഭാവത്തെകുറിച്ചു ജനകീയ വിമർശനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗത്തിലുയർന്നതിന്റെ അടിസ്ഥാനത്തിൽ, വിജ്ഞാന കേരളം പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ താഴെ തലത്തിൽ കൂടി വിജ്ഞാന കൗൺസിലുകൾ രൂപീകരിക്കേണ്ടതാണ്.

**A.ബ്ലോക്ക്  പഞ്ചായത്ത്തല വിജ്ഞാന കൗൺസിൽ**

1. ചെയർപേഴ്സൺ : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
2. കൺവീനർ : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
3. ജോയിന്റ് കൺവീനർ : ബ്ലോക്ക് കോർഡിനേറ്റർ DDUGKY/ഇന്റേൺ
   അംഗങ്ങൾ
4. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
5. ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ
6. ബ്ലോക്ക് വ്യവസായ എക്സ്റ്റൻഷൻ ഓഫീസർ
7. വനിത വികസന ഓഫീസർ
8. പട്ടികജാതി വികസന ഓഫീസർ
9. ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ
10. പ്രാദേശിക സംരംഭക പ്രതിനിധികൾ
11. താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം
12. ചെറുകിട വ്യവസായ അസോസിയേഷൻ പ്രതിനിധികൾ
13. വ്യാപാര വ്യവസായ പ്രതിനിധികൾ
14. പ്രാദേശിക ചേംബർ ഓഫ് കോമേഴ്സ്, മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ.
15. ബ്ലോക്ക് പ്രദേശത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപന പ്രിൻസിപ്പാൾ/ പ്ലേസ്മെന്റ് സെൽ ഓഫീസർ
16. പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ
17. കില ബ്ലോക്ക് കോർഡിനേറ്റർ
18. കെ.ആർ.പി മാർ
19. കുടുംബശ്രീ എം.ഇ.എസ് ബ്ലോക്ക് കോർഡിനേറ്റർമാർ
20. ആസൂത്രണസമിതി ഉപാധ്യക്ഷൻ, ബ്ലോക്ക് പഞ്ചായത്ത്

**B.കോർപ്പറേഷൻ തല വിജ്ഞാന കൗൺസിൽ**

1. ചെയർപേഴ്സൺ : മേയർ
2. കൺവീനർ : സെക്രട്ടറി
3. ജോയിന്റ് കൺവീനർ : സിറ്റി മിഷൻ മാനേജർ, NULM / ഇന്റേൺ
   അംഗങ്ങൾ
4. സ്റ്റാന്റിംഗ്  കമ്മറ്റി ചെയർപേഴ്സൺമാർ
5. വ്യവസായ വികസന ഓഫീസർ
6. വനിത വികസന ഓഫീസർ
7. പട്ടികജാതി വികസന ഓഫീസർ
8. ജില്ലാ ലൈബ്രറി കൗൺസിൽ പ്രതിനിധി
9. പ്രാദേശിക സംരംഭക പ്രതിനിധികൾ
10. ചെറുകിട വ്യവസായ അസോസിയേഷൻ പ്രതിനിധികൾ
11. വ്യാപാരി വ്യവസായി പ്രതിനിധികൾ
12. പ്രാദേശിക ചേംബർ ഓഫ് കോമേഴ്സ്, മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ.
13. കുടുംബശ്രീ മെമ്പർ സെക്രട്ടറി
14. ഉന്നതവിദ്യാഭ്യാസ സ്ഥാപന പ്രിൻസിപ്പാൾ/ പ്ലേസ്മെന്റ് സെൽ ഓഫീസർ
15. പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ

16. കുടുംബശ്രീ CDS ചെയർപേഴ്സൺമാർ
17. കെ. ആർ.പി. മാർ, കില റിസോഴ്സ് പേഴസൺമാർ
18. ഫിഷെറീസ് സബ് ഇൻസ്പെക്ടർമാർ
19. യുവജന ക്ഷേമ ബോർഡ് കോർഡിനേറ്റർമാർ
20. ആസൂത്രണ സമിതി ഉപാധ്യക്ഷൻ, കോർപ്പറേഷൻ

### C. മുനിസിപ്പൽതല വിജ്ഞാന കൗൺസിൽ

1. ചെയർപേഴ്സൺ : മുൻസിപ്പൽ ചെയർമാൻ/ ചെയർപേഴ്സൺ
2. കൺവീനർ : സെക്രട്ടറി
3. ജോയിന്റ് കൺവീനർ : സിറ്റി മിഷൻ മാനേജർ, NULM/ ഇന്റേൺ

അംഗങ്ങൾ

4. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
5. വ്യവസായ എക്സ്റ്റൻഷൻ ഓഫീസർ
6. പട്ടികജാതി വികസന ഓഫീസർ
7. ട്രൈബൽ എസ്റ്റെൻഷൻ ഓഫീസർ
8. താലൂക്ക് ലൈബ്രറി കൗൺസിൽ പ്രതിനിധി
9. ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ
10. കുടുംബശ്രീ മെമ്പർ സെക്രട്ടറി
11. CDS ചെയർപേഴ്സൺമാർ
12. ഉന്നതവിദ്യാഭാസ സ്ഥാപന പ്രിൻസിപ്പാൾ/ പ്ലേസ്മെന്റ് സെൽ ഓഫീസർ
13. പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ
14. കെ.ആർ.പി.മാർ
15. കില റിസോഴ്സ് പേഴ്സൺ
16. പ്രാദേശിക സംരംഭക പ്രതിനിധികൾ
17. ചെറുകിട വ്യവസായ അസോസിയേഷൻ പ്രതിനിധികൾ
18. വ്യാപാര വ്യവസായ പ്രതിനിധികൾ
19. പ്രാദേശിക ചേംബർ ഓഫ് കോമേഴ്സ്, മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ.
20. യുവജനക്ഷേമ ബോർഡ് കോർഡിനേറ്റർമാർ
21. സാക്ഷരതാ പ്രേരക്

### D. ഗ്രാമപഞ്ചായത്ത് വിജ്ഞാന കൗൺസിൽ

1. ചെയർപേഴ്സൺ : പ്രസിഡണ്ട്
2. കൺവീനർ : സെക്രട്ടറി
3. ജോയിന്റ് കൺവീനർ : കമ്മ്യൂണിറ്റി അംബാസിഡർ, വിജ്ഞാന കേരളം

അംഗങ്ങൾ

4. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
5. കുടുംബശ്രീ മെമ്പർ സെക്രട്ടറി
6. CDS ചെയർപേഴ്സൺ
7. ലൈബ്രറി കൗൺസിൽ അംഗം
8. ഉന്നതവിദ്യാഭ്യാസ സ്ഥാപന പ്രിൻസിപ്പാൾ/ പ്ലേസ്മെന്റ് സെൽ ഓഫീസർ
9. പ്രാദേശിക സംരംഭക പ്രതിനിധികൾ
10. ചെറുകിട വ്യവസായ അസോസിയേഷൻ പ്രതിനിധികൾ
11. വ്യാപാരി വ്യവസായി പ്രതിനിധികൾ

12. പ്രാദേശിക ചേംബർ ഓഫ് കോമേഴ്സ്, മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ.
13. എസ്.സി, എസ്.ടി പ്രൊമോട്ടർമാർ
14. യുവജനക്ഷേമ ബോർഡ് കോർഡിനേറ്റർ
15. സാക്ഷരതാ പ്രേരക്
16. കമ്മ്യൂണിറ്റി അംബാസിഡർ
17. കെ. ആർ.പി മാർ
18. ഡി ആർ പി മാർ
19. കില റിസോഴ്സ് പേഴ്സൺ
20. വ്യവസായ ഇന്റേൺ
21. ആസൂത്രണസമിതി ഉപാധ്യക്ഷൻ, ഗ്രാമ പഞ്ചായത്ത്

തീരുമാനം:- 1) സർക്കാരിന്റെ 12.02.2025-ലെ 445/2025/തസ്വഭവ നമ്പർ ഉത്തരവ് തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്ന് നേരിട്ടിറക്കിയതാണ് എന്നതിനാൽ മുകളിൽ പറഞ്ഞ ആവശ്യം പരിഗണിച്ച് തുടർ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

2) മുകളിൽപറഞ്ഞവയുടെ (ക്രമനം. 4.1, 4.2, 4.3) പ്രവർത്തനത്തിന് മാച്ചിംഗ് ഗ്രാന്റായി കുറച്ചു തുക K-DISC ൽ നിന്നും നൽകുന്നതാണ് എന്ന് K-DISC മെമ്പർ സെക്രട്ടറി അറിയിച്ചു. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളെക്കൂടി അറിയിച്ച് K-DISC തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) മെമ്പർ സെക്രട്ടറി, K-DISC<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.4 <u>പൊന്മള ഗ്രാമപഞ്ചായത്ത്</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2022 -ലെ കത്തും പൊന്മള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.09.2024-ലെ 1(3)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ലെ 4.21-ാം നമ്പർ തീരുമാനവും (SRG/ 1045/24 - CC/570/2024)

വിഷയം:- ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് KSEB ക്ക് തുക അടയ്ക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 295/25 | അടങ്കൽ | 1,71,800രൂപ<br>(CFC ബേസിക് ഗ്രാന്റ് ) |
| *പേര്:-* | ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | |

പൊന്മള ഗ്രാമപഞ്ചായത്തിൽ 11 -ാം വാർഡിലുള്ള KSEB യുടെ ട്രാൻസ്ഫോർമർ ഇപ്പോൾ വാഹന ഗതാഗതത്തിന് തടസ്സമുണ്ടാക്കുംവിധമാണിരിക്കുന്നത്. അപകട സാധ്യത നിലനിൽക്കുന്ന സ്ഥലത്തുള്ള ഈ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് 1,71,800 രൂപയുടെ എസ്റ്റിമേറ്റ് KSEB നൽകിയിട്ടുണ്ട്. ഈ തുക KSEB യ്ക്ക് ഡിപ്പോസിറ്റ് ചെയ്ത് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ലെ യോഗത്തിൽ ചർച്ച ചെയ്യുകയും KSEB ചീഫ് എഞ്ചിനീയറുടെ കൂടി അഭിപ്രായം തേടി പിന്നീട് പരിഗണിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. . ഇതിന് അനുമതി സംബന്ധിച്ച്

തീരുമാനം:- യോഗത്തിൽ KSEB ചീഫ് എഞ്ചിനീയറുടെ കൂടി അഭിപ്രായമനുസിച്ച് പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.5 ഉളിക്കൽ ഗ്രാമപഞ്ചായത്ത്**

ഉളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.05.2025-ലെ കത്തും അനുബന്ധരേഖകളും (SRG/429/25, CC/128/24))

വിഷയം:- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർക്ക് തയ്യൽ മെഷീൻ വാങ്ങി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 321/26 | അടങ്കൽ | 1,50,000 രൂപ (വികസന ഫണ്ട് ജനറൽ) |
| *പേര്:-* | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർക്ക് തയ്യൽ മെഷീൻ വാങ്ങി നൽകൽ | |

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർക്ക് തയ്യൽ മെഷീൻ വാങ്ങി നൽകുന്നതിന് 2023-24 വർഷം പ്രോജക്ട് എടുത്തിരുന്നു. ഈ പ്രോജക്ട് 2023-24, 2024-25 വർഷം നടപ്പക്കാൻ കഴിഞ്ഞില്ല. പ്രോജക്ടിന് മുൻ വർഷം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചതിനാൽ ഭിന്നശേഷി വിഭാഗക്കാരുടെ അമ്മമാർക്ക് തയ്യൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയവർക്കാണ് മെഷീൻ നൽകുന്നത്. റെയ്ഡ്കോയിൽ നിന്ന് തയ്യൽ മെഷീൻ വാങ്ങി ഗുണഭോതാക്കൾക്ക് 100 ശതമാനം സബ്സിഡിയോടെ നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് 2025-26 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- തയ്യൽ മെഷീൻ നൽകുന്നത് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർക്കാണ് എന്നതു പരിഗണിച്ച് ഇനി പറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു. പരമാവധി യൂണിറ്റ് ചെലവ് 8000 രൂപയിൽ പരിമിതപ്പെടുത്തണം. ജെം പോർട്ടൽ മുഖേനയോ ടെണ്ടർ മുഖേനയോ വേണം തയ്യൽ മെഷീൻ വാങ്ങേണ്ടത്. തയ്യൽ പരിശീലനം പൂർത്തിയാക്കിയവർക്കു വേണം തയ്യൽ മെഷീൻ നൽകേണ്ടത്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.6 വെള്ളനാട് ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 02.11.2024, 03.10.2024 എന്നീ തീയതികളിലെ കത്തുകൾ (SRG/1062/24 - CC/578/24)

വിഷയം:- പാലിയേറ്റീവ് പരിചരണത്തിനായി വാഹനം വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 189/25 | *അടങ്കൽ* | *13,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് വാഹനം വാങ്ങൽ | |

പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന് വാഹനം വാങ്ങാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

തീരുമാനം:- പാലിയേറ്റീവ് കെയർ പദ്ധതിക്കുള്ള മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെയോ ആരോഗ്യ സ്ഥാപനങ്ങളുടെയോ വാഹനങ്ങൾ സൗകര്യപ്പെടുന്ന ദിവസങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനത്തിന് ലഭ്യമാക്കുകയോ വാഹനം വാടകയ്ക്ക് എടുക്കുകയോ ചെയ്യാനാണ് അനുമതി ഉള്ളത്. ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (പി.പി) വകുപ്പ് |

**4.7 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.12.2024-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13.09.2024-ലെ 2(4) -ാം നമ്പർ തീരുമാനവും (SRG/4/25 - CC/706/24)

വിഷയം:- ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തു പ്രദേശത്തെ ക്ഷേത്രങ്ങളിലെ പള്ളിവിളക്കുകൾക്ക് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച് .

| | | |
|---|---|---|
| *പ്രോ.നം:* 60/25 | *അടങ്കൽ* | *2,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | പള്ളി വിളക്കുകൾക്ക് ഗ്രാന്റ് | |

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ചെറിയനാട്, ബുധനൂർ, പാണ്ടനാട് ഗ്രാമപഞ്ചായത്തുകളിലെ ക്ഷേത്രങ്ങളിൽ അനുഷ്ഠാനങ്ങളുടെ ഭാഗമായി പള്ളിവിളക്ക് എഴുന്നള്ളിപ്പ് എല്ലാവർഷവും നടത്തുന്നുണ്ട്. 13 കരകളിൽ നിന്നായി 13 പള്ളിവിളക്കുകൾ ഉണ്ട്. പള്ളി വിളക്കുകൾക്ക് വർഷംതോറും അറ്റകുറ്റപ്പണി നടത്തണം. പ്രളയത്തിനുശേഷം പള്ളിവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഒരു പള്ളി വിളക്കിന് പതിനായിരം രൂപ വീതം നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം:- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**4.8എറണാകുളം ജില്ലാ പഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2024-ലെ കത്തുകൾ - 2 എണ്ണം (SRG/6/25 - CC/756/24)

വിഷയം:- ഖാദി ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 6/25 | *അടങ്കൽ* | *30,00,000 രൂപ (വികസനഫണ്ട് - ജനറൽ)* |
| *പേര്* | കിഴക്കമ്പലം ഖാദി യൂണിറ്റ് - സഞ്ചരിക്കുന്ന വില്പനശാല | |

എറണാകുളം ജില്ലയിലെ ഖാദി ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന്റെ ഭാഗമായി കിഴക്കമ്പലം ഖാദി യൂണിറ്റിന് 'സഞ്ചരിക്കുന്ന വില്പനശാല'ക്കായി സെയിൽസ് വാൻ വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്.

തീരുമാനം:- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.9 മൂന്നിലവ് ഗ്രാമപഞ്ചായത്ത്**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.12.2024-ലെ കത്ത് (SRG/1221/24 - CC/680/24)

വിഷയം:- ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറുടെ ഓഫീസിൽ നിയമിച്ച ക്ലാർക്കിന് വേതനം നൽകുന്നത് സംബന്ധിച്ച്

| പ്രോ.നം: 214/25 | അടങ്കൽ | 1,00,000 രൂപ (വികസനഫണ്ട് - ജനറൽ |
|---|---|---|
| പേര് | അസി.എഞ്ചിനീയർ ഓഫീസിലെ താൽക്കാലിക ക്ലാർക്കിന് വേതനം നൽകുന്നതു സംബന്ധിച്ച് | |

മൂന്നിലവ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഒരു ക്ലാർക്കിനെ നിയമിച്ചിട്ടുണ്ട്. തനതു ഫണ്ടില്ലാത്തതിനാൽ ക്ലാർക്കിനുള്ള വേതനം വികസനഫണ്ടിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിൽ താൽക്കാലികാടിസ്ഥാനത്തിൽ ക്ലാർക്കിനെ നിയമിക്കാൻ സർക്കാർ അനുമതി നൽകിയിട്ടില്ല എന്ന് യോഗം വിലയിരുത്തി. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് |

**4.10 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.12.2024-ലെ കത്തും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 06.08.2024-ല 48/24 (1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/11/2025 - CC/737/24)

വിഷയം:- അഗളി IHRD കോളേജിന് കെട്ടിടം നിർമ്മിക്കാൻ ഭൂമി വാങ്ങുന്നതു സംബന്ധിച്ച്

അഗളി IHRD കോളേജിന് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ ജലസേചന വകുപ്പിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. IHRD കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അഗളി ഗ്രാമപഞ്ചായത്തിൽ 3.80 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ ആകെ വില 1.90 കോടി രൂപ. സ്ഥലം വാങ്ങുന്നതിന് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പുതൂർ, ഷോളയൂർ, അഗളി എന്നീ ഗ്രാമപഞ്ചായത്തുകളും 50 ലക്ഷം രൂപ വീതം ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്. തുക നൽകുന്നതിനായി അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലേയും പുതൂർ, ഷോളയൂർ, അഗളി എന്നീ ഗ്രാമപഞ്ചായത്തുകളിലേയും ഭരണസമിതികൾ തീരുമാനമെടുത്തിട്ടുണ്ട്. കോളേജ് വികസന സമിതിയുടെ ആവശ്യപ്രകാരമാണ് ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ തീരുമാനമെടുത്തത്.

തീരുമാനം:- താഴെപറയുന്ന വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ റിപ്പോർട്ട് സഹിതം നൽകാൻ നിർദ്ദേശിക്കുന്നു. ഈ പ്രദേശത്ത് മറ്റു വകുപ്പുകളുടെ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന കെട്ടിടം ലഭ്യമാക്കാൻ കഴിയുമോ, സ്ഥലം സൗജന്യമായി ലഭിക്കാൻ സാധ്യതയുണ്ടോ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏതു വിഹിതമാണ് സ്ഥലം വാങ്ങാനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്, ആവശ്യമുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണ്, നിർദ്ദിഷ്ട സ്ഥലത്തിന് റവന്യൂ വകുപ്പ് നിശ്ചയിച്ചിരിക്കുന്ന വില എത്രയാണ് എന്നീ വിവരങ്ങൾ സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ജില്ലാ കളക്ടർ, പാലക്കാട്<br>2)തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ് |

**4.11 അമ്പലവയൽ ഗ്രാമപഞ്ചായത്ത്**

വയനാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 18.12.2024-ലെ കത്ത് (SRG/14/2025 - CC/750/25)

വിഷയം:- സർക്കാർ പ്രൈമറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് പാനൽ വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 515/25* | *അടങ്കൽ* | *16,72,896 രൂപ* |
| | | *(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)* |
| *പേര്* | *സർക്കാർ പ്രൈമറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ* | |

അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ 7 സർക്കാർ പ്രൈമറി സ്കൂളുകളിൽ 17 സ്മാർട്ട് ക്ലാസ്സ് മുറികൾ സജ്ജീകരിക്കുന്നതിനാണ് പ്രോജക്ട്. 2023-24 വർഷം എടുത്ത പ്രോജക്ട് 2024-25 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. ഇതിനായി ഇ-ടെണ്ടറിംഗിലൂടെ ഏജൻസിയെ കണ്ടെത്താൻ നടപടി സ്വീകരിച്ചെങ്കിലും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 30.01.2023-ലെ 818/2023/പൊ.വി.വ നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് സ്മാർട്ട് ക്ലാസ്സ് റൂം ഉപകരണങ്ങൾ ലഭ്യമായില്ല. കെൽട്രോണിൽ നിന്ന് ഇത് വാങ്ങാൻ ശ്രമിച്ചുവെങ്കിലും സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമുണ്ടെന്ന് കെൽട്രോൺ അറിയിച്ചു. ഈ സാഹചര്യത്തിൽ കെൽട്രോൺ മുഖേന ഈ ഉപകരണം വാങ്ങാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

തീരുമാനം:- നിലവിലെ സർക്കാർ ഉത്തരവിൽ പരാമർശിക്കാത്ത ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, സ്മാർട്ട് റ്റി.വി പോലുള്ളവയുടെ ഉപയോഗം കാര്യക്ഷമമല്ല. അതിനാൽ സ്കൂളുകളിൽ ഇവ സ്ഥാപിക്കേണ്ടതില്ല എന്ന് KITEചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26.03.2025-ലെ കൈറ്റ്/2025/1515-6(8)-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.12 മങ്കട ബ്ലോക്ക് പഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2025-ലെ കത്തും അനുബന്ധരേഖകളും (SRG/95/2025 - CC/807/24)

വിഷയം:- പട്ടികജാതി നഗറുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 149/25* | *അടങ്കൽ* | *8,00,000 രൂപ* |
| | | *(എസ്.സി.പി)* |
| *പേര്* | *ചട്ടിയിൽ പറമ്പ് അമ്പല പറമ്പ് മഞ്ഞളാംകുഴി തടിയിൽ കോളനിക്ക് മുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ* | |

മങ്കട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ തടിയൻ കോട്ടിൽ പട്ടികജാതി നഗർ, മഞ്ഞളാംകുഴി പട്ടികജാതി നഗർ, നേമത്തുകുഴി പട്ടികജാതി നഗർ, കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ചട്ടിയിൽ പറമ്പ് ആല്യക്കൽ പട്ടികജാതി നഗർ, കുറുവ ഗ്രാമപഞ്ചായത്തിലെ അമ്പലപ്പറമ്പ് പട്ടികജാതി നഗർ എന്നീ പട്ടികജാതി നഗറുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കാനാണ് പ്രോജക്ട്. ഈ മിനി മാസ്റ്റുകളുടെ ഭാവിയിലെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നടത്തുമെന്നറിയിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ പേരിൽ എല്ലാ പട്ടികജാതി നഗറുകളുടെയും പേര് പരാമർശിച്ചിട്ടില്ലെങ്കിലും മുകളിൽ പറഞ്ഞ നഗറുകളിലാണ് മിനിമാസ്റ്റ് സ്ഥാപിക്കുന്നത്. 2024-25 വർഷം 4.00 ലക്ഷം രൂപയും 2025-26-ൽ 4 ലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി പ്രോജക്റ്റ് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു. എസ്.സി.പി. ഫണ്ടായതിനാൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽമാപ്പ് എന്നിവ പട്ടികജാതി വികസന ഓഫീസറിൽ നിന്നു വാങ്ങേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.13 കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്**

കേരള ഖാദി ഗ്രാമ വ്യാവസായ ബോർഡ് വൈസ് ചെയർമാന്റെ 20.12.2024-ലെ KB/4958/17/K5 നമ്പർ കത്ത് (SRG/160/25)

വിഷയം:- ഖാദി സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന ധനസഹായ നിരക്ക് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

സർക്കാരിന്റെ 26.07.2020-ലെ 1400/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള ഖാദി യൂണിറ്റുകൾക്ക് ഖാദി ഗ്രാമവ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിന് 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.07.2024-ലെ യോഗ തീരുമാനപ്രകാരമുള്ള 5.08.2024-ലെ 1436/2024/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി വ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചർക്കകളും തറികളും മറ്റുപകരണങ്ങൾ വാങ്ങി നൽകുന്നതിനും ആകെ ചെലവിന്റെ 50 ശതമാനം നിരക്കിൽ പരമാവധി 30 ലക്ഷം രൂപയാണ് സബ്സിഡി നൽകാവുന്നത്. ഖാദി മേഖലയിൽ അടിസ്ഥാന വികസനത്തിനും ഉപകരണങ്ങളുടെ നവീകരണത്തിനും ഫണ്ട് കണ്ടെത്താൻ കഴിയാത്ത പ്രതിസന്ധിയുണ്ട്. അതിനാൽ 17.07.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനവും അതു പ്രകാരമുള്ള സർക്കാർ ഉത്തരവും പുനഃപരിശോധിച്ച് 26.07.2020-ലെ 1400/2020/തസ്വഭവ നമ്പർ ഉത്തരവ് പുനഃസ്ഥാപിക്കണമെന്ന ആവശ്യം സംബന്ധിച്ച്

തീരുമാനം :- സർക്കാരിന്റെ 26.07.2020-ലെ 1400/2020/തസ്വഭവ നമ്പർ ഉത്തരവ് പുനഃസ്ഥാപിക്കാനും 17.07.2024-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 3.1 പ്രകാരമുള്ള യോഗ തീരുമാനവും ഇതിന്റെ അടിസ്ഥാനത്തിലുള്ള 05.08.2024-ലെ 1436/2024/ തസ്വഭവ നമ്പർ ഉത്തവ് റദ്ദു ചെയ്യാനും തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.14 മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.12.2024-ലെ കത്തും മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.12.2024-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/15/2023 - CC/800/24)

വിഷയം:- ബഡ്സ് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ ഇളവ് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 304/25* | *അടങ്കൽ* | *50,00,000 രൂപ* |
| | | *തനത് ഫണ്ട് -45,00,000 രൂപ* |
| | | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5,00,000 രൂപ* |
| *പേര്* | *ബഡ്സ് സ്കൂൾ കെട്ടിടം നിർമ്മാണം* | |

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ഈ വർഷം പ്രോജക്റ്റ് എടുത്തിട്ടുണ്ട്. സർക്കാരിന്റെ 29.07.2009 ലെ 148/09/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ബഡ്സ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് കുറഞ്ഞത് 15 സെന്റ് സ്ഥലം വേണം. എന്നാൽ ഗ്രാമപഞ്ചായത്തിന് വേറെ സ്ഥലം ലഭ്യമല്ല എന്നറിയിച്ചിരിക്കുന്നു. നിലവിൽ

ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 45 കുട്ടികളാണ് ബഡ്സ് സ്കൂളിൽ ഉള്ളത്. സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് 20-ാം വാർഡിലെ സബ് സെന്ററിന് സമീപത്തുള്ള 6.5 സെന്റ് സ്ഥലത്ത് ബഡ്സ് സ്കൂൾ കെട്ടിടം നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്. നിലവിലെ വാടക കെട്ടിടത്തിന് മതിയായ സൗകര്യം ഇല്ലാത്തതിനാൽ സ്കൂളിന് രജിസ്ട്രേഷൻ പുതുക്കി ലഭിച്ചിട്ടില്ല.

തീരുമാനം:- ആവശ്യം നിരസിച്ചു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ആവശ്യമായ സൗകര്യമൊരുക്കേണ്ടത് വളരെ പ്രധാനപ്പെട്ടതായതിനാൽ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള കുറഞ്ഞ വിസ്തീർണ്ണമെങ്കിലുമുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതിനായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം കൂടി നേടിയെടുക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |
|---|---|

4.15 **<u>ടെക്നോളജി ആന്റ് ഗവർണൻസ് സപ്പോർട്ട് ഫോറം</u>**

ടെക്നോളജി ആന്റ് ഗവർണൻസ് സപ്പോർട്ട് ഫോറം മാനേജിംഗ് ഡയറക്ടറുടെ 22.08.2024-ലെ കത്ത് (SRG/ 837/24)

വിഷയം:- മാലിന്യ സംസ്കരണരംഗത്ത് പ്രവർത്തിക്കുന്ന ടെക്നോളജി ആന്റ് ഗവർണൻസ് സപ്പോർട്ട് ഫോറം എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ നൽകുന്നത് സംബന്ധിച്ച്

ടെക്നോളജി ആന്റ് ഗവർണൻസ് സപ്പോർട്ട് ഫോറം (TAGS) സെക്ഷൻ 8 നോൺ പ്രോഫിറ്റ് സ്റ്റാർട്ടപ്പ് കമ്പനിയാണ്. കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പഠനം, ശേഷി വികസനം, പരിഹാരങ്ങൾ എന്നീ മേഖലയിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഈ കമ്പനി 2022 മുതൽ പ്രവർത്തിച്ചു വരുന്നു. മാലിന്യ സംസ്കരണ മേഖലയിൽ ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് TAGS എന്ന സ്ഥാപനത്തിന്റെ സേവനം ഉപയോഗിക്കാൻ സാധിക്കുംവിധം ഈ കമ്പനിക്ക് അക്രഡിറ്റേഷൻ നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം:- ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചില്ല. അക്രഡിറ്റേഷൻ ലഭിക്കുന്നതിന് വിശദാംശങ്ങൾ സഹിതം തദ്ദേശസ്വയംഭരണ വകുപ്പിന് അപേക്ഷ നൽകാൻ നിർദ്ദേശിക്കുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |
|---|---|

**<u>4.16 പിറവന്തൂർ ഗ്രാമപഞ്ചായത്ത്</u>**

പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.09.2024-ലെ SC1/3698/2024-ാം നമ്പർ കത്ത് (2 എണ്ണം) (SRG/ 923/24)

വിഷയം:- ഹാപ്പിനസ് പാർക്ക് നിർമ്മിക്കാൻ അധിക ധനസഹായം നൽകണമെന്നതു സംബന്ധിച്ച്

പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ കടയ്ക്കാമൺ പട്ടികജാതി നഗറായ അംബേദ്കർ ഗ്രാമത്തിൽ ഹാപ്പിനസ് പാർക്ക് നിർമ്മിക്കാൻ 50 സെൻറ് സ്ഥലം നീക്കി വച്ചിട്ടുണ്ട് ഹാപ്പിനസ് പാർക്കിന് ആവശ്യമായ വിഹിതം കണ്ടെത്താൻ ഗ്രാമപഞ്ചായത്തിന് ബുദ്ധിമുട്ടായതിനാൽ സർക്കാരിൽ നിന്ന് 50 ലക്ഷം രൂപ അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- സർക്കാരിൽ നിന്ന് അധിക ധനസഹായം നൽകുന്നത് ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. ഇപ്പോൾ കണ്ടെത്തിയിരിക്കുന്ന സ്ഥലം ഹാപ്പിനസ് പാർക്കിന് അനുയോജ്യമാണെങ്കിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം കൂടി ലഭിക്കുന്നതിന്റെ സാധ്യത ഗ്രാമപഞ്ചായത്തിന് തേടാവുന്നതാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |
|---|---|

**4.17 വയലാർ ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2025-ലെ കത്തും വയലാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.01.2025-ലെ 5(4) -ാം നമ്പർ തീരുമാനം (SRG/ 129/2424 - CC/42/2025)

വിഷയം:- വയലാർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ITI യുടെ വാടക നൽകുന്നത് സംബന്ധിച്ച്

വയലാർ ഗ്രാമപഞ്ചായത്തിൽ 9-ാം വാർഡിൽ ITI 2011 മുതൽ പ്രവർത്തിക്കുന്നുണ്ട്. കളവംകോട്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ITI യുടെ വാടക 2011 മുതൽ (2020-21 വർഷമൊഴികെ) 2021-22 വരെ ഗ്രാമപഞ്ചായത്താണ് നൽകിയത്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022, 19.12.2022, 03.07.2023 എന്നീ തീയതികളിലെ യോഗങ്ങളിൽ അനുമതി നിരസിച്ചതിനാൽ 2020-21 വർഷത്തേയും 2022-23 വർഷം മുതലുള്ള കാലഘട്ടത്തിലും ഗ്രാമപഞ്ചായത്തിൽ നിന്നും വാടക നൽകിയിട്ടില്ല. ഇപ്പോഴും ITI ഇവിടെ പ്രവർത്തിക്കുന്നു. 2022-23 മുതൽ വാടക കരാർ പുതുക്കിയിട്ടില്ല. 2021-22 വരെ നൽകിയ പ്രതിമാസ വാടക 35,361 രൂപയാണ്. 15.10.2023 വരെയുള്ള 40 മാസത്തെ കുടിശ്ശിക തുക 14,25,240 രൂപയാണ്. പലിശയടക്കം 17,20,414 രൂപ നൽകണമെന്ന് ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്. 2016-17-ൽ 4,13,267 രൂപ മുടക്കി 50 സെന്റ് സ്ഥലം ITI യ്ക്കായി ഗ്രാമപഞ്ചായത്ത് വാങ്ങി നൽകി. സ്ഥലത്തിന്റെ വിലയും വാടകയുമടക്കം ആകെ 85.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇപ്പോൾ വാടക നൽകാത്തതിനാൽ സഹകരണ ബാങ്ക് ഗ്രാമപഞ്ചായത്തിനെതിരെ ബഹു. ചേർത്തല സബ് കോടതിയിൽ കേസ് നൽകിയിട്ടുണ്ട്. നിയമോപദേശം തേടിയപ്പോൾ ഗ്രാമപഞ്ചായത്ത് വാടക നൽകാൻ ബാധ്യസ്ഥമാണെന്ന് ഉപദേശം ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ 2023-24 വരെയുള്ള വാടക ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാനും അതിനുശേഷം വ്യാവസായിക പരിശീലന വകുപ്പ് ബാങ്കുമായി എഗ്രിമെന്റ് വച്ച് വ്യാവസായിക പരിശീലന വകുപ്പ് തന്നെ വാടക നൽകണമെന്ന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച് .

തീരുമാനം:-

1) മുൻവർഷങ്ങളിൽ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേക അനുമതി നൽകിയപ്പോഴും തുടർന്നുള്ള വാടക വ്യാവസായിക പരിശീലന വകുപ്പു തന്നെ നൽകുന്നതിന് ITI പ്രിൻസിപ്പലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതാണ്. കോഓർഡിനേഷൻ കമ്മിറ്റി തുടർച്ചയായി 3 പ്രാവശ്യം അനുമതി നിരസിച്ചതാണ്. ഇതനുസരിച്ച് നടപടി സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഗുരുതര വീഴ്ചയാണ്.
2) ITI യ്ക്ക് വാടക നൽകുന്നതിന് ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടിരിക്കുന്ന കരാർ രേഖാമൂലം റദ്ദ ചെയ്തതിനുശേഷം 2023-24 വരെയുള്ള കുടിശ്ശിക (പലിശ ഒഴിവാക്കി) നൽകാൻ അനുമതി നൽകുന്നു. വാടക കരാറിൽ നിന്ന് ഗ്രാമപഞ്ചായത്ത് ഒഴിവാകാനുള്ള നടപടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കർശനമായി സ്വീകരിക്കേണ്ടതാണ്.
3) ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് ITI ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് MLASDF, MPLAD മറ്റ് ലഭ്യമായ ധനസ്രോതസ്സുകൾ ഉപയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് |

**4.18 താനാളൂർ ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2024-ലെ കത്ത് (SRG/ 804/24 - CC/429/2025)

വിഷയം:- ഗുണഭോക്താവിന് നൽകിയ തുക സർക്കാർ സോഴ്സ് ഹെഡ്ഡിലേയ്ക്ക് പോയതിനാൽ ഗുണഭോക്താവിന് തുക വീണ്ടും നൽകാൻ അനുമതി സംബന്ധിച്ച്

താനാളൂർ ഗ്രാമപഞ്ചായത്ത് അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി വീട് നിർമ്മാണത്തിന്റെ അവസാന ഗഡു തുകയായ 50,000 രൂപ ശ്രീമതി. സുബൈദ.പി. എന്ന വ്യക്തിക്ക് നൽകിയെങ്കിലും അക്കൗണ്ടിൽ ലഭിച്ചില്ല. ഇത് സർക്കാരിന്റെ സോഴ്സ് ഹെഡ്ഡിലേക്ക് വരവ് വച്ചു. ഗുണഭോക്താവിന്റെ ബാങ്കിലെ IFSC മാറിയതിനാലാണ് തുക സർക്കാരിലേയ്ക്ക് പോയത്. ഈ തുക ഗ്രാമപഞ്ചായത്തിൽ നിന്ന് ഗുണഭോക്താവിന് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ഈ തുക സർക്കാർ സോഴ്സ് ഹെഡിലേയ്ക്കാണ് വരവ് വച്ചതെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് വാങ്ങിയതിനുശേഷം അർഹതപ്പെട്ട 40,000 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.19 കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.2024-ലെ കത്തും കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.06.2024-ലെ 1-ാം നമ്പർ തീരുമാനവും (SRG/ 1217/24 - CC/580/2025)

വിഷയം:- ഗുണഭോക്താവിന് നൽകിയ തുക സർക്കാർ സോഴ്സ് ഹെഡ്ഡിലേയ്ക്ക് പോയതിനാൽ ഗുണഭോക്താവിന് തുക വീണ്ടും നൽകാൻ അനുമതി സംബന്ധിച്ച്.

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താവായ ശ്രീമതി. സൈനബാ ഖാൻ, മങ്കര, ചോറ്റി എന്ന വ്യക്തിക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി നൽകിയ 40,000 രൂപ ബാങ്ക് അക്കൗണ്ടിലെ തകരാറു മൂലം വ്യക്തിയുടെ അക്കൗണ്ടിൽ ലഭിച്ചില്ല. സർക്കാരിന്റെ സോഴ്സ് അക്കൗണ്ടിലേയ്ക്ക് തുക വരവ് വച്ചു. ഈ തുക വീണ്ടും നൽകുന്നതിന് അനുമതി സംബന്ധിച്ച്.

തീരുമാനം:- ഈ തുക സർക്കാർ സോഴ്സ് ഹെഡിലേയ്ക്കാണ് വരവ് വച്ചതെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് വാങ്ങിയതിനുശേഷം അർഹതപ്പെട്ട 40,000 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകുന്നു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.20 കടപ്പുറം ഗ്രാമപഞ്ചായത്ത്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.12.2024 -ലെ LSGD/PD/43429/2024/GEB4 നമ്പർ കത്തും കടപ്പുറം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 08.11.2024-ലെ 7-ാം നമ്പർ തീരുമാനവും (SRG/131/25 - DA2/4/2025/LDGD)

വിഷയം:- കടപ്പുറം ഫെസ്റ്റ് എന്ന പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 97/25 | *അടങ്കൽ* | *3.00 ലക്ഷം രൂപ* |
| | | *തനത് ഫണ്ട്* |
| *പേര്* | *കടപ്പുറം ഫെസ്റ്റ് 24* | |

കടപ്പുറം ഗ്രാമപഞ്ചായത്ത് ജനങ്ങളുടെ പരമ്പരാഗത മൂല്യങ്ങളെ പരിപോഷിപ്പിക്കുന്ന തിനും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കും മറ്റുമായി ഈ വർഷം കടപ്പുറം ഫെസ്റ്റ് എന്ന പരിപാടി നടപ്പാക്കുന്നു. പ്രതിഭകളെ ആദരിക്കൽ, കുടുംബശ്രീ വിപണനമേള, കുട്ടികൾക്കുള്ള വിനോദ പരിപാടി, ശുചിത്വ ബോധവൽക്കരണം, കർഷകരുടെയും മത്സ്യ തൊഴിലാളികളുടെയും കൂട്ടായ്മ എന്നിവയാണ് ഈ പ്രോജക്ടിന്റെ പ്രധാന പ്രവർത്തനങ്ങൾ. കഴിഞ്ഞ വർഷം ഈ പ്രോജക്ട് നടപ്പാക്കിയതിന് ഓഡിറ്റ് കുറിപ്പുണ്ട്. ഈ പ്രോജക്ട് 2024-25-

ൽ നടത്താൻ പ്രത്യേക അനുമതി സംബന്ധിച്ച്. കഴിഞ്ഞ വർഷം (2023-24) ഈ പ്രോജക്ട് നടപ്പാക്കിയപ്പോൾ 57,250 രൂപ വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചു.

തീരുമാനം:- അനുമതി നൽകുന്നു. ഗ്രാമപഞ്ചായത്ത് 2024-25-ൽ ഈ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ഇത്തരം ഫെസ്റ്റുകൾ നടത്തുമ്പോൾ വാടകയിനത്തിൽ വരുമാനമുണ്ടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.21 മണക്കാട് ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.12.2024-ലെ കത്ത് (SRG/17/2025 - CC/740/24)

വിഷയം:- ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 91/25* | *അടങ്കൽ* | *6,60,000 രൂപ* |
| | | *CFC Tied Grant - 4,95,000 രൂപ* |
| | | *ഗുണഭോക്തൃ വിഹിതം - 1,65,000രൂപ* |
| *പേര്* | *ദുർബല ജനവിഭാഗങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് നൽകൽ* | |

പദ്ധതി ആസൂത്രണ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പി.വി.സി. വാട്ടർ ടാങ്ക് നൽകാവുന്നത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ്. മണക്കാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിലെ എല്ലാ കുടുംബത്തിലും ഇതിനകം വാട്ടർ ടാങ്ക് നൽകി. മറ്റ വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗക്കാർക്ക് കൂടി വാട്ടർ ടാങ്ക് നല്കാനും (500 ലിറ്റർ) യൂണിറ്റ് നിരക്കായ 4000 രൂപയുടെ 75 ശതമാനം നൽകാനും അനുമതി സംബന്ധിച്ച്.

തീരുമാനം:- 1) ആവശ്യം നിരസിച്ചു.

2) റ്റി.എസ്.പി. വിഹിതമില്ലാത്തതിനാൽ ഗ്രാമപഞ്ചായ ത്തിലുള്ള മൂന്ന്പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ടാങ്ക് നൽകിയിട്ടില്ല എന്ന് യോഗം നിരീക്ഷിച്ചു. അർഹതയുള്ളവരാണെങ്കിൽ ഈ കുടുംബത്തിന് വികസന ഫണ്ട് (ജനറൽ) ഉപയോഗിച്ച് ടാങ്ക് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.22 പന്തളം ബ്ലോക്ക് പഞ്ചായത്ത്**

പന്തളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 19.12.2024-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 18.10.2024-ലെ 7(3)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022-ലെ 4.46 -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/19/2025 - CC/732/24)

വിഷയം:- സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത് തിരികെ ലഭിച്ച തുക PMAY(G) ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ച്

പന്തളം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി നഗറുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 08.04.2013-ൽ 18,40,058 രൂപ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ആകെ 63 സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനായിരുന്നു പ്രോജക്ട്. ഈ പ്രവൃത്തിക്കായി 2013-14-ൽ ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/Sസെഫ് ഗാർഡ് ലൈറ്റിനിംഗ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചെങ്കിലും ഈ സ്ഥാപനം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല. തുടർന്ന് അനെർട്ട് റീ ടെണ്ടർ ചെയ്തുവെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 2013-14 -ൽ നിലനിന്ന സബ്സിഡി ഇനി നൽകാൻ കഴിയുകയില്ലെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്. തുടർന്ന് ഈ തുക തിരികെ നൽകാൻ പന്തളം ബ്ലോക്ക് പഞ്ചായത്ത് അനെർട്ടിനോടാവശ്യപ്പെട്ടു. 05.10.2024-ന് ഡെപ്പോസിറ്റ് ചെയ്ത 18,40,058 രൂപയും പലിശയായി ലഭിച്ച 6,96,179 രൂപയും ചേർത്ത് 25,36,237

രൂപ ബ്ലോക്ക് പഞ്ചായത്തിന് അനെർട്ട് തിരികെ നൽകി. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ PMAY(G) ഭവന പദ്ധതിക്ക് (പട്ടികജാതി വിഭാഗത്തിന്) ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- 1) 2013-14-ൽ അനെർട്ട് ഡെപ്പോസിറ്റ് ചെയ്ത തുക ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തു തന്നെ മറ്റ സ്ഥലങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ 08.08.2022-ലെ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്തു മുഖേന കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരുന്നു എന്നും ഇതിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022ൽ കൂടിയ യോഗം ഇനിപ്പറയുന്ന രീതിയിലാണ് തീരുമാനമെടുത്തത് (ഖണ്ഡിക 4.46) എന്നും യോഗം നിരീക്ഷിച്ചു. "നിർവ്വഹണരംഗത്ത് 9 വർഷത്തോളം കാലതാമസം വന്ന പ്രോജക്ടായതിനാൽ വിശദ പരിശോധന ആവശ്യമാണെന്ന് യോഗം വിലയിരുത്തി. കൂടാതെ ഇതു സംബന്ധിച്ച ഫയൽ ഊർജ്ജവകുപ്പിന്റെ പരിഗണനയിൽ ഉണ്ട്. ഇതിന്മേൽ മറ്റ് ഏജൻസികളുടെ അന്വേഷണം ഉണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നും യോഗം തീരുമാനിച്ചു."

2) കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022-ലെ യോഗ തീരുമാനം കൂടി പരിഗണിച്ച് ഊർജ്ജവകുപ്പമായി ബന്ധപ്പെട്ട് ഇതിന്മേലുള്ള തീരുമാനം എന്താണ്, മറ്റ് ഏജൻസികളുടെ അന്വേഷണം എന്തെങ്കിലുമുണ്ടോ എന്നതടക്കം തദ്ദേശസ്വയം ഭരണ വകുപ്പ തലത്തിൽ പരിശോധിക്കാൻ നിർദ്ദേശിക്കുന്നു. വകുപ്പതല പരിശോധനയ്ക്ക് ശേഷം ഫയൽ നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.23 ചങ്ങനാശ്ശേരി നഗരസഭ**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.12.2024-ലെ കത്തും ചങ്ങനാശ്ശേരി മുനിസിപ്പൽ കൗൺസിലിന്റെ 23.10.2024-ലെ 19-ാം നമ്പർ തീരുമാനവും (SRG/21/2025 - CC/759/24)

വിഷയം:- ആശാവർക്കർമാർക്ക് യൂണിഫോം വാങ്ങി നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 127/25* | *അടങ്കൽ* | *50,000 രൂപ (CFC Basic Grant)* |
| *പേര്* | *ആശാവർക്കർമാർക്ക് യൂണിഫോം* | |

ആശാവർക്കർമാർക്ക് യൂണിഫോം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

തീരുമാനം:- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.24 ചങ്ങനാശ്ശേരി നഗരസഭ**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.12.2024-ലെ കത്ത് (SRG/22/2025 - CC/760/24)

വിഷയം:- അങ്കണവാടി കുട്ടികൾക്ക് യൂണിഫോം വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 62/25* | *അടങ്കൽ* | *1,00,000 രൂപ (CFC Basic Grant)* |
| *പേര്* | അങ്കണവാടി കുട്ടികൾക്ക് യൂണിഫോം വാങ്ങി നൽകൽ | |

അങ്കണവാടി കുട്ടികൾക്ക് യൂണിഫോം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം:- ആവശ്യം നിരസിച്ചു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.25 JOB CAFE

Institute of Skill Development and Entrepreneurship Research and Training തൃക്കരിപ്പൂർ ഡയറക്ടറുടെ 09.07.2024-ലെ കത്ത്. (SRG/733/2025)

വിഷയം:- വനിതകൾക്ക് സംരംഭം തുടങ്ങുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിന് Job Café ക്ക് അവസരം നൽകണമെന്നതു സംബന്ധിച്ച്

Institute of Skill Development and Entrepreneurship Research and Training (Job Cafe) കുടുംബശ്രീ ജില്ലാ മിഷന്റെ അംഗീകാരമുള്ള ഒരു പരിശീലന സ്ഥാപനമാണ്. പരമ്പരാഗതവും നൂതനവുമായ പ്രാദേശിക സ്വയംതൊഴിൽ സംരംഭകത്വ സാധ്യതകൾ കണ്ടെത്തുകയും ആവശ്യമായ പരിശീലനവും സംരംഭകത്വ പിന്തുണയും Job Cafe എന്ന സ്ഥാപനം നൽകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഈ രീതിയിലുള്ള പരിശീലനം നൽകുന്നതിന് Job Caféയ്ക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം:-

1) കുടുംബശ്രീ ജില്ലാമിഷന്റെ അക്രഡിറ്റേഷൻ ഉള്ള സാഹചര്യത്തിൽ ഇത് കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.
2) സംസ്ഥാനതലത്തിൽ അക്രഡിറ്റേഷൻ ആവശ്യമുണ്ടെങ്കിൽ വിശദാംശങ്ങൾ സഹിതം തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ നൽകാൻ നിർദ്ദേശിക്കുന്നു.
3)

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.26 ഏഴോം ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും ഏഴോം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.12.2024 -ലെ 276/2024 (4) -ാം നമ്പർ തീരുമാനവും (SRG/83/2025 - CC/808/24)

വിഷയം:- നെൽക്കൃഷി വികസനത്തിന്റെ ഭാഗമായി തരിശുഭൂമിയിലെ കാട്ടുവെട്ടിത്തെളിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 18/25* | *അടങ്കൽ* | *20,00,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ1,00,000 രൂപ* |
| | | *ജില്ലാ പഞ്ചായത്ത് വിഹിതം 19,00,000 രൂപ* |
| *പേര്* | കൈപ്പാട് നെൽക്കൃഷി വികസന പദ്ധതി | |

ഏഴോം ഗ്രാമപഞ്ചായത്തിൽ അഞ്ച് പാടശേഖരങ്ങളിലായി 185 ഹെക്ടറോളം കൈപ്പാട് നിലങ്ങൾ ഉണ്ട്. 45 ഹെക്ടറോളം തരിശ് ഭൂമിയിൽ 20 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഈ പ്രദേശങ്ങളിൽ ചുള്ളിക്കാട് വളർന്നു നിൽക്കുന്നതിനാൽ കൃഷി യോഗ്യമല്ല. നെൽക്കൃഷി വികസനത്തിന്റെ ഭാഗമായി ചുള്ളിക്കാട് (മുള്ളുകാട്) വെട്ടിക്കളയുന്നതിന് വിഹിതം ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- തരിശുകിടക്കുന്ന ഭൂമിയിൽ നെൽക്കൃഷി നടത്തുന്നതിന് ഒരു ഹെക്ടറിന് കർഷകന് 35,000 രൂപയും സ്ഥലമുടമയ്ക്ക് 5,000 രൂപയുമടക്കം ആകെ 40,000 രൂപയാണ് ചെലവഴിക്കാവുന്നത്. കൈപ്പാട് നിലം നെൽക്കൃഷിക്ക് യോഗ്യമാക്കാനായതിനാൽ മുകളിൽ പറഞ്ഞതിന് പുറമെ അധികമായി എത്രതുകയാണ് വേണ്ടതെന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി അതിനുള്ള വിഹിതത്തിന്

പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതിയോടെ തുക ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകുന്നു. സ്ഥല പരിശോധന നടത്തി ച്ചുള്ളിക്കാട് വെട്ടുന്നതിന്റെ ആവശ്യകത പരിശോധിച്ച് വേണം വെറ്റിംഗ് ഓഫീസർ പ്രോജക്ട് വെറ്റ ചെയ്യേണ്ടത് എന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.27 എറണാകുളം ജില്ലാ പഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.12.2024-ലെ കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 26.09.2024-ലെ 1(11)-ാം നമ്പർ തീരുമാനവും (SRG/46/2025 - CC/753/24)

വിഷയം:- ക്ഷീര കർഷകർക്ക് വൈക്കോൽ, തീറ്റപ്പുൽ, സൈലേജ് എന്നിവയ്ക്ക് സബ്സിഡി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 1105/25* | *അടങ്കൽ* | *20,00,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ10,00,000 രൂപ* |
| | | *ഗുണഭോക്തൃ വിഹിതം 10,00,000 രൂപ* |
| *പേര്* | ക്ഷീര പോഷണി - സംഘങ്ങൾക്ക് വൈക്കോൽ തീറ്റപ്പുൽ സൈലേജ് സഹായം | |

ജില്ലയിലെ ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് വൈക്കോൽ, തീറ്റപ്പുല്ല്, സൈലേജ് എന്നിവ നൽകുന്നതിനാണ് പ്രോജക്ട്. ഈ പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഒരു കിലോഗ്രാം വൈക്കോലിന് 4.00 രൂപ നിരക്കിലും (പരമാവധി 5000 രൂപ) തീറ്റപ്പുൽ, സൈലേജ് എന്നിവ ഒരുകിലോ ഗ്രാമിന് 3.00 രൂപ നിരക്കിലും ധനസഹായം നൽകാനും ഉദ്ദേശിക്കുന്നു. ഒരു ക്ഷീര സംഘത്തിന് പരമാവധി 1.00 ലക്ഷം രൂപ നൽകും. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- പൊതു തീരുമാനം ഖണ്ഡിക 3.3 ബാധകമാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.28 കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി

കോഴിക്കോട് ജില്ലാവ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 14.11.2024-ലെ DICKKD/3908/ 2019/P2 നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളുടെ 06.06.2024-ലെ ഖണ്ഡിക 4.15, 05.02.2019-ലെ ഖണ്ഡിക 4.8 എന്നീ തീരുമാനങ്ങളും അനുബന്ധരേഖകളും (SRG/1108/24, SRG/ 898/24, LSGD/DB1/308/2024 - LSGD)

വിഷയം:- കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ടായി നൽകിയ തുക തിരികെ അടയ്ക്കുന്നത് സംബന്ധിച്ച്

കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അതിലുൾപ്പെടുന്ന പതിനാല് ഗ്രാമപഞ്ചായത്തുകളും കോഴിക്കോട് ജില്ലാ പഞ്ചായത്തുമായി ചേർന്ന് കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും നടത്തുന്ന പദ്ധതി നടപ്പാക്കാൻ കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ഒരു പ്രൊപ്പോസൽ നൽകിയിരുന്നു. ഇതിനായി ഗ്രാമപഞ്ചായത്തുകളും (14 എണ്ണം) ബ്ലോക്ക് പഞ്ചായത്തുകളും (2എണ്ണം) 5.00 ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്ത് 15.00 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടായി നൽകണമെന്ന് കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ആവശ്യപ്പെടുകയും ഇത് കോഓർഡിനേഷൻ കമ്മറ്റിയുടെ 05.02.2019-ലെ യോഗം പരിഗണിക്കുകയും താഴെപ്പറയുന്ന രീതിയിൽ തീരുമാനമെടുക്കുകയും ചെയ്തിരുന്നു.

കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ സേവന പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അതിനു കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളും ജില്ലാ

പഞ്ചായത്തും യോഗം ചേർന്ന് തീരുമാനമെടുത്ത് ഇതിനായി അനുയോജ്യമായ സംയുക്ത പ്രോജക്ട് തയ്യാറാക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നല്കി.

ഇതനുസരിച്ച് വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ 47,70,455 രൂപ ഈ കമ്പനിക്ക് റിവോൾവിംഗ് ഫണ്ടായി നൽകി. ഇത് പ്രതിമാസ തവണകളായി തിരിച്ചടയ്ക്കണമെന്ന നിബന്ധന നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാവ്യവസായ കേന്ദ്രം മാനേജർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതുവരെ 5.00 ലക്ഷം രൂപ മാത്രമാണ് കമ്പനി തിരിച്ചടച്ചത്. ഇതിന്റെ തിരിച്ചടവ് കാലാവധി 4 വർഷത്തേയ്ക്ക് നീട്ടി നൽകണമെന്ന് കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ആവശ്യപ്പെട്ടുകയും ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗം പരിഗണിക്കുകയും ചെയ്തിരുന്നു. കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നല്കിയപ്പോൾ നിശ്ചയിച്ചിരുന്ന നിബന്ധന എന്തായിരുന്നുവെന്ന് വ്യവസായ കേന്ദ്രം ജനറൽ മാനേജർ/മാനേജറുടെ റിപ്പോർട്ട് സഹിതം നൽകാൻ 06.06.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് വിശദമായ റിപ്പോർട്ട് DIC മാനേജർ നൽകിയിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ലെന്നും താൽക്കാലിക പലിശരഹിത പ്രോത്സാഹനം (ധനസഹായം) മാത്രമാണ് എന്നതാണ് ഒരു പ്രധാന നിബന്ധന. കമ്പനിക്ക് നൽകുന്ന തുക 48 മാസം കൊണ്ട് പ്രതിമാസ തവണകളായി തിരികെ നൽകണം എന്നതടക്കം 10 നിബന്ധനകളോടെയാണ് റിവോൾവിംഗ് ഫണ്ട് നൽകിയത് എന്ന് DIC മാനേജർ അറിയിച്ചിട്ടുണ്ട്. ഈ കരാറിൽ കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ഭാരവാഹികളും DIC മാനേജരും ഒപ്പിട്ടിട്ടുണ്ട്.

ഈ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ ഫണ്ടിന്റെ തിരിച്ചടവ് കാലാവധി 4 വർഷത്തേയ്ക്ക് നീട്ടി നൽകണമെന്ന കമ്പനിയുടെ ആവശ്യത്തിന്മേൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്.

തീരുമാനം:-
1) ബാക്കി തുക തിരികെ അടയ്ക്കാനുള്ള കാലാവധി 2025 ജൂൺ മുതൽ 4 വർഷത്തേയ്ക്ക് കൂടി നീട്ടി നൽകുന്നു.
2) തിരികെ ലഭിക്കുന്ന തുക റിവോൾവിംഗ് ഫണ്ട് എന്ന നിലയിൽ എങ്ങനെ വിനിയോഗിക്കണമെന്നതു സംബന്ധിച്ച് ജില്ലാ ആസൂത്രണസമിതിയുടെ അനുമതിയോടെ തീരുമാനമെടുക്കാൻ കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ജനറൽ മാനേജർ, ജില്ലാ വ്യവസായകേന്ദ്രം<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.29 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.2024-ലെ കത്തും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20.07.2024-ലെ 3-ാം നമ്പർ തീരുമാനവും (SRG/1188/2024 – CC/532/24)

വിഷയം:- ക്ഷീര സംഘങ്ങളുടെ അതിരുകൾ ഡിജിറ്റലൈസു ചെയ്ത് മാപ്പ ചെയ്യുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 105/25* | *അടങ്കൽ* | *1,50,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ* |
| *പേര്* | ക്ഷീര സംഘങ്ങളുടെ അതിരുകൾ ഡിജിറ്റൽ മാപ്പ് ചെയ്ത് പൊതുരേഖയായി പ്രസിദ്ധീകരിക്കൽ | |

ക്ഷീര സംഘങ്ങൾ 1980 – 2000 കാലഘട്ടത്തിൽ രണ്ട് വാർഡുകൾ ചേർത്ത് രൂപീകരിച്ചതാണ്. വാർഡ് ഡിലിമിറ്റേഷൻ മൂലം അതിരുകൾ പല പ്രാവശ്യം മാറിയിട്ടുണ്ട്. അതിനാൽ ബൈലോ പലപ്പോഴും ഭേദഗതി ചെയ്യേണ്ടി വന്നിട്ടുണ്ട്. സഹകരണ നിയമം അനുസരിച്ച് ഒരു സംഘത്തിന്റെ പ്രവർത്തന പരിധി മറ്റൊരു സംഘത്തിന്റെ പ്രവർത്തന പരിധിയിലേയ്ക്ക് കടക്കരുതെന്നുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ തർക്ക രഹിതമായ അതിരുകൾ നിശ്ചയിക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 8 ഗ്രാമപഞ്ചായത്തു കളിലായുള്ള 28 ക്ഷീര സംഘങ്ങളുടെയും അതിരുകൾ GIS സർവ്വേ നടത്തി

മാപ്പ തയ്യാറാക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഫീൽഡ് സർവ്വേയും GIS മാപ്പിംഗിനുമായി 1.25 ലക്ഷം രൂപയും വെബ് GIS പബ്ലിക്കേഷന് 25,000 രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- യോഗത്തിൽ ക്ഷീര വികസന ഡയറക്ടറുടെ പ്രതിനിധിയുടെ കൂടി ശുപാർശയനുസരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.30 വെളിയം ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 25.10.2024-ലെ കത്തും വെളിയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.11.2023-ലെ 14(1) -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1039/24 - CC/968/23)

വിഷയം:- KSEB ക്ക് നൽകാനുള്ള തെരുവുവിളക്കുകളുടെ കുടിശ്ശിക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 183*/2013 | *അടങ്കൽ* | *1,00,000 രൂപ (സി.എഫ്.സി)* |
| *പേര്* | സ്ട്രീറ്റ് ലൈറ്റ് - ട്യൂബ് സെറ്റ് വാങ്ങൽ (ഫിറ്റിംഗ് ചാർജ്ജോട്ടു കൂടി) | |

വെളിയം ഗ്രാമപഞ്ചായത്ത് 2012-13 ൽ തെരുവുവിളക്കിനായി ട്യൂബ് ലൈറ്റ് വാങ്ങി സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിന് 67,150 രൂപ ചെലവഴിച്ചു. 2013 മാർച്ച് മാസം 200 ട്യൂബ് ലൈറ്റ് സ്ഥാപിക്കാൻ 40,000 രൂപ KSEB യിൽ അടച്ചു. KSEB 2014 ജൂലൈ മാസം മുതലുള്ള ബില്ലുകളിൽ മുകളിൽ പറഞ്ഞ 200 ട്യൂബുകളുടെ കറന്റ് ചാർജ്ജ് ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ ഈ കറന്റ് ചാർജ്ജ് കൂടി ഉൾപ്പെടുത്തി 2014 ജൂലൈ മുതൽ 2022 ഒക്ടോബർ വരെയുള്ള തെരുവുവിളക്കിന്റെ വൈദ്യുതി കുടിശ്ശികയായി 13,28,448 രൂപ അടയ്ക്കാൻ KSEB ആവശ്യപ്പെട്ടിരുന്നു. എന്നാൽ മുകളിൽ പറഞ്ഞ ട്യൂബ് ലൈറ്റുകൾ നിലാവ് പദ്ധതി പ്രകാരം അഴിച്ചു മാറ്റി LED ബൾബ് സ്ഥാപിച്ചു എന്നതിനാൽ ബിൽ പുനർ നിർണ്ണയിച്ച് 9,74,293 രൂപയാക്കി KSEB നൽകിയിട്ടുണ്ട്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- പിശകുകൾ പരിഹരിച്ച് KSEB അന്തിമമായി നൽകിയ ബിൽ ആയതിനാൽ ബിൽ തുക നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.31 കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്

ബഹു. കുന്ദമംഗലം എം.എൽ.എയുടെ 26.12.2024-ലെ K-385/2024 -ലെ കത്തും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.12.2024-ലെ കത്തും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20.12.2024-ലെ 11.1 -ാം നമ്പർ തീരുമാനവും (SRG/59/25)

വിഷയം:- വയോമിത്രം പദ്ധതിയുടെ ഭാഗമായുള്ള വയോജന യൂണിറ്റുകളുടെ പ്രവർത്തനത്തിന് JPHN/മറ്റു സ്റ്റാഫുകൾ എന്നിവരെ നിയമിക്കുന്നത് സംബന്ധിച്ച്

കേരള സർക്കാരിന്റെ വയോമിത്രം പദ്ധതി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിൽ 20 കേന്ദ്രങ്ങളിലായി നടപ്പാക്കുന്നുണ്ട്. ഇവിടെ കഴിഞ്ഞ രണ്ട് മാസത്തോളമായി JPHN സ്റ്റാഫ് നേഴ്സ് തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഈ തസ്തികയിലേയ്ക്ക് നേഴസുമാരെ നിയമിക്കുന്നതുവരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നേഴ്സുമാരെ നിയമിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ആവശ്യം നിരസിച്ചു. നേഴ്സുമാരെ നിയമിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനോടാവശ്യപ്പെടാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.32 മങ്കട ബ്ലോക്ക് പഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2025-ലെ കത്തും, മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20.02.2025-ലെ LSGD/BP/MKD/(MPM)/184/2025 - B നമ്പർ കത്തും അനുബന്ധരേഖകളും (SRG/181/25 - CC/810/25)

വിഷയം:- പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ നാറാണത്ത് പട്ടികജാതി നഗറിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 190/25 | അടങ്കൽ | 2,50,000 രൂപ എസ്.സി.പി |
| പേര് | പുഴക്കാട്ടിരി നാറാണത്ത് എസ്.സി. നഗർ സംരക്ഷണം | |

മങ്കട ബ്ലോക്ക് പഞ്ചായത്തിലെ പുഴക്കാട്ടിരി നാറാണത്ത് പട്ടികജാതി നഗറിൽ വീടിന് ചുറ്റമതിൽ കെട്ടി നെൽവയലിൽ നിന്നും വെള്ളം കയറുന്നത് തടയുക, മുറ്റം കട്ട വിരിക്കുക എന്നീ പ്രവൃത്തികൾക്കാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. 6 കുടുംബങ്ങളാണ് ഈ നഗറിൽ താമസിക്കുന്നത്. ഗ്രാമപഞ്ചായത്തിന് ഫണ്ട് തികയാതെ വന്നതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തുന്നതെന്നറിയിച്ചുകൊണ്ട് പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറി വേണം നടപ്പാക്കേണ്ടതെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.33 മങ്കട ബ്ലോക്ക് പഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2025-ലെ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20.02.2025-ലെ LSGD/BP/MKD/(MPM)/184/2025 - B യുടെ നമ്പർ കത്തും അനുബന്ധരേഖകളും (SRG/180/25 - CC/809/24)

വിഷയം:- പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ ചകിടി പറമ്പ് പട്ടികജാതി നഗറിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 189/25 | അടങ്കൽ | 2,50,000 രൂപ എസ്.സി.പി |
| പേര് | പുഴക്കാട്ടിരി ചകിടി പറമ്പ് എസ്.സി. നഗർ സമഗ്ര വികസനം | |

മങ്കട ബ്ലോക്ക് പഞ്ചായത്തിലെ പുഴക്കാട്ടിരി ചകിടി പറമ്പ് പട്ടികജാതി നഗറിൽ നടപ്പാതയുടെ സൈഡ് കെട്ടി കോൺക്രീറ്റ് ചെയ്യുക, കട്ട പതിപ്പിക്കുക, രണ്ട് വീടുകളുടെ സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്കാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. 18 കുടുംബങ്ങളാണ് ഈ നഗറിൽ താമസിക്കുന്നത്. പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിനു ഫണ്ട് തികയാതെ വന്നതു കൊണ്ടാണ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തുന്നതെന്നറിയിച്ചുകൊണ്ട് പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

തീരുമാനം:- വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി വേണം നടപ്പാക്കേണ്ടതെന്ന് നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.34 <u>അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

ബഹു. ഏറനാട് എം.എൽ.എ.യുടെ 07.10.2024-ലെ കത്തും സർക്കാരിന്റെ 13.01.2025-ലെ DA1/462/2024-ാം നമ്പർ കത്തും അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.09.2024-ലെ 3(1)-ാം നമ്പർ തീരുമാനവും. (SRG/99/25)

വിഷയം:- സീതി ഹാജി സ്മാരക മൈത്രി ജലോത്സവത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വിഹിതം നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 258/25 | അടങ്കൽ | 1,00,000 രൂപ (തനത് ഫണ്ട്) |
| പേര് | സീതി ഹാജി സ്മാരക മൈത്രി ജലോത്സവത്തിന് വിഹിതം നൽകൽ | |

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ നടക്കുന്ന സീതി ഹാജി സ്മാരക മൈത്രി ജലോത്സവത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഒരു ലക്ഷം രൂപ നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം:- ഒരു വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.35 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2025-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.12.2024-ലെ A2 - 3919/23-ാം നമ്പർ കത്തും (SRG/85/25 - CC/798/24)

വിഷയം:- ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള വിത്തുല്പാദന കേന്ദ്രത്തിന്റെ മതിൽ പുനർ നിർമ്മിക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 684/25 | അടങ്കൽ | 5,30,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| പേര് | സംസ്ഥാന വിത്തുല്പാദന കേന്ദ്രം കാങ്കോലിന്റെ മതിൽ പുനർ നിർമ്മാണം. | |

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള നാലുകൃഷി ഫാമുകളിലൊന്നാണ് കാങ്കോൽ സ്റ്റേറ്റ് സീഡ് ഫാം. ഫാമുകളിൽ നിന്നുള്ള വരുമാനം തികയാത്തതിനാൽ ഈ ഫാമിന്റെ മതിലിന്റെ പുനർ നിർമ്മാണത്തിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുവാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- വിത്തുല്പാദന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്ന് മതിൽ പുനർ നിർമ്മാണം നടത്താൻ നിർദ്ദേശിക്കുന്നു. വിത്തുല്പാദന കേന്ദ്രത്തിൽ നിന്ന് വരുമാനം ഇല്ലായെങ്കിൽ മാത്രം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.36 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2025-ലെ കത്തും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 02.07.2024-ലെ 3(2) -ാം നമ്പർ തീരുമാനവും (SRG/97/24 - CC/441/24)

വിഷയം:- കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന് ചുറ്റുമതിൽ നിർമ്മാണം/നവീകരണം നടത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 94/25 | അടങ്കൽ | 18,88,900 രൂപ (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) |
| പേര് | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് ചുറ്റമതിൽ നവീകരണം | |

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന്റെ ചുറ്റമതിൽ നിർമ്മാണം/നവീകരണത്തിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ആവശ്യം നിരസിച്ചു. നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.37 മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.01.2025-ലെ കത്ത് (SRG/132/24 - CC/9/25)

വിഷയം:- ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 36/25 | അടങ്കൽ | 2,00,000 രൂപ (വികസനഫണ്ട് ജനറൽ) |
| പേര് | ലൈബ്രറികൾക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങി നൽകൽ | |

മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങി നൽകാൻ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ഭൗതിക സൗകര്യം ഒരുക്കുന്നതിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകാം. ഇത്തരം ലൈബ്രറികൾക്ക് പുസ്തകം കൂടി നൽകാമോ എന്ന് വ്യക്തമാക്കി ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

തീരുമാനം:- ആവശ്യം നിരസിച്ചു. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക്, കെട്ടിടം, ഫർണിച്ചർ എന്നിവ യുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങളും കമ്പ്യൂട്ടർവൽക്കരണവും ഉൾപ്പെടെയുള്ള ആധുനിക വൽക്കരണത്തിനുള്ള പ്രോജക്റ്റുമാണ് ഏറ്റെടുക്കാവുന്നത്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.38 എറണാകുളം ജില്ലാ പഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.01.2025, 25.01.2025 എന്നീ തീയതികളിലെ കത്തുകളും എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 7(17) -ാം നമ്പർ തീരുമാനവും (SRG/142/25 - CC/32/25)

വിഷയം:- പുത്തൻ വേലിക്കര ഗ്രാമപഞ്ചായത്തിലുള്ള പഞ്ഞിപ്പള്ളം പാലത്തിനിടയിൽ ഷട്ടർ സ്ഥാപിക്കാനുള്ള പ്രോജക്റ്റ് ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 1441/25 | അടങ്കൽ | 5,00,000 രൂപ (വികസനഫണ്ട് ജനറൽ) |
| പേര് | ആലങ്ങാട് - ഡിവിഷൻ- തുരുത്തൂർ പഞ്ഞിപ്പള്ളം പാലത്തിനടിയിൽ ഷട്ടർ സ്ഥാപിക്കൽ പിക്കൽ - പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് | |

എറണാകുളം ജില്ലയിൽ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ തുരുത്തൂർ പഞ്ഞിപ്പള്ളം പാലത്തിനടിയിൽ ഷട്ടർ സ്ഥാപിക്കുന്നതിന് പ്രോജക്ട് എടുത്തിട്ടുണ്ട്. ഷട്ടർ നിർമ്മാണത്തിനുള്ള പ്രോജക്ടാണ് ഇതെന്നും സിവിൽ പ്രവൃത്തികൾ ഒന്നും ഇല്ലായെന്നും തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതിനാൽ ഈ പ്രവൃത്തി ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കാനും തുക ഇറിഗേഷൻ വകുപ്പിന് ഡിപ്പോസിറ്റ് ചെയ്യാനും അനുമതി സംബന്ധിച്ച് .

തീരുമാനം:- തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത് ഇറിഗേഷൻ വകുപ്പുമുഖേന നടപ്പാക്കാൻ അനുമതി നൽകുന്നു. ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യാൻ ജില്ലാ പഞ്ചായത്ത് ധനവകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.39 എറണാകുളം ജില്ലാ പഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.01.2025, 25.01.2025 തീയതികളിലെ കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 3(16) -ാം നമ്പർ തീരുമാനവും (SRG/148/25 - CC/33/25)

വിഷയം:- ജലസേചന വകുപ്പ് മുഖേന തോട് ശുചീകരണ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 666/25 | അടങ്കൽ | 10,00,000 രൂപ (CFC Tied Grant) |
| പേര് | പാലക്കുഴതോട് ശുചീകരണം - പാലക്കുഴ ഗ്രാമപഞ്ചായത്ത് | |

പാലക്കുഴ ഗ്രാമപഞ്ചായത്തിലെ പാലക്കുഴത്തോട് ശുചീകരണത്തിന് എറണാകുളം ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത് ഇറിഗേഷൻ വകുപ്പ മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ആവശ്യം നിരസിച്ചു. തോട് ശുചീകരണം ഇറിഗേഷൻ വകുപ്പ് തന്നെ ചെയ്യേണ്ട സാങ്കേതിക പ്രശ്നമില്ല. അതിനാൽ ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടെ നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ പഞ്ചായത്ത് തന്നെ നിർവ്വഹണം നടത്തുന്ന രീതി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ് |

## 4.40 വോർക്കാടി ഗ്രാമപഞ്ചായത്ത്

കാസർഗോഡ് പ്ലാനിംഗ് ഓഫീസറുടെ 31.01.2025 -ലെ കത്തും വോർക്കാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.09.2024-ലെ കത്തും (SRG/152/25 - CC/545/24)

വിഷയം:- ലൈഫ് ഭവന പദ്ധതിക്കായി ലഭിച്ച സംസ്ഥാന വിഹിതവും ലോൺ വിഹിതവും ഉപയോഗിക്കുന്നത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് സംസ്ഥാനാവിഷ്കൃത ഫണ്ടും ലോൺ വിഹിതവും ലഭിക്കാൻ താമസിച്ചു. എന്നാൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഈ കുറവ് നികത്തി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. ഇപ്പോൾ സംസ്ഥാന വിഹിതമായി 15,80,012 രൂപയും ഹഡ്കോ ലോൺ വിഹിതമായി 17,41,555 രൂപയും ഉൾപ്പെടെ ആകെ 33,21,567 രൂപ ലഭിച്ചു. സംസ്ഥാനാവിഷ്കൃത വിഹിതം, ലോൺ വിഹിതം എന്നിവയ്ക്ക് പകരമായി ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ച സാഹചര്യത്തിൽ ഇപ്പോൾ ലഭിച്ച വിഹിതം ലൈഫ് ഭവന പദ്ധതിയിൽ ഇനി വീട് നിർമ്മിക്കാനുള്ളവർക്ക് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ഇപ്രകാരം ഗ്രാമപഞ്ചായത്ത് ക്രമീകരണം നടത്തിയത് ശരിയായ നടപടിക്രമമല്ല എന്ന് യോഗം വിലയിരുത്തി. എങ്കിലും പ്രത്യേക അനുമതി നൽകിയില്ലെങ്കിൽ ഈ തുക ചെലവഴിക്കാൻ സാധിക്കില്ല എന്നതിനാൽ ഈ തുക ലൈഫ് ഭവന പദ്ധതിയിൽ ഇനി വീട് നിർമ്മിക്കാനുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് ഉപയോഗിക്കാൻ അനുമതി നൽകുന്നു. ഇതിനാവശ്യമായ ക്രമീകരണം ചെയ്യാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

#### 4.41 ചവറ ബ്ലോക്ക് പഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2025-ലെ കത്തും കൊല്ലം ജില്ലാ ആസൂത്രണ സമിതിയുടെ 18.11.2024-ലെ യോഗത്തിന്റെ മിനിറ്റ്സും (SRG/150/25 – CC/30/25)

വിഷയം:- ബ്ലോക്ക് പഞ്ചായത്തിൽ സംയുക്ത പ്രോജക്ടായി ഡബിൾ ചേംബേർഡ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 144/25 | അടങ്കൽ | 1,48,00,000 രൂപ |
| | | TSC വിഹിതം - 13,99,844 രൂപ |
| | | തനത് ഫണ്ട് - 31,70,976 രൂപ |
| | | ഗ്രാമപഞ്ചായത്ത് വിഹിതം - 85,00,000 രൂപ |
| | | നിർമ്മൽ പുരസ്കാര അവാർഡ് വിഹിതം - 17,29,180 രൂപ |
| പേര് | ഡബിൾ ചേംബേർഡ് ഇൻസിനറേറ്റർ സ്ഥാപിക്കൽ | |

ചവറ ബ്ലോക്ക് പഞ്ചായത്തിന് TSC വിഹിതമായി ലഭിച്ച 13,99,844 രൂപയും നിർമ്മൽ പുരസ്കാരമായി ലഭിച്ചതിൽ 17,29,180 രൂപയും ചെലവഴിക്കാതെ ബാക്കിയായുണ്ട്. ഈ തുകയും തനതു ഫണ്ടും ഗ്രാമപഞ്ചായത്തുകളുടെ വിഹിതവും ഉപയോഗിച്ച് ഡബിൾ ചേംബേർഡ് ഇൻസിനറേറ്റർ സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.TSC വിഹിതവും നിർമ്മൽ പുരസ്കാരവും ഉപോഗിക്കുന്നതിനും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെയാണ് ജില്ലാ ആസൂത്രണസമിതി ഈ പ്രോജക്ടിന് അനുമതി നൽകിയത്.

തീരുമാനം:- ശുചിത്വ മേഖലയിൽ ലഭിച്ച തുകയിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന വിഹിതമായതിനാൽ ശുചിത്വ മിഷന്റെ സാങ്കേതിക സഹായം തേടി വേണം പ്രോജക്ട് നടപ്പാക്കേണ്ടതെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

#### 4.42 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2025-ലെ കത്ത്. (SRG/153/25 – CC/591/25)

വിഷയം:- ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് കേന്ദ്രങ്ങളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 80/25 | അടങ്കൽ | 2,50,000 രൂപ (തനത് ഫണ്ട് ) |
| പേര് | അഗ്രോ സർവ്വീസ് സെന്ററിലെ കാർഷിക ഉപകരണങ്ങളുടെ റിപ്പയർ. | |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി ധനസഹായ മാർഗരേഖ പ്രകാരം സ്ഥിരമായി കാർഷിക യന്ത്രോപകരണങ്ങളും ജലസേചന മോട്ടോറുകളും ഉപയോഗിച്ച് കൃഷി ചെയ്തുവരുന്ന നാമമാത്ര ചെറുകിട കർഷകർ, കർഷക ഗ്രൂപ്പുകൾ, കാർഷിക കർമ്മസേന എന്നിവർക്ക് വർഷത്തിൽ ഒരുതവണ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാം. നെൽകൃഷിക്ക് ആണെങ്കിൽ വർഷത്തിൽ രണ്ട് തവണ നൽകാം. പൊതുവിഭാഗത്തിന് 50% (പരമാവധി 5000 രൂപ) പട്ടികജാതി വിഭാഗത്തിന് 75% (പരമാവധി 7500 രൂപ) പട്ടികവർഗ്ഗ വിഭാഗത്തിന് 100%

എന്ന നിരക്കിലാണ് നൽകാവുന്നത്. മുകളിൽ പറഞ്ഞ ഗുണഭോക്തൃഗ്രൂപ്പുകൾക്കൊപ്പം ബ്ലോക്ക് പഞ്ചായത്തിന്റെ അഗ്രോ സർവീസ് സെന്ററുകളെ കൂടി ഉൾപ്പെടുത്തണമെന്നും ഇത്തരം സർവീസ് സെന്ററിനെ ഉപകരണങ്ങളുടെ റിപ്പയറിംഗിന് 90% ധനസഹായം നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്

തീരുമാനം:- ആവശ്യം നിരസിച്ചു. അഗ്രോ സർവ്വീസ് സെന്ററുകൾ ഈ ഉപകരണങ്ങൾ ന്യായമായ വാടകയ്ക്ക് നൽകിയാണ് പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടത്. ഇപ്രകാരം ലഭിക്കുന്ന വാടകയിൽ നിന്ന് റിപ്പയറിംഗിനുള്ള ചെലവ് കണ്ടെത്തുന്ന ഒരു റവന്യൂ മോഡൽ സ്വീകരിക്കേണ്ടത്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.43 തിരുവനന്തപുരം കോർപ്പറേഷൻ**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.01.2025-ലെ കത്തുകളും (2 എണ്ണം) തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 23.10.2024-ലെ J1/83020/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/52/25 - CC/742/24)

വിഷയം:- നിലവിലെ വീടുകളിൽ വയോജനങ്ങൾക്കായി പ്രത്യേക മുറി നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 109/25 | അടങ്കൽ | 50,00,000 രൂപ |
| | | വികസനഫണ്ട് ജനറൽ - 1,00,000 രൂപ |
| | | തനത് ഫണ്ട് - 49,00,000 രൂപ |
| പേര് | വയോജന മുറി | |

തിരുവനന്തപുരം നഗരസഭ നിലവിലുള്ള വീടിനോട് ചേർന്ന് 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് പ്രത്യേകമുറി നിർമ്മിച്ചു നൽകുന്നതിന് നൂതന പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. 120 സ്ക്വയർ ഫീറ്റ് വിസ്തീർണത്തിൽ മുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപയാണ് നൽകാൻ ഉദ്ദേശിക്കുന്നത്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

തീരുമാനം :- ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.44 പൂതക്കുളം ഗ്രാമപഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2025-ലെ കത്തും പൂതക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.11.2024 -ലെ SC1/7530/2024 -ാം നമ്പർ കത്തും പൂതക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.11.2024-ലെ 6(7)-ാം നമ്പർ തീരുമാനവും ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 20.01.2023-ലെ HRMP നമ്പർ 9340/1111/2019/KLM നമ്പർ ഉത്തരവും ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 15.11.2024-ലെ കത്തും (SRG/47/25 - CC/764/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം സ്ഥലവും വീടും നൽകുന്നത് സംബന്ധിച്ച്

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കോട്ടുവൻക്കോണം നഗറിൽ താമസിക്കുന്ന ശ്രീ.കൃഷ്ണന് സ്വന്തമായി വീടും ഭൂമിയും ഇല്ല. ഇവർ നിലവിലുള്ള ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ വ്യക്തി മാനസികാസ്വാസ്ഥ്യമുള്ള മകനോടൊപ്പം വാടകവീട്ടിലാണ് താമസിക്കുന്നത്. ഇവർക്ക് ഭൂമിയും വീടും നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് ഹർജി നൽകി. ഇവർക്ക് ഭൂമിയും വീടും അനുവദിക്കണമെന്ന് ബഹു. മനുഷ്യാവകാശ കമ്മീഷൻ 20.01.2023-ൽ ഉത്തരവായിട്ടുണ്ട്. ഇവർ പുനരധിവാസ കേന്ദ്രത്തിൽ താമസിക്കാൻ

തയ്യാറല്ല എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഈ കുടുംബത്തിന് ഭൂമിയും വീട്ടും നൽകുന്നതിന് പ്രത്യേക അനുമതി സംബന്ധിച്ച് .

തീരുമാനം:- ബഹു. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കുടുംബത്തിന് മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ ഭൂമിയും വീട്ടും നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.45 ഏറാമല ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.2025-ലെ കത്തും ഏറാമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1(8) -ാം നമ്പർ തീരുമാനവും ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.03.2025-ലെ SC2 – 6503/24-ാം നമ്പർ കത്തും (SRG/158/25 – CC/34/2025)

വിഷയം:- ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സബ്സെന്റർ നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 325/25 | അടങ്കൽ | 27,75,000 രൂപ (ഹെൽത്ത് ഗ്രാന്റ്) |
| *പേര്* | *ഓർക്കാട്ടേരി സൗത്ത് ആരോഗ്യ ഉപകേന്ദ്രം , കാർത്തികപ്പള്ളി* – ഏറാമല ഗ്രാമപഞ്ചായത്തിൽ ഓർക്കാട്ടേരി സൗത്ത് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് | |

കാർത്തികപ്പള്ളി സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്കീം 1 -ൽ 55.00 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റിൽ നിന്നനുവദിച്ചിരുന്നു. എന്നാൽ ബഹു. രാജ്യസഭാ MP (ശ്രീ. ബിനോയ് വിശ്വം) യുടെ MPLAD ഫണ്ടിൽ നിന്ന് ഈ സെന്ററിന് കെട്ടിടം നിർമ്മിച്ചു. അതിനാൽ കാർത്തികപ്പള്ളി സബ്സെന്ററിന് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് ഓർക്കാട്ടേരി സൗത്ത് ഹെൽത്ത് ആന്റ് വെൽനസ് സെന്ററിന് മാറ്റി അനുവദിക്കണമെന്നതു സംബന്ധിച്ച്. ഇത് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറും ശുപാർശ ചെയ്തിട്ടുണ്ട്.

തീരുമാനം:- അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.46 കടലുണ്ടി ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.02.2025-ലെ കത്തും കടലുണ്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.02.2025-ലെ 400996/DPO C01/GPO/2025/834/(2) -ാം നമ്പർ കത്തും (SRG/166/25 – CC/85/2025)

വിഷയം:- ഹെൽത്ത് ഗ്രാന്റുപയോഗിച്ച് കുടുംബാരോഗ്യ സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച്

ചാലിയം കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലെ മുരികല്ലിങ്ങൽ സബ്സെന്ററിന് കെട്ടിടം നിർമ്മിക്കാനായി 55.00 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ സബ് സെന്റർ പണിയുന്നതിന് നിർദ്ദിഷ്ട സ്ഥലത്തെ മണ്ണ് പരിശോധിച്ചപ്പോൾ 18 മീറ്റർ ആഴത്തിൽ പൈലിംഗ് നടത്തണം. ഇപ്രകാരം പൈലിംഗ് നടത്തി കെട്ടിടം നിർമ്മിക്കാൻ ഒരു കോടി രൂപയെങ്കിലും വേണം. അതിനാൽ മുരികല്ലിങ്ങൽ സബ്സെന്ററിന് അനുവദിച്ച തുക ചാലിയം ഗ്രാമപഞ്ചായത്തിലെ തന്നെ ചാലിയം സബ്സെന്ററിന്റെ കെട്ടിട നിർമ്മാണത്തിലേയ്ക്ക് മാറ്റി നൽകണമെന്നതു സംബന്ധിച്ച്. ചാലിയം കുടുംബാരോഗ്യ കേന്ദ്രം 1, 3, 4 വാർഡുകളിലെ 1800 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണെന്നും ചാലിയം കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

തീരുമാനം:-                    അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.47 മൃഗസംരക്ഷണ വകുപ്പ്**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 18.02.2025-ലെ AHD/814/2025 - E2 നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ലെ 4.85 -ാം നമ്പർ തീരുമാനവും (SRG/216/25)

വിഷയം:- ABC പദ്ധതിയുടെ ഭാഗമായി തെരുവുനായ്ക്കൾക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

സർക്കാരിന്റെ 23.08.2022-ലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ABC പദ്ധതിയുടെ ഭാഗമായി തെരുവുനായ്ക്കളെ പിടികൂടി സെന്ററിൽ എത്തിച്ച് സർജറിക്കുശേഷം തിരികെ പിടികൂടിയ സ്ഥലത്ത് വിടുന്നതിന് 300 രൂപ ഡോഗ് കാച്ചേഴ്സിന് നൽകാം. ഇതിന് പുറമെ വാഹന കൂലി ഇനത്തിൽ 200 രൂപയും നൽകാം. എന്നാൽ ABC സെന്ററുമായുള്ള ദൂരം കൂടുതലായതിനാലും ഉയർന്ന വാടക കാരണവും ഡോഗ് കാച്ചർമാർ ജോലിയിൽ നിന്നു വിട്ടു നിൽക്കുന്നു. അതിനാൽ ABC കേന്ദ്രം സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത്/നഗരസഭയിൽ നിന്ന് നായയെ പിടിക്കുമ്പോൾ വാഹന കൂലി 200 രൂപയായി നിലനിർത്തി മറ്റു ഗ്രാമപഞ്ചായത്ത്/ നഗരസഭയിൽ പോയി നായയെ പിടിക്കുന്നതിന് വാഹനകൂലി 400 രൂപയായി വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്.

തീരുമാനം:- വാഹനകൂലി കിലോ മീറ്ററിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് സ്ലാബ് നിശ്ചയിച്ചു നൽകാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. ഇത് നിശ്ചയിച്ച് നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് |

**4.48 പനങ്ങാട് ഗ്രാമപഞ്ചായത്ത്**

_കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.02.2025-ലെ കത്തും പനങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.01.2025-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/167/25 - CC/88/2025)

വിഷയം:- വയോജനങ്ങൾക്കായി റേഡിയോ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 73/25 | അടങ്കൽ | 50,000 രൂപ<br>(വികസനഫണ്ട് - ജനറൽ) |
| *പേര്* | *വയോജനങ്ങൾക്ക് റേഡിയോ* | |

കിടപ്പിലായ രോഗികൾക്കും പ്രായാധിക്യം മൂലം വീടിന് പുറത്ത് പോകാൻ കഴിയാത്തവർക്കും മാനസിക ആരോഗ്യത്തിനും ഉല്ലാസത്തിനുമായി റേഡിയോ വാങ്ങി നല്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ആവശ്യം നിരസിച്ചു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.49 <u>വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.01.2025-ലെ A2/100/2025-ാം (SRG/260/25) LSGD/FM2/34/2025/LSGD

വിഷയം:- ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച്

വണ്ടൂർ താലൂക്കാശുപത്രിയോട് ചേർന്ന് ഒരു ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം 2025 ഏപ്രിൽ മാസത്തോടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഈ സെന്ററിലേയ്ക്ക് ടെക്നീഷ്യന്മാർ, സ്റ്റാഫ് നേഴ്സ്, ക്ലീനിംഗ് സ്റ്റാഫ്, കോഓർഡിനേറ്റർ എന്നിവർക്കുള്ള വേതനം മരുന്ന്, മെഷീനറി മെയിന്റനൻസ് എന്നിവയ്ക്കായി ഒരു കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനായി വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്നും തനതു ഫണ്ടിനത്തിൽ 10.00 ലക്ഷം രൂപ വീതവും വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് തനത് ഫണ്ടിനത്തിൽ 10.00 ലക്ഷം രൂപയും എല്ലാ വർഷവും അനുവദിക്കുന്നതിന് അനുമതി സംബന്ധിച്ച്.

തീരുമാനം:-

1) മരുന്ന്, മെഷീനറികളുടെ അറ്റകുറ്റപ്പണി, കിറ്റ് അടക്കമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിന് ആവശ്യമനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് അനുവദനീയമായ വിഹിതം ഉപയോഗിക്കാവുന്നതാണ്. ഇതിനായി ആവശ്യമനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്കും വിഹിതം നൽകാൻ അനുമതി നൽകുന്നു.
2) ഡയാലിസിസ് രോഗികൾക്ക് 4000 രൂപ വീതം പ്രതിമാസം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാൻ നിലവിൽ അനുമതിയുണ്ട്. ഈ വിഹിതം താലൂക്ക് ആശുപത്രി/ ഡയാലിസിസ് യൂണിറ്റിൽ HMC മുഖേന വാങ്ങി ഈ തുക ഉപയോഗിച്ച് ടെക്നീഷ്യൻ അടക്കമുള്ളവരുടെ വേതനം നൽകുന്ന രീതി സ്വീകരിക്കാവുന്നതാണ്. ഒപ്പം സാമ്പത്തികശേഷിയുള്ളവരിൽ നിന്ന് കുറഞ്ഞ നിരക്കിൽ ഡയാലിസിസിന് ഫീ ഈടാക്കാവുന്ന താണ്. ഈ രിതിയിൽ സ്വന്തമായി വരുമാനം കണ്ടെത്തുന്ന റവന്യൂ മോഡൽ സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം സംഭാവന കൂടി കണ്ടെത്താനും നടപടി സ്വീകരിക്കണം. ഈ രീതിയിൽ ഫണ്ട് കണ്ടെത്തിയതിനുശേഷവും തുക ആവശ്യമായി വന്നാൽ ബാക്കി തുക മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ചെലവഴിക്കാവൂ എന്നു നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**4.50 <u>മൂന്നാർ ഗ്രാമപഞ്ചായത്ത്</u>**

ബഹു.ദേവികുളം എം.എൽ.എ യുടെ 10.04.2025-ലെ കത്തും മൂന്നാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.02.2025-ലെ 24(1) -ാം നമ്പർ തീരുമാനവും (SRG/323/25)

വിഷയം:- തോട്ടം മേഖലയിലെ പൊതുവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്

സർക്കാരിന്റെ 15.09.2022-ലെ 2250/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം എസ്റ്റേറ്റ് പ്രദേശത്ത് ലയങ്ങളിൽ താമസിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ അനുമതിയുണ്ട്. മൂന്നാർ ഗ്രാമപഞ്ചായത്തിലെ 9,10 വാർഡുകളിലെ M.G. നഗർ, ന്യൂ നഗർ, ലക്ഷം നഗർ, രാജീവ് ഗാന്ധി നഗർ, സെറ്റിൽമെന്റ് നഗർ എന്നിങ്ങനെയുള്ള 5 നഗറുകളിലെ പൊതു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് അനുവദിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ആവശ്യം നിരസിച്ചു. അർഹതയുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ കൂടാതെ എസ്റ്റേറ്റ് ലയങ്ങളിൽ താമസിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ടവർക്കു കൂടി ലാപ് ടോപ് നൽകാമെന്ന മുൻ നിർദ്ദേശം പാലിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.51 <u>ദേവികുളം ഗ്രാമപഞ്ചായത്ത്</u>**

ദേവികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.07.2024-ലെ കത്തും ദേവികുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.06.2024 -ലെ 5(15)-ാം നമ്പർ തീരുമാനവും സർക്കാരിന്റെ 05.10.2024, 11.03.2024 എന്നീ തീയതികളിലെ LSGD- DA2/110/2024 - LSGD നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ ക്രമനമ്പർ 4.32-ാം നമ്പർ തീരുമാനവും (SRG/902/24, SRG/318/25)

വിഷയം:- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗത്തിലുംപെട്ട വയോജനങ്ങൾക്ക് ബെഡ് വാങ്ങി നൽകുന്നതു സംബന്ധിച്ച്

ജനറൽ വിഭാഗത്തിലെ വയോജനങ്ങൾക്ക് ബെഡ് വാങ്ങി നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം:- എല്ലാവിഭാഗത്തിലുംപ്പെട്ട 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ ക്രമനമ്പർ 4.32 തീരുമാനത്തിൽ പറയുന്ന നിബന്ധനയോടെ ഒരു പ്രാവശ്യം മാത്രം ബെഡ് വാങ്ങി നൽകാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.52 <u>തിരുവനന്തപുരം ജില്ലാപഞ്ചായത്ത്</u>**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.03.2025, 20.02.2025 എന്നീ തീയതികളിലെ കത്തുകളും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 06.11.2024-ലെ 2(11)-ാം നമ്പർ തീരുമാനവും (SRG/264/25 - cc/77/2025)

വിഷയം:- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് അപ്രന്റീസ്ഷിപ്പ് സ്റ്റൈപന്റ് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിചയം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതിയുണ്ട്. യോഗ്യത അനുസരിച്ച് രണ്ട് വർഷക്കാലത്തേയ്ക്ക് ജില്ലാപഞ്ചായത്തിലേയും നഗരഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് തൊഴിൽ പരിചയം നേടുന്നതിന് ഇവരെ നിയോഗിക്കാവുന്നത്. ഇതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും താഴെപറയുന്ന നിരക്കിൽ ഇവർക്ക് സ്റ്റൈപന്റ് നല്കാം. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ഓണറേറിയം പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റിനേക്കാൾ കുറവായതിനാൽ ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭിക്കുന്നില്ല എന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. അതിനാൽ പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സ്റ്റൈപന്റ് ഏകീകരിക്കണമെന്നതു സംബന്ധിച്ച് .സ്റ്റൈപന്റിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | യോഗ്യത | തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സ്റ്റൈപന്റ് | പട്ടികജാതി വികസന വകുപ്പ് നൽകുന്ന സ്റ്റൈപന്റ് |
|---|---|---|---|
| 1 | BSC നേഴ്സിംഗ് (അലോപ്പതി, ആയുർവേദം) | 10,000 | 18,000 |
| 2 | ജനറൽ നേഴ്സിംഗ് | 8,000 | 15,000 |
| 3 | M LT, ഫാർമസി, റേഡിയോഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യതയുള്ളവർ | 8,000 | 12,000 |
| 4 | എഞ്ചിനീയറിംഗ് | 10,000 | 18,000 |
| 5 | പോളിടെക്നിക്ക് (ഡിപ്ലോമ ഇൻ എഞ്ചിനീയറിംഗ് ) | 8,000 | 15,000 |
| 6 | ITI | 7,000 | 10,000 |
| 7 | അംഗീകൃത തെറാപ്പിസ്റ്റുകൾ | 10,000 | -- |
| 8 | DMLT - D ഫാം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 7,000 | 12,000 |
| 9 | സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് | 7,000 | -- |

തീരുമാനം:- പട്ടികജാതി വികസന വകുപ്പിന്റെ ഇതു സംബന്ധിച്ച ഉത്തരവു സഹിതം ഇതിന്മേൽ റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന വകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.53 കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്

തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 05.03.2025, 20.02.2025 എന്നീ തീയതികളിലെ കത്തുകളും (4 എണ്ണം) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21.02.2025-ലെ BP3/271/2024/KMR നമ്പർ കത്തും കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 08.10.2024-ലെ BP3/273/24/KMR നമ്പർ കത്തും. കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 09.09.2024-ലെ 2(13) നമ്പർ തീരുമാനവും (SRG/265/25 - CC/97/25)

വിഷയം:- ഫിറ്റ്നസ് ട്രെയിനറെ നിയമിക്കുന്നത് സംബന്ധിച്ച്

| പ്രോ.നം. | അടങ്കൽ | 3,00,500 രൂപ |
|---|---|---|
| 23/25 | | വികസനഫണ്ട്- ജനറൽ |
| *പേര്:-* | *വനിതാ ഹെൽത്ത് ക്ലബ്* | |

കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് 2024-25 വർഷം കേശവപുരം സി.എച്ച്.സി. പള്ളിക്കൽ സി.എച്ച്.സി. എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുള്ള ഫിറ്റ്നസ് സെന്ററുകളിലേയ്ക്ക് ഫിറ്റ്നസ് ട്രെയിനർമാരെ നിയമിച്ച് പരിശീലനം നൽകി. 2020-21 ലാണ് ഈ പ്രോജക്ട് ആരംഭിച്ചത്. ട്രെയിനർക്ക് 7000 രൂപയാണ് വേതനമായി നൽകുന്നത്. എന്നാൽ 2023-24 വർഷം നടന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ വേളയിൽ ഓണറേറിയം ഇനത്തിൽ വരുത്തിയ ചെലവ് തടസ്സപ്പെടുത്തി. അതിനാൽ 2024-25 വർഷം ഫിറ്റ്നസ് ട്രെയിനറെ നിയമിച്ചുവെങ്കിലും വേതനം നൽകിയിട്ടില്ല. ഇവർക്ക് 2024-25 വർഷം നൽകേണ്ട വേതനം നൽകാനും തുടർന്നുള്ള വർഷങ്ങളിൽ പ്രോജക്ട് നടപ്പാക്കാനും അനുമതി സംബന്ധിച്ച്

തീരുമാനം:- ട്രെയിനർമാർക്ക് 2024-25 വർഷത്തെ വേതനം നൽകാൻ അനുമതി നൽകുന്നു. ഇനി മുതൽ യൂസർ ഫീ പോലെ ഫീസ് ഈടാക്കി സ്വന്തമായി വരുമാനം കണ്ടെത്തി വേണം വേതനം നൽകാനുള്ള തുക കണ്ടെത്തേണ്ടതെന്ന് നിർദ്ദേശിക്കുന്നു. തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം ഇതിനായി ഉപയോഗിക്കാവുന്നതല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.54 <u>തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്</u>**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.03.2025 ലെ കത്തും തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.02.2025 ലെ 1(4) -ാം നമ്പർ തീരുമാനവും (SRG/269/25 – CC/110/25)

വിഷയം:- അതിദരിദ്ര കുടുംബത്തിൽപ്പെട്ടവർക്ക് ആട് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 331/25 | അടങ്കൽ | 48,000 രൂപ |
| | | വികസനഫണ്ട്- ജനറൽ |
| *പേര്:-* | *അതിദരിദ്രർക്ക് പെണ്ണാട് വിതരണം* | |

അതിദരിദ്ര കുടുംബത്തിന് 4 പെണ്ണാടുകളെയും 6 മാസത്തെ തീറ്റയും പാത്രവും നൽകുന്നതിന് അനുമതി സംബന്ധിച്ച്.

തീരുമാനം:- അതിദരിദ്ര കുടുംബമായതിനാൽ അനുമതി നൽകുന്നു. ആടിനെ വളർത്താനുള്ള ഷെഡ് ഇല്ലെങ്കിൽ അതിനുള്ള ധനസഹായം കൂടി നൽകണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.55 <u>നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്</u>**

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.03.2025-ലെ കത്തും അനുബന്ധരേഖകളും (SRG/271/25 – cc/40/2025)

വിഷയം:- കുടുംബശ്രീ വനിതാ ഗ്രൂപ്പ് അംഗങ്ങൾക്ക് പശുവിനെ വാങ്ങാൻ നൽകിയ തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് പോയതിനാൽ ഗുണഭോക്താവിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 247/24 | അടങ്കൽ | 16,20,000 രൂപ |
| | | വികസനഫണ്ട്- ജനറൽ |
| *പേര്:-* | *കുടുബശ്രീ വനിതാ ഗ്രൂപ്പ് അംഗങ്ങൾക്ക് പശു വിതരണം* | |

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ 27 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കറവപശുവിനെ വിതരണം ചെയ്യുന്നതിന് 2023-24 വർഷം പ്രോജക്ട് എടുത്തിരുന്നു. ഗുണഭോക്താക്കൾക്ക് പശുക്കളെ നൽകിയവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും സബ്സിഡി തുകയായ 60,000 രൂപ വീതം നൽകി. എന്നാൽ ബാങ്ക് അക്കൗണ്ടിലെ പിശകു മൂലം ശ്രീമതി. മോഹിനി.ഇ.എൻ, കരടിമാട് ഹൗസ്, നൂൽപ്പുഴ എന്ന ഗുണഭോക്താവിന് കറവപശുവിനെ ലഭ്യമാക്കിയ ശ്രീ. ഉണ്ണികൃഷ്ണൻ, ഇല്ല്യമ്പത്ത് വീട്, പാക്കം എന്ന വ്യക്തിക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ട്രഷറി വഴി തുക നൽകിയെങ്കിലും സർക്കാർ അക്കൗണ്ടിലേയ്ക്കാണ് ധനസഹായ തുകയായ 60,000 രൂപ വരവു വച്ചത്. ഈ തുക 2024-25 വർഷമോ, 2025-26 വർഷമോ ഗുണഭോക്താവിന് നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ഈ തുക സർക്കാർ അക്കൗണ്ടിലേയ്ക്കാണ് വരവു വച്ചതെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ തുക നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.56 <u>കൈപ്പറമ്പ ഗ്രാമപഞ്ചായത്ത്</u>**

_തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.03.2025-ലെ കത്തും അനുബന്ധരേഖകളും (SRG/273/25 – cc/90/2025)

വിഷയം:- ലൈഫ് ഗുണഭോക്താവിന് നൽകിയ തുക സർക്കാർ അക്കൗണ്ടിലേക്ക് വരവു വച്ചതിനാൽ ഗുണഭോക്താവിന് തുക പ്രത്യേകമായി അനുവദിക്കുന്നത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി. ക്ലാര ഫ്രാൻസിസ്, ചിറ്റാട്ടുകര വീട് എന്ന വ്യക്തിക്ക് രണ്ട് ഗഡുക്കളായി 1.00 ലക്ഷം രൂപ, 60,000 രൂപ വീതം അനുവദിച്ചിരുന്നു. ബാങ്ക് അക്കൗണ്ടിൽ പിശക് വന്നതിനാൽ ഇത് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ വരവു വയ്ക്കുന്നതിന് പകരം സർക്കാർ അക്കൗണ്ടിലേയ്ക്ക് വരവ് വച്ചു. ഇത് തൃശ്ശൂർ ജില്ലാ ട്രഷറി ഓഫീസർ 31.08.2024 ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ തുക വീണ്ടും അനുവദിച്ച് നൽകണമെന്ന് ശ്രീമതി. ക്ലാര ഫ്രാൻസിസ് നവകേരള സദസ്സിൽ ബഹു. മുഖ്യമന്ത്രിക്ക് അപേക്ഷ നൽകിയിരുന്നു. ഈ തുക ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിക്കായി മാറ്റി വച്ച വിഹിതത്തിൽ നിന്ന് അനുവദിക്കണമെന്നതു സംബന്ധിച്ച്

തീരുമാനം:-

1) ഗുണഭോക്താവിന് രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച രണ്ട് ഗഡുക്കൾ സർക്കാരിന്റെ അക്കൗണ്ടിലേയ്ക്ക് വരവു വയ്ക്കേണ്ടി വന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഗൗരവതരമായ വീഴ്ചയാണ്. ഈ തുക വീണ്ടും അനുവദിക്കണമെന്ന് നവകേരള സദസ്സിൽ ഗുണഭോക്താവ് 04.12.2023-ൽ പരാതിപ്പെട്ടിട്ടും ഈ തുക നൽകാൻ 15.02.2025-ൽ മാത്രമാണ് കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകാൻ ഗ്രാമപഞ്ചായത്ത് നടപടി ആരംഭിച്ചത്. രണ്ടാഴ്ചയ്ക്കകം പരാതി പരിഹരിക്കണമെന്ന് ജില്ലാ കളക്ടർ 16.12.2023-ൽ നിർദ്ദേശം നൽകിയതുമാണ്. ഈ വീഴ്ചകൾ പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് വിശദീകരണം ആരായാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.
2) ഈ തുക സർക്കാർ അക്കൗണ്ടിൽ വരവു വച്ചിട്ടുണ്ടെന്ന് തൃശ്ശൂർ ജില്ലാ ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിൽ ഈ തുക എത്രയും വേഗം ഗുണഭോക്താവിന് നൽകാൻ നിർദ്ദേശം നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.57 ആലപ്പുഴ ജില്ലാ പഞ്ചായത്ത് - മഹാദേവിക്കാട് പ്രിയദർശിനി മെമ്മോറിയൽ സംയോജിത കയർ വ്യവസായ സഹകരണസംഘം**

ബഹു. ഹരിപ്പാട് എം.എൽ.എയുടെ 01.05.2025-ലെ കത്തും മഹാദേവിക്കാട് പ്രിയദർശിനി മെമ്മോറിയൽ സംയോജിത കയർ വ്യവസായ സഹരണസംഘം പ്രസിഡന്റിന്റേയും സെക്രട്ടറിയുടെയും കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ലെ 4.28 -ാം നമ്പർ തീരുമാനവും (SRG/411/25).

വിഷയം:- സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് സാമ്പത്തിക സഹായം

| | | |
|---|---|---|
| *പ്രോ.നം: 196/25* | *അടങ്കൽ* | *2,80,000 രൂപ* |
| | *വികസന ഫണ്ട് ജനറൽ* | *1,40,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *1,40,000 രൂപ* |
| *പേര്* | *സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് സാമ്പത്തിക സഹായം* | |

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലുള്ള മഹാദേവിക്കാട് പ്രിയദർശിനി മെമ്മോറിയൽ സംയോജിത കയർ വ്യവസായ സഹകരണ സംഘത്തിന് സ്വന്തമായി സ്ഥലമില്ല. ഈ സംഘത്തിന് 4.80 സെന്റ് സ്ഥലം വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. സ്ഥലത്തിന്റെ വിലയായ 7.20 ലക്ഷം രൂപയിൽ പകുതി തുകയായ 3.60 ലക്ഷം രൂപ നൽകാൻ അനുമതി നൽകണമെന്ന് ആലപ്പുഴ ജില്ലാപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു വെങ്കിലും 27.03.2025 -ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയില്ല. എന്നാൽ കയർ സഹകരണസംഘങ്ങളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനഃപരിശോധിച്ച് ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കണമെന്നതു സംബന്ധിച്ച്

തീരുമാനം:- ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ (കാർത്തികപ്പള്ളി) ഉടമസ്ഥതയിൽ സ്ഥലം വാങ്ങാൻ ധന സഹായം നൽകാവുന്നതാണ്. ഇങ്ങനെ വാങ്ങുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന് നാമമാത്രമായ തുക ഈടാക്കി സംഘത്തിന് ലീസ് വ്യവസ്ഥയിൽ നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.58 കൈനകരി ഗ്രാമപഞ്ചായത്ത്**

കൈനകരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.12.2024-ലെ കത്തും കൈനകരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.05.2025-ലെ കത്തും (SRG/283/25)

വിഷയം:- ശുചിത്വ മിഷൻ വിഹിതമുപയോഗിച്ച് ഹരിത കർമ്മ സേനയ്ക്ക് വള്ളം വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

കുട്ടനാട് പ്രദേശത്തെ കൈനകരി ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 15 വാർഡുകളിൽ 8 വാർഡുകളിലും ജലമാർഗ്ഗമാണ് യാത്ര ചെയ്യുന്നത്. ഈ വാർഡുകളിൽ ഹരിതകർമ്മസേന അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവർത്തനം നടത്തുന്നത് വാടകയ്ക്ക് വള്ളമെടുത്താണ്. ഒരു മാസം ഇതിനായി 27,000 രൂപ ചെലവു വരുന്നുണ്ട്. വാടകയ്ക്ക് വള്ളമെടുക്കുന്നതിന് പകരമായി വള്ളം വാങ്ങാൻ ഉദ്ദേശിക്കുന്നു. എന്നാൽ ശുചിത്വ മിഷൻ വിഹിതമുപയോഗിച്ച് വള്ളം വാങ്ങാവുന്നതല്ല എന്ന് ശുചിത്വ മിഷൻ അറിയിച്ചിട്ടുണ്ട്. തനത് ഫണ്ട് കുറവായതിനാൽ SBM വിഹിതമുപയോഗിച്ച് വള്ളം വാങ്ങാൻ അനുമതി സംബന്ധിച്ച്. വള്ളത്തിന് ഏകദേശം 7 ലക്ഷം രൂപ ആകുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വള്ളം ഏതെങ്കിലും ഏജൻസി മുഖേന വാങ്ങാൻ കഴിയില്ല എന്നും വള്ളം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

തീരുമാനം:- വള്ളത്തിന്റെ അറ്റകുറ്റപ്പണിയടക്കമുള്ള ആവർത്തന ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കണമെന്നും വള്ളം തുഴയാൻ ഹരിത കർമ്മസേനയിലെ ഒരംഗത്തെ ഏൽപ്പിക്കണമെന്നുമുള്ള നിബന്ധനയോടെ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ് |

**4.59 കൊല്ലം കോർപ്പറേഷൻ**

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15.02.2025 -ലെ 4446/CC/2019/ ലൈഫ് (1) -ാം നമ്പർ കത്ത് (SRG/406/25)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

കൊല്ലം നഗരസഭയിലെ അയത്തിൽ സ്നേഹ നഗർ 146, പൂവാനിശ്ശേരി വീട്ടിൽ ശ്രീമതി. രമണി 2017-ലെ ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ലൈഫ് അർഹതാ മാനദണ്ഡ പ്രകാരം പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ളവരെ ഒരു കുടുംബമായി പരിഗണിച്ച് അതിലാർക്കെങ്കിലും വാസയോഗ്യമായ വീടുണ്ടെങ്കിൽ ഭവന നിർമ്മാണാനുകൂല്യം നൽകുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മാനസിക വെല്ലുവിളി നേരിടുന്ന മകനുൾപ്പെടുന്ന ശ്രീമതി രമണിയുടെ കുടുംബത്തിന് ഈ മാനദണ്ഡത്തിൽ ഇളവ് അനുവദിച്ച് നൽകണമെന്ന് ലൈഫ് മിഷൻ കൊല്ലം ജില്ലാ കോഓർഡിനേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണാനുകൂല്യത്തിന് ഈ കുടുംബത്തെ പരിഗണിക്കണമെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ഗുണഭോക്താവിന് വീട് നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- റേഷൻ കാർഡിലെ മറ്റൊരംഗത്തിന് വീട് ലഭിച്ചത് ലൈഫ് ഭവന പദ്ധതിയിലല്ല എന്നതും കുടുംബനാഥയ്ക്ക് മാനസിക വെല്ലുവിളി നേരിടുന്ന മകനുണ്ട് എന്നതും പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.60 <u>കൊല്ലം കോർപ്പറേഷൻ</u>**

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15.02.2025 –ലെ 4446/CC/2019/ ലൈഫ് (2) –ാം നമ്പർ കത്ത് (SRG/407/25)

വിഷയം:– ലൈഫ് ഭവന പദ്ധതി പ്രകാരം വീടു നൽകുന്നത് സംബന്ധിച്ച്.

കൊല്ലം നഗരസഭയിലെ 2017–ലെ ലൈഫ് ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ കൊല്ലം അംബേദ്കർ നഗറിലെ ശ്രീമതി. കനകബാബു ഉൾപ്പെട്ടിട്ടുണ്ട്. കുടുംബ റേഷൻ കാർഡിലാണ് ഈ വ്യക്തിയുടെ പേര് ഉൾപ്പെട്ടിരുന്നത്. റേഷൻ കാർഡിൽ ഉൾപ്പെട്ട മറ്റൊരംഗത്തിന് വീടുള്ളതിനാൽ ശ്രീമതി. കനകബാബുവിനെ ഭവനനിർമ്മാണാനുകൂല്യത്തിന് പരിഗണിക്കുവാൻ സാധിക്കുകയില്ല. അപേക്ഷകയുടെയും ഭർത്താവിന്റേയും മകന്റേയും പേരുകൾ ഉൾപ്പെടുത്തി പുതിയ റേഷൻകാർഡ് എടുത്തിട്ടുണ്ട്. ഇവർ പൊതുവിഭാഗത്തിൽപ്പെട്ട കുടുംബമാണ്. പ്രമേഹ രോഗിയായ ഭർത്താവും മാനസിക വെല്ലുവിളി നേരിടുന്ന മകനും ഉൾപ്പെടുന്ന ഈ കുടുംബത്തിന് സ്വന്തമായി ഭൂമിയോ വീടോ ഇല്ല. ഈ കുടുംബത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ശ്രീമതി.കനകബാബു വിനെയും കുടുംബത്തിനേയും ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് പരിഗണിക്കാവുന്നതാണെന്ന് ലൈഫ് മിഷൻ കൊല്ലം ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലവും വീടും നൽകുന്നത് സംബന്ധിച്ച്.

തീരുമാനം:– റേഷൻ കാർഡിലെ മറ്റൊരംഗത്തിന് വീട് ലഭിച്ചത് ലൈഫ് ഭവന പദ്ധതിയിലല്ല എന്നതും കുടുംബനാഥയ്ക്ക് മാനസിക വെല്ലുവിളി നേരിടുന്ന മകനുണ്ട് എന്നതു പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.61 <u>ആലക്കോട് ഗ്രാമപഞ്ചായത്ത്</u>**

ബഹു.ഇരിക്കൂർ എം.എൽ.എയുടെ 11.02.2025–ലെ 766/IKR/2025–ാം നമ്പർ കത്തും ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.01.2025–ലെ 21.02.2025–ാം നമ്പർ തീരുമാനവും ശ്രീമതി.ബീന ജിജി, പാറേക്കാട്ടിൽ ആലക്കോട്. പി.ഒ യുടെ 22.01.2025–ലെ കത്തും (SRG/347/25)

വിഷയം:– ഐ.എ.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച വീടു വിറ്റതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു ലഭിച്ച ധനസഹായം തിരികെ അടക്കുന്നതിൽ നിന്നൊഴിവാക്കുന്നത് സംബന്ധിച്ച്.

ആലക്കോട് ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി. ബീന ജിജി, പാറേക്കാട്ടിൽ, ആലംകോട് പി.ഒ എന്ന വ്യക്തിക്ക് 2013 –14 വർഷം ഐ.എ.വൈ. പദ്ധതി പ്രകാരം 2.00 ലക്ഷം രൂപ വീട് നിർമ്മാണത്തിന് ധനസഹായം ലഭിച്ചു. ലോൺ കൂടി എടുത്താണ് വീട് നിർമ്മാണം പൂർത്തിയാക്കിയത്. കടുത്ത സാമ്പത്തിക ബാധ്യത വന്നതിനാൽ വീട് വിറ്റു. ഐ.എ.വൈ പദ്ധതി പ്രകാരമുള്ള വീട് ആയതിനാൽ ധനസഹായമായി ലഭിച്ച 2.00 ലക്ഷം രൂപയും പലിശയിനത്തിൽ 3,46,300 രൂപയും അടക്കം 5,46,300 രൂപ തിരികെ ലഭിക്കാൻ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ തുക തിരികെ അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്നതു സംബന്ധിച്ച്. ഇപ്പോൾ ഈ കുടുംബം 15 ലക്ഷം രൂപ വിവിധ ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത് 10 സെന്റ് സ്ഥലത്ത് വീട് നിർമ്മിച്ചിട്ടുണ്ടെന്നും അപേക്ഷക ന്യൂറോ സംബന്ധമായ രോഗിയാണെന്നും അറിയിച്ചിട്ടുണ്ട്.

തീരുമാനം:– 1) ധനസഹായമായി ലഭിച്ച തുകയും പലിശയും തിരികെ അടയ്ക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരിക്കുന്നത് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്താണ്. തുകയിൽ ഇളവ് നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടില്ല എന്ന് യോഗം വിലയിരുത്തി. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് തുക തിരികെ അടയ്ക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്ത് അറിയിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.62 മുണ്ടക്കയം ഗ്രാമപഞ്ചായത്ത്**

മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.02.2025-ലെ കത്ത് (SRG/284/25)

വിഷയം:- ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടറെ നിയമിക്കുന്നത് സംബന്ധിച്ച്

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കുടുംബാരോഗ്യകേന്ദ്രം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതാണ്. ഗ്രാമപഞ്ചായത്തിന് സ്വന്തമായി FHC ഇല്ല. അതിനാൽ രാത്രി സേവനത്തിന് (ഉച്ചകഴിഞ്ഞ്) ബ്ലോക്ക് പഞ്ചായത്തിന്റെ FHC യിലേയ്ക്ക് ഒരു ഡോക്ടറെ നിയമിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ഇത് സംബന്ധിച്ച് കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ റിപ്പോർട്ട് കൂടി ഉൾപ്പെടുത്തി നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.63 അഴുത ബ്ലോക്ക് പഞ്ചായത്ത്**

ബഹു. പീരുമേട് എം.എൽ.എ.യുടെ 15.03.2025-ലെ MLAPMD/135/2025-ാം നമ്പർ കത്തും അഴുത ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13.03.2025-ലെ (1) -ാം നമ്പർ തീരുമാനവും പീരുമേട് താലൂക്കാശുപത്രി സൂപ്രണ്ടിന്റെ 14.03.2025-ലെ 670/2025-ാം നമ്പർ കത്തും (SRG/307/25)

വിഷയം:- പീരുമേട് താലൂക്കാശുപത്രിയിൽ അഴുത ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് അധികമായി ജീവനക്കാരെ നിയമിച്ചതിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച്

പീരുമേട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ 2022 നവംബർ മുതൽ മെറ്റേർനിറ്റി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാൽ ഇവിടെ 6 സ്റ്റാഫ് നേഴ്സ്, 5 അറ്റൻഡർ എന്നിവർ ഉൾപ്പെടെ 17 സ്റ്റാഫിനെ താൽകാലികാടിസ്ഥാനത്തിൽ അഴുത ബ്ലോക്കിൽ നിന്ന് 2022 നവംബർ മുതൽ നിയമിച്ചിട്ടുണ്ട്. സംസ്ഥാന ലോക്കൽഫണ്ട് ഓഡിറ്റ് വിഭാഗം 2025 ഫെബ്രുവരിയിൽ നടത്തിയ പരിശോധനയിൽ ഇതിന്മേൽ കുറിപ്പെഴുതി ബാധ്യത രേഖപ്പെടുത്തി സർക്കാർ സാധൂകരണം വാങ്ങേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ ഇവരുടെ നിയമനത്തിന് മുൻകാല പ്രാബല്യത്തോടെ സാധൂകരണം നൽകണമെന്നു സംബന്ധിച്ച് .

തീരുമാനം:-

1) 2022 നവംബർ മുതൽ അധിക സ്റ്റാഫിനെ നിയമിച്ചതിന് ഓഡിറ്റ് കുറിപ്പുള്ളതിനാൽ സാധൂകരണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകാൻ നിർദ്ദേശിക്കുന്നു.സ്റ്റാഫിന്റെ കുറവ് നികത്തുന്ന കാര്യം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു
2) ഈ ആശുപത്രിയുടെ പ്രധാന ഗുണഭോക്താക്കൾ എസ്റ്റേറ്റ് തൊഴിലാളികളാണ് എന്നത് പരിഗണിച്ച് ഇനി മുതൽ രണ്ട് ഡോക്ടറെയും രണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെയും (മാർഗ്ഗരേഖ പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിരിക്കുന്നത് ) നിയമിക്കുന്നതിന് അനുമതി നൽകുന്നു. ഡോക്ടറെ ആവശ്യമില്ലെങ്കിൽ അതേ എണ്ണത്തിൽ നേഴ്സിനെ കൂടി നിയമിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എ.എ/ഡി.എ) വകുപ്പ് |

**4.64 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2025-ലെ DPTvpm president/88/2025-ാം നമ്പർ കത്തും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 21.01.2025-ലെ 7(8)-ാം നമ്പർ തീരുമാനവും. (SRG/281/25)

വിഷയം:- തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് ലഭിച്ച അവാർഡ് തുക ഉപയോഗിച്ച് ബഡ്സ് സ്കൂളിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് വിവിധ വർഷങ്ങളിലായി ലഭിച്ച അവാർഡ് തുകയിൽ 1.50 കോടി രൂപ ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ബഡ്സ് സ്കൂളുകൾക്കും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾക്കും വാഹനം വാങ്ങി നൽകാനായി 2024-25 വർഷം പ്രോജക്ട് എടുക്കുകയും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖയിൽ ബഡ്സ് സ്കൂളുകൾക്കും BRC കൾക്കും വാഹനം സ്വന്തമായി വാങ്ങുന്നതിന് പകരം വാടകയ്ക്കെടുക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഈ പ്രോജക്ടിന് സർക്കാർ അനുമതി നൽകണമെന്ന കുറിപ്പോടെ വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചു. ഈ സാഹചര്യത്തിൽ ഈ തുക ഉപയോഗിച്ച് ഇത്തരം സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം:- വാഹനം വാടകയ്ക്കെടുക്കുന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലാഭകരം എന്നതിനാൽ വാഹനം വാങ്ങി നൽകേണ്ടതില്ല. ആവശ്യം നിരസിച്ചു. എന്നാൽ ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**4.65 ആറളം ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.05.2025-ലെ കത്തും ആറളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.06.2025-ലെ SC1/725/25-ാം നമ്പർ കത്തും (SRG/450/25 – CC/135/25)

വിഷയം:- വന്യമൃഗശല്യം തടയാൻ സൗരവേലി സ്ഥാപിക്കുന്നതിന് ഗുണഭോക്തൃ വിഹിതം ഒഴിവാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 408/25* | *അടങ്കൽ* | *36,00,000 രൂപ* |
| | *വികസന ഫണ്ട് (TSP)* | *16,00,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *20,00,000 രൂപ* |
| *പേര്* | *ആറളം പട്ടിക വർഗ്ഗ പുനരധിവാസ മേഖലയിൽ വന്യമൃഗശല്യം തടയുന്നതിന് സൗരവേലി സ്ഥാപിക്കൽ* | |

വന്യമൃഗശല്യം തടയുന്നതിന് സൗരവേലി സ്ഥാപിക്കുന്നതിന് 2024-25 വർഷം എടുത്ത പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട് (പ്രോ.നം.312/26). മാർഗ്ഗരേഖ പ്രകാരം 50 ശതമാനം ഗുണഭോക്തൃ വിഹിതം കൂടി ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പാക്കേണ്ടത്. ആറളം ഫാം പട്ടികവർഗ്ഗ പുനരധിവാസ മേഖലയാണ്. കാട്ടാന ശല്യം ഇവിടെ രൂക്ഷമാണ്. സൗരവേലിയുടെ ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് എന്നതിനാൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കി ഹാങ്ങിംഗ് സോളാർ ഫെൻസിംഗിന് ആവശ്യമായ മുഴുവൻ തുകയും ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരുടെ (പുനരധിവാസ മേഖല) സ്ഥലത്തിനും വനമേഖലയ്ക്കും മദ്ധ്യേയുള്ള പട്ടികവർഗ്ഗ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സൗരവേലി സ്ഥാപിക്കുന്നത്

ഇപ്പോൾ വകയിരുത്തിയിരിക്കുന്ന വിഹിതം ഉപയോഗിച്ച് 3.6 കിലോമീറ്റർ ദൂരത്തിൽ മാത്രമേ സൗരവേലി സ്ഥാപിക്കാൻ കഴിയൂ എന്നും 5.2 കിലോമീറ്റർ നീളത്തിൽ വേലി സ്ഥാപിച്ചാലെ ജനവാസ മേഖലയിലേയ്ക്ക് ആന കടക്കുന്നത് തടയാൻ കഴിയൂ എന്നുമറിയിച്ചിട്ടുണ്ട്. ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 20.00 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി ആകെ അടങ്കൽ 56.00 ലക്ഷമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തുക അനെർട്ടിന് ഡെപ്പോസിറ്റ് ചെയ്താണ് നടപ്പാക്കുന്നത്. ഇവിടെ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കണമെന്ന് ജില്ലാ കളക്ടറും നിർദ്ദേശിച്ചിട്ടുണ്ട്. ഫെൻസിംഗിന്റെ പരിപാലന ചുമതല വനം വകുപ്പിനെയാണ് ഏല്പിക്കുന്നത്. ഗുണഭോക്തൃ വിഹിതം ഒഴിവാക്കി ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- (1) ഇതിന്റെ മുഴുവൻ ഗുണഭോക്താക്കളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായതിനാലും നിർമ്മാണം പട്ടിക വർഗ്ഗ വകുപ്പിന്റെ സ്ഥലത്തായതിനാലും ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

(2) ഈ പ്രദേശത്തെ വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ ഫെൻസിംഗ്/കിടങ്ങ് നിർമ്മാണം നടത്തുന്നുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ഇപ്രകാരം സർക്കാർ നടപ്പാക്കുന്ന പദ്ധതിയുമായി ഇരട്ടിപ്പുണ്ടാകുന്നില്ല എന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പാക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.66 നെല്ലായ ഗ്രാമപഞ്ചായത്ത്

നെല്ലായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.01.2025-ലെ 400760/HSPC - 01/GPO/2025-26/46(1) -ാം നമ്പർ കത്തും നെല്ലായ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.02.2023-ലെ 6(1) -ാം നമ്പർ തീരുമാനവും ലൈഫ് മിഷൻ പാലക്കാട് ജില്ലാ കോഓർഡിനേറ്ററുടെ 13.02.2025 -ലെ LM/304/2024-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/319/25)

വിഷയം:- ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

നെല്ലായ ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) പ്രകാരം വിവിധ ഗഡുക്കൾ കൈപ്പറ്റിയത്/വീട് വയ്ക്കാൻ സജ്ജരായ 45 ഗുണഭോക്താക്കളിൽ 23 കുടുംബങ്ങൾ MIS ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ഇവർക്ക് വീട് വച്ചു നൽകാനുള്ള നടപടി 2022-23-ൽ ഗ്രാമപഞ്ചായത്ത് ആരംഭിച്ചു. ഇതിൽ 9 കുടുംബങ്ങൾക്ക് ഗഡുക്കൾ കൈമാറി നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 11 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടു. 3 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ ഈ കുടുംബങ്ങൾ 2020 ലെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. അതിനാൽ ഇവർക്ക് സംസ്ഥാനവിഹിതം, ലോൺ വിഹിതം എന്നിവ ലഭിക്കില്ല. ഒപ്പം തുടർന്നുള്ള ഗഡുക്കൾ നൽകാനും കഴിയില്ല. ഇവർ കരാറിലേർപ്പെട്ടത് പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച ലിസ്റ്റനുസരിച്ചാണ്. ഇവരുടെ ഭൗതിക സാഹചര്യം പരിശോധിച്ച് അർഹരാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കരാറിൽ ഏർപ്പെട്ടതെന്ന് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമനം | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | പദ്ധതി ആനുകൂല്യം ലഭിച്ചതിന്റെ/ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ |
|---|---|---|
| 1 | ശ്രീ. മണികണ്ഠൻ, മാത്തിൽപ്പടി | 3,40,000 രൂപ ലഭിച്ചു. 60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 2 | ശ്രീമതി.സുമതി, പണിയ്ക്കത്തൊടി | 2,40,000 രൂപ ലഭിച്ചു. 1,60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 3 | ശ്രീ. കുമാരൻ, കയ്യറം കുന്നത്ത് | 3,00,000 രൂപ ലഭിച്ചു. 1,00,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 4 | ശ്രീ. കുട്ടൻ, കയ്യറ കുന്നത്ത് | 3,40,000 രൂപ ലഭിച്ചു. 60,000 രൂപ കൂടി ലഭിക്കാനുണ്ട്. |

| | | |
|---|---|---|
| 5 | ശ്രീ. ചന്ദ്രൻ, കയ്യറ കുന്നത്ത് | 3,00,000 രൂപ ലഭിച്ചു. 1,00,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 6 | ശ്രുമതി. ലളിത, വരണമംഗലത്ത് | 3,40,000 രൂപ ലഭിച്ചു. 60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 7 | ശ്രീമതി.വള്ളി, മൂപ്പത്ത് കുന്നത്ത് | 40,000 രൂപ ലഭിച്ചു. 3,60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 8 | ശ്രീ. രാമൻ, കരുവന്നൂർപ്പടി | 40,000 രൂപ ലഭിച്ചു. 3,60,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 8 | ശ്രീമതി. ദീപ, മുല്ലപ്പറമ്പിൽ | 2,00,000 രൂപ ലഭിച്ചു.2,00,000 രൂപ കൂടി ലഭിക്കാനുണ്ട്. |
| 10 | ശ്രീമതി. സുമതി, പൊട്ടിക്കണ്ടത്തിൽ | ഗഡു ഒന്നും ലഭിച്ചില്ല |
| 11 | ശ്രീമതി. നീലി, മഠത്തിൽപ്പടി | ഗഡു ഒന്നും ലഭിച്ചില്ല |
| 12 | ശ്രീമതി. ലീല, ചെമ്മാട്ടുപടി | ഗഡു ഒന്നും ലഭിച്ചില്ല |
| 13 | ശ്രീമതി. ജാനകി, പനംകുറ്റിപ്പറമ്പിൽ | ഗഡു ഒന്നും ലഭിച്ചില്ല |
| 14 | ശ്രീമതി. ജാനു, കയ്യറകുന്നത്ത് | ഗഡു ഒന്നും ലഭിച്ചില്ല |
| 15 | ശ്രീമതി. ഉഷ, കയ്യറകുന്നത്ത് | ഗഡു ഒന്നും ലഭിച്ചില്ല |
| 16 | ശ്രീ. മണികണ്ഠൻ എന്ന കൃഷ്ണദാസൻ, കയ്യറകുന്നത്ത് | ഗഡു ഒന്നും ലഭിച്ചില്ല |
| 17 | ശ്രീമതി. ഉഷ, മഠത്തിൽപ്പടി | ഗഡു ഒന്നും ലഭിച്ചില്ല |
| 18 | ശ്രീമതി. ലീല, പാപ്പിനത്തൊടി | ഗഡു ഒന്നും ലഭിച്ചില്ല |
| 19 | ശ്രീമതി. കല്യാണി, ചെമ്മാട്ടുപടി | ഗഡു ഒന്നും ലഭിച്ചില്ല |
| 20 | ശ്രീമതി. സതി, മഠത്തിൽപ്പടി | ഗഡു ഒന്നും ലഭിച്ചില്ല |
| 21 | ശ്രീ. രാമൻ കയ്യറകുന്നത്ത് | ഭവന നിർമ്മാണം പൂർത്തിയായി. ആനുകൂല്യം പൂർണ്ണമായി ലഭിച്ചു. |
| 22 | ശ്രീമതി. അശ്വതി, മുല്ലപ്പറമ്പിൽ | ഭവന നിർമ്മാണം പൂർത്തിയായി. ആനുകൂല്യം പൂർണ്ണമായി ലഭിച്ചു. |
| 23 | ശ്രീമതി. ദീപ, രാജേഷ് മുല്ലപ്പറമ്പിൽ | ഭവന നിർമ്മാണം പൂർത്തിയായി. ആനുകൂല്യം പൂർണ്ണമായി ലഭിച്ചു. |

ഈ കുടുംബങ്ങളെ (23 കുടുംബങ്ങൾ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയതിനു സാധൂകരണവും മറ്റുള്ളവർക്ക് ആനുകൂല്യം നൽകാനും അനുമതി സംബന്ധിച്ച്

തീരുമാനം:- ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതും അവരുമായി എഗ്രിമെന്റ് വച്ചതും നിർവ്വഹണ ഉദ്യോഗസ്ഥരുടെ (വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടെയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും) ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി. ഇതു പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.67 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.05.2025-ലെ കത്തും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025-ലെ 7(2) -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/445/25 – CC/231/2025)

വിഷയം:- അമ്പലപ്പാറ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 86/26 | അടങ്കൽ | 6,00,000 രൂപ |
| | | (വികസനഫണ്ട് - ജനറൽ) |
| *പേര്:-* | അമ്പലപ്പാറ സാമൂഹ്യ ആരോഗ്യ കേന്ദ്രം- കിഡ്നി രോഗികൾക്ക് ഡയാലിസിസിനു ചികിത്സാ ധനസഹായം നൽകൽ | |

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് വൃക്കരോഗികൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് 2022-23, 2023-24, 2024-25 വർഷം നടപ്പാക്കിയിരുന്നു. 2022-23 വർഷം നടപ്പാക്കിയതിന് സാധൂകരണം നൽകിയിരുന്നു. 2023-24, 2024-25 വർഷം കോഓർഡിനേഷൻ കമ്മിറ്റി അനുമതിയോടെയാണ് നടപ്പാക്കിയത്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ഇതുവരെ 120 രോഗികൾക്ക് ധനസഹായം നൽകി. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് അനുസരിച്ചാണ് ധനസഹായം നൽകുന്നത്. ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ധനസഹായം നൽകുന്ന പ്രോജക്ട് 2025-26 വർഷവും തുടർന്നുള്ള വർഷവും നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മുൻവർഷങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഡയാലിസിസിനു ധനസഹായം നൽകുന്ന പ്രോജക്ട് നേരിട്ട് നടപ്പാക്കിയിരുന്നു എന്നതിനാൽ 2025-26 വർഷവും ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു. ധനസഹായം ആശുപത്രിക്ക് നേരിട്ടാണ് നൽകേണ്ടത്. 17.07.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചതു പോലെ ജില്ല/ ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിനു ലഭിച്ചാൽ ഇതു കൂടി ഉൾപ്പെടുത്തി വേണം ധനസഹായം നൽകേണ്ടത്. ഒപ്പം മാർഗ്ഗരേഖ പ്രകാരമുള്ള മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ട താണെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

യോഗം വൈകിട്ട് 5.00 മണിക്ക് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവർ**

1. ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (1)
5. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (2)
6. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
7. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
8. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
14. ഡയറക്ടർ, MGNREGS (പ്രതിനിധി)
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രതിനിധി)
16. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് ( പ്രതിനിധി)
18. ഡയറക്ടർ, ക്ഷീര വികസന വകുപ്പ് (പ്രതിനിധി)
19. മെമ്പർ സെക്രട്ടറി, K-DISC
20. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
21. ചീഫ് എഞ്ചിനീയർ, KSEB (പ്രതിനിധി)